# ജിഹാദും ശഹാദത്തും

ആയത്തുല്ലാ തലഗാനി

വിവർത്തനം

**സി. ഹംസ**

ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്

അരീക്കോട് - 673 639

## ഉള്ളടക്കം

പ്രസാധകക്കുറിപ്പ്

ആയത്തുല്ലാ തലഗാനി

ജിഹാദും ശഹാദത്തും

കുറിപ്പുകൾ

## പ്രസാധകക്കുറിപ്പ്

ആയത്തുല്ലാ സയ്യിദ് മഹ്മൂദ് തലഗാനി ഇറാൻ ഇസ്‌ലാമിക വിപ്ലവത്തിന്റെ സജീവ പോരാളിയും അതിന്റെ താത്വികരിൽ ഒരാളും പ്രമുഖനായ 'മുജ്ത്തഹിദു'മായിരുന്നു. ഇമാം ആയത്തുല്ലാ ഖുമൈനിയുടെ നേതൃത്വത്തിൽ ഇസ്‌ലാമിക വിപ്ലവം സജീവമായിക്കൊണ്ടിരുന്ന ഘട്ടത്തിൽ 1963 ജൂണിൽ തെഹ്റാനിലെ ഹിദായത്ത് പള്ളിയിൽ അദ്ദേഹം ചെയ്ത ഒരുജ്ജ്വല പ്രഭാഷണത്തിന്റെ മലയാള വിവർത്തനമാണ് ഈ കൃതി. പേർഷ്യൻ മൂലമല്ല, അമേരിക്കയിലെ 'ഇറിസ്' പ്രസിദ്ധപ്പെടുത്തിയ മെഹ്ദി ആബിദിയുടെ ഇംഗ്ലീഷ് പരിഭാഷയാണ് ഈ വിവർത്തനത്തിനാധാരം.

ജിഹാദും ശഹാദത്തും സംബന്ധിച്ച ഒരു സമഗ്ര കൃതിയല്ല ഇതെന്ന് ഇതിന്റെ ആകാരം തന്നെ വ്യക്തമാക്കുന്നു. എങ്കിലും വിഷയത്തിന്റെ മൗലികഭാഗങ്ങൾ യഥാതഥമായി സ്പർശിക്കുന്ന ഗാംഭീര്യമുള്ള ഒരു കൃതിയാണിത്. തലഗാനിയുടെ അപാര പാണ്ഡിത്യവും അഗാധചിന്തയും സവിശേഷ ശൈലിയും സ്വതന്ത്രബുദ്ധിയും ഇതിൽ പ്രതിഫലിച്ചുകാണാം. പ്രഭാഷണം നിർവ്വഹിക്കപ്പെട്ട വിപ്ലവ പശ്ചാത്തലം ഉള്ളടക്കത്തെ കൂടുതൽ ഉജ്ജ്വലമാക്കി. തലഗാനിയാകട്ടെ പാവങ്ങളോടും മർദ്ദിതജന വിഭാഗങ്ങളോടും അങ്ങേയറ്റം പ്രതിബദ്ധത പുലർത്തിയിരുന്ന ഒരു പണ്ഡിതൻ കൂടിയായിരുന്നു. ഈ പ്രതിബദ്ധത ഇറാനിലെ ഇടതുപക്ഷ ബുദ്ധിജീവികളുമായി അടുക്കാൻ വരെ അദ്ദേഹത്തെ പ്രേരിതനാക്കിയിരുന്നു. അവരോടൊപ്പം അദ്ദേഹം ജയിൽവാസം പങ്കിടുകയുണ്ടായി.

ജിഹാദിന്റെ പാരമ്പര്യ വീക്ഷണം അവതരിപ്പിച്ചുകൊണ്ട്, സ്വേഛാധിപത്യ വാഴ്ചക്കെതിരിൽ പൊരുതേണ്ടതിന്റെ ആവശ്യകത തലഗാനി ഊന്നിപ്പറഞ്ഞിരിക്കുന്നു. അതിനു പ്രേരണ നല്കും വിധം ശഹാദത്തിന്റെ താത്വിക വിശകലനം നടത്തുകയും ചെയ്തിരിക്കുന്നു. ഷായുമായി ഏറ്റുമുട്ടമെന്നുതന്നെയായിരുന്നു തലഗാനിയുടെ ഉദ്ദേശ്യം. ദൈവത്തിന്റെ എതിരാളിയായ 'താഗൂത്തി'ന്റെ ചേരിയിലാണ് അദ്ദേഹം സ്വേഛാധിപതിയും നിഷ്ഠൂരനും ഇസ്‌ലാംദ്രോഹിയുമായ ഷായെ എണ്ണിയത്. ഗവേഷണ സാമർത്ഥ്യവും സാമൂഹികപ്രതിബദ്ധതയുമുള്ള ഒരു മതപണ്ഡിതന്റെ ധർമ്മമാണ് തന്റെ കാലഘട്ടത്തിലെയും ചുറ്റുപാടിലെയും ജനത നേരിടേണ്ട ദുശ്ശക്തിയേതെന്ന് കൃത്യമായി നിർണ്ണയിച്ചുകൊടുക്കേണ്ടത്.

ഇസ്‌ലാമും മുസ്‌ലിംകളും ആഗോളതലത്തിൽ ഭയങ്കര വെല്ലുവിളികളെ അഭിമുഖീകരിക്കുകയും ലോകമർദ്ദകരാലും അവരുടെ പ്രാദേശിക ഏജന്റുകളാലും അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുന്ന ജനസഞ്ചയങ്ങളെ രക്ഷിക്കാൻവേണ്ടി പൊരുതേണ്ടത് മാനുഷികവും മതപരവുമായ ബാദ്ധ്യതയായിത്തീരുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ജിഹാദിനെയും ശഹാദത്തിനെയും സംബന്ധിച്ച യഥാർത്ഥ ഉൾക്കാഴ്ചയുണ്ടായിരിക്കേണ്ടത് മുസ്‌ലിംകളുടെ പ്രത്യേകു താല്പര്യമർഹിക്കുന്ന കാര്യമാണ്. ഈ കൃതി ലഘുവായ തോതിൽ അതിനു സഹായകമാകും. ജിഹാദ് എന്ത്? അതാരോട്? എന്തിന്? എപ്പോൾ? എങ്ങനെ? ഇത്തരം ചോദ്യങ്ങളെക്കുറിച്ച് യഥാർത്ഥ ധാരണയില്ലാത്തതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമാണ്.

ഇംഗ്ലീഷ്പതിപ്പിലെ കുറിപ്പുകളുടെ സഹായത്തോടെ മലയാള വിവർത്തകൻ തയ്യാറാക്കിച്ചേർത്തിട്ടുള്ള സാമാന്യം നീണ്ട വിശദീകരണക്കുറിപ്പുകൾ വിജ്ഞേയങ്ങളാണ്. തലഗാനിയുടെ ജീവചരിത്രവും തുടക്കത്തിൽ ചേർത്തിട്ടുണ്ട്.

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്

അരീക്കോട് - 673639

1993 മാർച്ച് 5

## ആയത്തുല്ലാ തലഗാനി

ഉത്തര ഇറാനിലെ താലിഗാൻ ജില്ലയിൽ ഗലിർദ് എന്ന സ്ഥലത്ത് 1911 മാർച്ച് 3 നായിരുന്നു ആയത്തുല്ലാ സയ്യിദ് മഹ്മൂദ് തലഗാനിയുടെ ജനനം. പിതാവ് ഹുജ്ജത്തുൽ ഇസ്‌ലാം സയ്യിദ് അബുൽഹസൻ തലഗാനി. ഇറാഖിലെ പുണ്യനഗരങ്ങളിൽ ആയത്തുല്ലാ മീർസാ ഹസൻ ശീറാസി, ആയത്തുല്ലാ മുസ്തഫാ സദർ എന്നിവരുടെ കീഴിൽ വിദഗ്ദ്ധ നടത്തി തെഹ്റാനിൽ വന്ന് പള്ളികളിൽ

അദ്ധ്യാപനവും പ്രഭാഷണവും നിർവ്വഹിച്ചുകൊണ്ടിരുന്ന ഒരു പ്രമുഖ വ്യക്തയായിരുന്നു ഹുജ്ജത്തുൽ ഇസ്‌ലാം അബുൽഹസൻ. രാഷ്ട്രീയരംഗത്ത് സജീവമായിരുന്ന അദ്ദേഹം പഹ്‌ലവി സ്വേഛാധിപതി റിസാഖാൻ മീർബന്റെ കടുത്ത എതിരാളിയും അയാളുടെ പ്രതിയോഗി ആയത്തുല്ലാ ഹസൻ മുദരിസിന്റെ അടുത്ത കൂട്ടാളിയുമായിരുന്നു. ഉപജീവനത്തിന് വാച്ച് നന്നാക്കലായിരുന്നു സയ്യിദ് അബുൽഹസൻ സ്വീകരിച്ചിരുന്ന തൊഴിൽ.

പത്തുവയസ്സുവരെ സ്വന്തം ജന്മസ്ഥലത്തു തന്നെ എഴുത്തും വായനയും പ്രാഥമിക മതപാഠങ്ങളും പഠിച്ചുകൊണ്ട് സയ്യിദ് മഹ്മൂദ് കഴിഞ്ഞു. പിതാവ് തന്നെയായിരുന്നു പ്രഥമ ഗുരു. പിന്നീട് ഉയർന്ന പഠനത്തിനായി അറിവിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും പ്രസിദ്ധ കേന്ദ്രമായ വിശുദ്ധ 'ഖും' നഗരത്തിലേക്ക് നീങ്ങി. ഖുമ്മിലെ റസവിയ്യ, ഫൈസിയ്യ എന്നീ രണ്ടു പാഠശാലകളിലും തലഗാനി പഠിച്ചു. ശൈഖ് അബ്ദുൽ കരീ ഹായിരി, മുഹമ്മദ് തഖീ ഖാൻ സാരി, ഹുജ്ജത്ത് കഹ്കമാരി, മുഹമ്മദ് തഖിയസ്ദി എന്നീ ആയത്തുല്ലമാർ അവിടെ അദ്ദേഹത്തിന്റെ ഗുരുവര്യന്മാരായിരുന്നു. മുഹമ്മദ് തഖി യസ്ദി തലഗാനിയുടെ പിതാവിനെപ്പോലെത്തന്നെയുള്ള ഒരു പോരാളിയായിരുന്നു. പിതാവിൽനിന്നു പകർന്നുകിട്ടിയ സമരവീര്യം കൂടുതൽ ഉജ്ജ്വലമായി തന്നിൽ നിലനിർത്തുന്നതിൽ അദ്ദേഹത്തിന്റെ ഗുരുത്വം തലഗാനിക്ക് സഹായകമായി. ഒരിക്കൽ യസ്ദി രാഷ്ട്രീയപ്രവർത്തനം നടത്തിയതിന് അറസ്റ്റ് ചെയ്യപ്പെട്ട് തെഹ്റാന്റെ തെക്കുള്ള ഷാ അബ്ദുൽ അസീമിൽ കഴിയവെ തലഗാനി അദ്ദേഹത്തെ കാണാൻ ചെന്നു. യസ്ദി ജയിലിൽവെച്ച് തനിക്കേൽക്കേണ്ടിവന്ന ചമ്മട്ടിപ്രഹരത്തിന്റെ അടയാളങ്ങൾ തന്റെ ശിഷ്യന് കാണിച്ചുകൊടുത്തുവത്രെ. മതസ്ഥാപനങ്ങളെ ഉണർത്തുകയും പ്രബുദ്ധമാക്കുകയും രാഷ്ട്രത്തെയും സമൂഹത്തെയും സേവിക്കാൻ അവയെ പ്രാപ്തമാക്കുകയും ചെയ്യേണ്ടതിനായി ജീവിതം അർപ്പിക്കണമെന്ന് അന്നദ്ദേഹം സയ്യിദ് മഹ്മൂദിനെ ഉപദേശിച്ചിരുന്നു. തലഗാനിയുടെ അവിടന്നിങ്ങോട്ടുള്ള ജീവിതം മുഴുവൻ ആ ഉപദേശത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ടായിരുന്നു.

1938ൽ ഖുമ്മിലെ പഠനം പൂർത്തിയാക്കി ആയത്തുല്ലാ ഹായിറിയുൾപ്പെടെയുള്ള ഗുരുക്കളിൽനിന്ന് മുജ്ത്തഹിദ്പദവി കരസ്ഥമാക്കിയ തലഗാനി തെഹ്റാനിലെ സിപെഹ് സാലാർ മതപാഠശാലയിൽ അദ്ധ്യാപകനായി. അദ്ദേഹത്തിന്റെ സേവനനിരതവും ത്യാഗപൂർണ്ണവുമായ ജീവിതമാണ് തുടർന്നിങ്ങോട്ട് അന്തരിക്കുന്നതുവരെ നാം കാണുന്നത്.

1939ൽ റിസാഖാന്റെ ഇസ്‌ലാം വിരുദ്ധ മർദ്ദകവാഴ്ചയെ എതിർത്തതിന്റെ പേരിൽ തലഗാനി ജയിലിലടക്കപ്പെട്ടു. അധികൃതരെ അധിക്ഷേപിച്ചുവെന്നും തലപ്പാവിന് ലൈസൻസെടുത്തില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ പേരിൽ ഉന്നയിക്കപ്പെട്ടിരുന്ന ചാർജ്. ആറ് മാസത്തെ തടവനുഭവിച്ച് പുറത്തുവന്ന തലഗാനി തന്റെ പ്രവർത്തനം പൂർവ്വോപരി ഊർജ്ജിതപ്പെടുത്തി. വിശുദ്ധ ഖുർആന്റെ മഹത്തായ സത്യങ്ങൾ യുവജനങ്ങളെ പഠിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇറാൻ നേരിടുന്ന എല്ലാ ദുരിതങ്ങൾക്കും കാരണം വിശുദ്ധ ഖുർആനെ അവഗണിച്ചതാണെന്ന പരമാർത്ഥം അദ്ദേഹം കണ്ടെത്തുകയും ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യും. അതിനാൽ ഖുർആന്റെ പ്രകാശം ജനങ്ങളുടെ ദൈനംദിന ജീവിതത്തിലേക്കെത്തിക്കണം. അങ്ങനെ മുസ്‌ലിംകളുടെ ജീവിതത്തിൽ ഖുർആൻ മേധാവിത്തം പുലർത്തണം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു തലഗാനിയുടെ പ്രവർത്തനം. യുവാക്കൾക്കുവേണ്ടി അദ്ദേഹം പ്രത്യേകമായി ഖുർആൻപ്രഭാഷണങ്ങൾ നടത്തി. പഹ്‌ലവി ഭരണത്തിന്റെ ഭീഷണി നിലനില്ക്കുന്നതിനാൽ അടച്ച മുറികളിലായിരുന്നു ആ പ്രഭാഷണങ്ങൾ. തെഹ്റാനിൽ ഹിദായത്ത് പള്ളിയിൽ തലഗാനിയുടെ ക്ലാസുകളിൽ ഒട്ടനേകം യുവാക്കൾ പങ്കെടുത്തിരുന്നു. 'ഫെദായിയാനെ ഇസ്‌ലാം' എന്ന വിപ്ലവസംഘത്തിന്റെ തലവൻ നവ്വാബ്സഫവി അക്കൂട്ടത്തിലൊരാളായിരുന്നു. സെക്യുലർ വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരെ ഇസ്‌ലാമിനോടടുപ്പിക്കുകയെന്ന ലക്ഷ്യത്തിന് തലഗാനി കൂടുതൽ മുൻഗണന നല്കിയിരുന്നു. വിശുദ്ധ ഖുർആനും ഇമാം അലി(റ)യുടെ 'നഹ്ജുൽ ബലാഗ'യും മനുഷ്യജീവിതത്തിന്റെ മാർഗ്ഗദീപങ്ങളായി അദ്ദേഹം തന്റെ ശ്രോതാക്കൾക്കു പരിചയപ്പെടുത്തി.

1941ൽ തെഹ്റാനിലെ 'അമീറിയ്യാ' തെരുവിൽ തലഗാനി ഒരിസ്‌ലാമികകേന്ദ്രം സ്ഥാപിച്ചു. – 'കാനൂനെ ഇസ്‌ലാം'. ജനങ്ങളെ ഉൽബുദ്ധരാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ക്ലാസുകളും പ്രഭാഷണങ്ങളുമാണവിടെ നടന്നിരുന്നത്. 'ദാനിശെ ഇമ്രൂസ്' (അറിവ് ഇന്ന്) എന്ന പേരിൽ ഒരു ആനുകാലികവും പ്രസ്തുത കേന്ദ്രത്തിൽ നിന്നു പുറത്തിറങ്ങിയിരുന്നു. 1942ൽ മുസ്‌ലിം പ്രൊഫസർമാരെയും വിദ്യാർത്ഥികളെയും ചേർത്തുകൊണ്ട് തലഗാനി രഹസ്യ ഇസ്‌ലാമിക സംഘടനയുണ്ടാക്കി.

1944ൽ തലഗാനിക്ക് തെഹ്റാൻ വിട്ട് ശാഹ്റാക്കിൽ പോകേണ്ടിവന്നു. അവിടെ അദ്ദേഹം ഇമാമായിരുന്നു. ഷാ ഭരണകൂടത്തിന്റെ സമ്മർദ്ദമുണ്ടായിരുന്നു അതിനു പിന്നിൽ. തലഗാനിയെ തെഹ്റാനിൽനിന്ന് വിട്ടുനിർത്തേണ്ടതുണ്ടായിരുന്നു ഭരണകൂടത്തിന്. ജനങ്ങൾക്ക് ഉൽബോധനങ്ങൾ നല്കിയും അവരെ സംസ്കരിച്ചുംകൊണ്ട് തലഗാനി ആ ഗ്രാമത്തിൽ ഏതാനും വർഷങ്ങൾ കഴിഞ്ഞുകൂടി.

തലഗാനിയുടെ രാഷ്ട്രീയപ്രവർത്തനം പഹ്ലവി വംശവാഴ്ചയെ എതിർക്കുന്ന മറ്റു മതരാഷ്ട്രീയ വ്യക്തിത്വങ്ങളുമായി സഹകരിച്ചുകൊണ്ടായിരുന്നു. 'ഫെദായിയാനെ ഇസ്‌ലാം' എന്ന വിപ്ലവസംഘടനയുടെ സ്ഥാപകനും നേതാവുമായിരുന്ന നവ്വാബ് സഫവി, പ്രസിദ്ധ പണ്ഡിതനും മുജ്ത്തഹിദുമായിരുന്ന ആയത്തുല്ലാ കാശാനി എന്നിവർ അത്തരം വ്യക്തിത്വങ്ങളിൽ പ്രമുഖരാണ്. സിയോണിസത്തോടുള്ള കടുത്ത വിരോധം ഈ വ്യക്തിത്വങ്ങളുമായി തലഗാനി പങ്കിട്ടിരുന്നു. ഇറാൻകാർക്കിടയിൽ ഫലസ്തീൻ പ്രശ്നം സജീവമാക്കിയതിൽ ഇവർക്ക് വലിയ പങ്കുണ്ട്. സഫവിയുമായി തലഗാനിക്കുള്ള ബന്ധം വളരെ രൂഢമായിരുന്നു. സഫവി ഇടക്കിടെ തലഗാനിയെ തെഹ്റാനിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് കാണുമായിരുന്നു. പോലീസ് തന്നെ വേട്ടയാടുമ്പോഴെല്ലാം തലഗാനിയുടെ വീട്ടിലാണ് സഫവി അഭയം തേടിയിരുന്നത്. 1953ൽ ഷായുടെ പ്രധാനമന്ത്രിയായിരുന്ന ഹുസൈൻ ആലക്കെതിരിൽ നടന്ന വധശ്രമത്തെത്തുടർന്ന് ഫെദായിയാനെ ഇസ്‌ലാം നിരോധിക്കപ്പെടുകയുണ്ടായി. പോലീസ് നവ്വാബ് സഫവിയെ അന്വേഷിച്ചുകൊണ്ടിരുന്നു. സഫവി തലഗാനിയുടെ വീട്ടിലെത്തി. തലഗാനി അദ്ദേഹത്തിനും കൂട്ടുകാർക്കും അഭയം നൽകി. ഇതിന്റെ പേരിൽ തലഗാനിയെ 1953 ആഗസ്തിൽ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി.

ദേശീയ മുന്നണി നേതാവ് ഡോ. മുഹമ്മദ് മുസദ്ദിഖിന്റെ അടുത്ത കൂട്ടുകാരനായിരുന്നു തലഗാനി. 1951ലെ എണ്ണദേശസാലക്കരണത്തെയും മുസദ്ദിഖിന്റെ ഗവൺമെന്റിനെയും തലഗാനി അനുകൂലിച്ചു. എണ്ണദേശസാൽക്കരണത്തിനുവേണ്ടി മുസദ്ദിഖിന് ജനാദിപ്രായം അനുകൂലമായി നേടിക്കൊടുത്തതിൽ തലഗാനി വഹിച്ച പങ്ക് നിർണ്ണായകമായിരുന്നു. പലപ്പോഴും അദ്ദേഹം മുസദ്ദിഖിനുവേണ്ടി സംസാരിച്ചിരുന്നു. മുസദ്ദിഖും കാശാനിയും തമ്മിലുണ്ടായ ഭിന്നിപ്പ് തടയാൻ തലഗാനി അങ്ങേയറ്റം പരിശ്രമിക്കുകയുണ്ടായി. 1953ൽ സി.ഐ.എ ഷായെ അധികാരത്തിൽ പുനഃപ്രതിഷ്ഠിച്ചതിനെത്തുടർന്ന് തലഗാനി അറസ്റ്റ് ചെയ്യപ്പെട്ട് സഞ്ചാനിലേക്കയക്കപ്പെട്ടു. അവിടെ ഒരു മതകേന്ദ്രത്തിൽ അദ്ദേഹം അദ്ധ്യാപനം നടത്തിക്കൊണ്ടിരുന്നു.

1955ൽ തലഗാനി സുപ്രസിദ്ധ പണ്ഡിതനും രാഷ്ട്രീയചിന്തകനുമായിരുന്ന ആയത്തുല്ലാ നായീനി 1909ലെഴുതിയ ഒരു രാഷ്ട്രീയഗ്രന്ഥം പരിശോധിച്ച് അതിന് ടിപ്പണി എഴുതി. ഏകാധിപത്യത്തെ നിശിതമായി വിമർശിക്കുന്നതായിരുന്നു ആ ഗ്രന്ഥം. ഇറാനിൽ 1906ലുണ്ടായ ഭരണഘടനാ വിപ്ലവം പോലെയുള്ള ഒന്ന് ജനാധിപത്യത്തിനും സമത്വത്തിനും വേണ്ടിയും ഉണ്ടാവണമെന്നും ഏകാധിപത്യത്തിനെതിരിൽ അനിവാര്യമായും പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ടെന്നും തലഗാനി അതിൽ വാദിച്ചു.

1957ൽ തലഗാനി പഹലവി സ്വേഛാധിപത്യത്തിനെതിരിൽ വിശാലമായ ഒരു പ്രസ്ഥാനത്തിന് രൂപം കൊടുത്തു. ദേശീയ ചെറുത്തുനില്പ് പ്രസ്ഥാനം (നിഹ്സത്തെ മുഖാവിമത്തെമില്ലി) എന്നായിരുന്നു അതിന്റെ പേര്. പ്രമുഖരായ അനേകം വ്യക്തിത്വങ്ങളും പോരാളികളും ഉൾപ്പെട്ടതായിരുന്നു ഈ പ്രസ്ഥാനം. മുഹമ്മദ് തഖീ അരീഅത്തി, മഹ്ദി ബാസർഗാൻ, യദുല്ലാ സഹാബി എന്നിവർ അവരിൽ പ്രധാനികളാണ്. പക്ഷേ, ആഭ്യന്തര അഭിപ്രായ വ്യത്യാസങ്ങളും പോലീസിന്റെ ഭാഗത്തുനിന്നുള്ള സമ്മർദ്ദങ്ങളും കാരണം പ്രസ്തുത പ്രസ്ഥാനം ഇല്ലാതായി. പിന്നീട് 1961ൽ തലഗാനിയും സമാന ചിന്താഗതിക്കാരും ചേർന്ന് ഇറാൻ സ്വാതന്ത്ര്യപ്രസ്ഥാനം (നിഹ്സത്തെ ആസാദിയെ ഇറാൻ) എന്ന സംഘടനയുണ്ടാക്കി. വിദ്യാർത്ഥികൾക്കും ബുദ്ധിജീവികൾക്കും മതപണ്ഡിതൻമാർക്കുമെല്ലാമിടയിൽ ഈ സംഘടന വലിയ തോതിൽ പിന്തുണയാർജിച്ചിരുന്നു. നിഹ്സത്തെ ആസാദിയുടെ നേതാവും ഇസ്‌ലാമിക വിപ്ലവാനന്തരം ആദ്യം പ്രധാനമന്ത്രിയായ വ്യക്തിയുമായ മഹ്ദീബാസർഗാനുമായി ഉറ്റ ബന്ധമുണ്ടായിരുന്നു തലഗാനിക്ക്. ഈ ബന്ധം ചെറുപ്പം മുതൽക്കേ ഉണ്ട്. തലഗാനിയുടെ പിതാവ് ബാസർഗാന്റെ പിതൃഗൃഹത്തിലെ വൈജ്ഞാനിക ചർച്ചകളിൽ സ്ഥിരമായി പങ്കെടുത്തിരുന്ന വ്യക്തിയാണ്.

മദ്ധ്യ തെഹ്റാനിലെ ഇസ്‌ലാം പൂൾ തെരുവിൽ സ്ഥിതിചെയ്യുന്ന ഹിദായത്ത് പള്ളിയായിരുന്നു തലഗാനിയുടെ പ്രവർത്തനത്തിന്റെയെല്ലാം കേന്ദ്രം. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ മുസ്‌ലിം

വിപ്ലവകാരിയുടെ താവളമായിരുന്നു ആ പള്ളി. 1953ൽ റിസാഷാ തിരിച്ചുവന്നതിനെത്തുടർന്ന് അരങ്ങേറിയ ക്രൂരവാഴ്ചക്കെതിരിലുള്ള ചെറുത്തുനില്പിന്റെ മാർഗ്ഗദർശനം പലപ്പോഴും അവിടെനിന്നായിരുന്നു. അവിടെവെച്ച് തലഗാനിയും ആയത്തുല്ലാ മുതഹരിയും ഇടക്കിടെ കൂടിക്കാണുകയും അന്നന്നത്തെ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും പതിവായിരുന്നു.

1963 ജനുവരിയിൽ തലഗാനിയും നിഹ്സത്തെ ആസാദിയുടെ മറ്റു നേതാക്കളും അറസ്റ്റ് ചെയ്യപ്പെട്ടു. അഞ്ചുമാസത്തെ തടവ് കഴിഞ്ഞ് തലഗാനി പുറത്തുവന്നു. ഹിദായത്ത് മസ്ജിദിലേക്കു തന്നെയാണദ്ദേഹം പോയത്. അവിടെവെച്ച് ആ വർഷം ജൂൺ ആദ്യത്തിൽ അദ്ദേഹം ഒരുജ്ജ്വല പ്രഭാഷണം ചെയ്തു. അതിന്റെ തൊട്ടുശേഷമാണ് ജൂൺ 5ന് ഇറാൻവിപ്ലവത്തിന് വഴിത്തിരിവ് കുറിച്ച പ്രസിദ്ധ 'ഖുർദാദ് സംഭവം' നടന്നത്. ജനങ്ങൾ വമ്പിച്ച ഷാവിരുദ്ധ പ്രകടനം നടത്തുകയും അതിൽ പങ്കെടുത്തവരും അല്ലാത്തവരുമായ 15000 പേർ പോലീസിന്റെ കൈയാൽ കൊല്ലപ്പെടുകയും ചെയ്തു. തുടർന്ന് തലഗാനി ഒരു പ്രസ്താവന പുറപ്പെടീച്ചു – 'ഏകാധിപതി രക്തം ചിന്തുന്നു' എന്ന പേരിൽ. അതിനെത്തുടർന്ന് വീണ്ടും അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തു. പരസ്യമായാണ് ഇപ്രാവശ്യം അദ്ദേഹത്തെ വിചാരണ ചെയ്തത്. ഷാ ഭരണത്തിലെ ഒടുവിലെ കമാൻഡർ ഇൻ ചീഫ് ആയിരുന്ന ജനറൽ ഖറാബഖിയായിരുന്നു വിചാരണക്ക് നേതൃത്വം നൽകിയിരുന്നത്. പക്ഷേ, വിചാരണയുമായി സഹകരിക്കാൻ തലഗാനി കൂട്ടാക്കിയില്ല. അദ്ദേഹം കോടതിയിൽ ഒരു കസേരയിൽ കയറിയിരുന്ന് ഉറക്കമായി. വിളിച്ചുണർത്തി ചോദ്യത്തിനുത്തരം പറയാൻ നിർബന്ധിച്ചപ്പോൾ എല്ലാ ചോദ്യത്തിനും, ഈ കോടതിക്ക് തന്നെ വിചാരണ ചെയ്യാൻ അർഹതയില്ലെന്നു മാത്രമേ അദ്ദേഹം പ്രതികരിച്ചുള്ളു. അവസാനവാക്കായി എന്തെങ്കിലും പറയാനുണ്ടോ എന്നു ചോദിച്ചതിന് മറുപടിയായി അദ്ദേഹം വിശുദ്ധ ഖുർആനിലെ 'അൽഫജ്ർ' സൂറയിൽ ചരിത്രത്തിലെ മഹാ അക്രമികളെക്കുറിച്ചും അവരുടെ അശുഭമായ അന്ത്യത്തെക്കുറിച്ചും പറയുന്ന ഭാഗം ഓതി. പത്തുവർഷത്തെ തടവിനാണ് കോടതി അദ്ദേഹത്തെ ശിക്ഷിച്ചത്. പക്ഷേ, 1965ൽത്തന്നെ അദ്ദേഹത്തെ വിട്ടു. ജനസമ്മർദ്ദവും അന്തർദേശീയ തലത്തിലുള്ള പ്രതിഷേധവുമായിരുന്നു വേഗത്തിൽ വിടാൻ കാരണം. ഈ ജയിൽ വാസത്തിനിടയിലായിരുന്നു 'പർത്തുയെ അസ് ഖുർആൻ' (ഖുർആന്റെ കിരണം) എന്ന തന്റെ ഖുർആൻ വ്യാഖ്യാനത്തിന്റെ ആദ്യഭാഗങ്ങൾ അദ്ദേഹം പൂർത്തിയാക്കിയത്. ജയിലിലെ തന്റെ സഹവാസികൾക്ക് അദ്ദേഹം ഖുർആൻ വിശദീകരിച്ചു കൊടുത്തതാണ് ഇതിന്റെ ചില പുറങ്ങൾ.

ഇത്തവണ ജയിൽമുക്തനായ ശേഷം തലഗാനിക്ക് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിന് വിലക്കുണ്ടായിരുന്നു. എന്നാൽ 1970 മെയ് മാസത്തിൽ തെഹ്റാനിലെ ഒരു പണ്ഡിതനായിരുന്ന ആയത്തുല്ലാ മുഹമ്മദ് റിസാ സായിദി ജയിലിൽ മർദ്ദനമേറ്റ് കൊല്ലപ്പെട്ടപ്പോൾ തലഗാനി തെഹ്റാനിലെ ഗിയാസി പള്ളിയിൽ ദുഃഖാചരണം സംഘടിപ്പിച്ചു. അമേരിക്കയുമായുള്ള ബന്ധം ഇറാൻ ചൂഷണം ചെയ്യപ്പെടാൻ കാരണമാകുന്നതിനെതിരിൽ സംസാരിച്ചതാണ് സായിദിയെ തടവിലിടാനും പീഡിപ്പിച്ചുകൊല്ലാനും കാരണം. ഗിയാസി പള്ളിയിലെ ദുഃഖാചാരണം നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെടുകയും തലഗാനി അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.

1971ൽ തലഗാനിയുടെ ശിഷ്യന്മാരായിരുന്ന മുഹമ്മദ് ഹനീഫ നിജാദ്, സെയ്ത് മുഹ്സിൻ, അലി അസ്ഗർ ബദീസാദഗാൻ എന്നിവർ ചേർന്ന് 'മുജാഹിദിനെ ഖൽക്ക്' (ജനങ്ങളുടെ പോരാളി സംഘം) എന്ന ഒരു ഒളിപ്പോർ സംഘമുണ്ടാക്കി. വിപ്ലവാനന്തരം ഇറാനിൽ നടന്ന എല്ലാ അക്രമസംഭവങ്ങളുടെയും മതപണ്ഡിതന്മാരെ ക്രൂരമായി വധിച്ചതിന്റെയും ഉത്തരവാദിത്വം ഈ സംഘത്തിനായിരുന്നു. ഇവരുടെ പ്രത്യയശാസ്ത്രവും പ്രവർത്തനപരിപാടിയും ഇസ്ലാമകദൃഷ്ട്യാ ചോദ്യം ചെയ്യപ്പെടേണ്ടതാണുതാനും. എങ്കിലും ഷാവിരുദ്ധ മുന്നേറ്റത്തിൽ എല്ലാവരും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതിനാലും വിപ്ലവാനന്തരമേ ഇവരുടെ യഥാർത്ഥ നിറം പ്രത്യക്ഷമായി രംഗത്തുവന്നുള്ളുവെന്നതിനാലും വിപ്ലവകാലത്ത് ഇവർക്ക് ജനപിന്തുണ കുറച്ചൊക്കെ നേടാൻ കഴിഞ്ഞു. ഈ സംഘവുമായി ബന്ധമുണ്ടായിരുന്ന പണ്ഡിതന്മാരുടെ കൂട്ടത്തിൽ തലഗാനിയുമുണ്ടായിരുന്നു. 1971ൽ പഹ്ലവി വംശവാഴ്ചയുടെ 2500ാം വാർഷികാഘോഷത്തെത്തുടർന്ന് തലഗാനി അറസ്റ്റ് ചെയ്യപ്പെടാൻ ഈ ബന്ധവും ഒരു കാരണമായി. തടവുശിക്ഷക്കുശേഷം അദ്ദേഹത്തെ തെഹ്റാനിൽനിന്നു വിട്ട് തെക്ക് കിർമാൻ പ്രവിശ്യയിലേക്കയച്ചു. സാബൂളിലും ബാഫ്ത്തിലുമായി അദ്ദേഹം അഞ്ചുവർഷത്തോളം കഴിച്ചുകൂട്ടി. അനന്തരം തെഹ്റാനിൽ തിരിച്ചെത്തിയ തലഗാനി മുജാഹിദീനെ ഖൽക്കുമായുള്ള തന്റെ ബന്ധം രഹസ്യമായി പുനഃസ്ഥാപിച്ചു. അപ്പോഴത്തേക്ക് മുജാഹിദീനെ ഖൽക്കിന്റെ ആദർശം ഇസ്ലാമിൽനിന്ന് മാർക്സിസത്തിലേക്ക് വഴുതിയിരുന്നു. ഭൗതിക വാദത്തിന്റെ ഘടകങ്ങൾ തുടക്കത്തിലേ മുജാഹിദീനെ ഖൽക്കിന്റെ പ്രത്യയശാസ്ത്രത്തിലുണ്ടായിരുന്നു. അവ വികസിച്ചതാണ് ഈ വ്യതിയാനത്തിനു കാരണം. തലഗാനിക്ക് ഈ മാറ്റം വലിയ വിഷമമുണ്ടാക്കി. പരസ്യമായി

എതിർത്താൽ കൊല്ലുമെന്നുവരെ മുജാഹിദീൻ നേതാക്കളായ ബഹ്റാം ആറാമും വഹീദ് അഫ്രാഖ്ത്തയും തലഗാനിയെ ഭീഷണിപ്പെടുത്തി. ഏറെത്താമസിയാതെ അഫ്രാഖ്ത്തയെ സാവാക്ക് അറസ്റ്റ് ചെയ്തു. അയാളെ ചോദ്യം ചെയ്തതിൽ നിന്ന് തലഗാനിക്ക് മുജാഹിദീന്റെ ഇസ്‌ലാമിക ഗുണമുള്ള വിഗാവുമായെങ്കിലും ഭാഗികബന്ധമുണ്ടെന്ന് കണ്ടെത്തി. തലഗാനി പത്തുവർഷത്തെ കാരാഗൃഹവാസത്തിനു ശിക്ഷിക്കപ്പെട്ടു. രണ്ടുവർഷം അദ്ദേഹത്തിന് കഠിനമായ മർദ്ദനമേല്ക്കേണ്ടിവന്നു. 1975ലായിരുന്നു ഇത്തവണ തലഗാനിയെ ജയിലിൽ പ്രവേശിപ്പിച്ചത്. എന്നാൽ അദ്ദേഹത്തിനു ആ തടവുശിക്ഷ പകുതിപോലും അനുഭവിക്കേണ്ടിവന്നില്ല. 1978 ഒക്ടോബർ 30ന് മുസ്‌ലിം വിപ്ലവകാരികൾ എവീൻജയിൽ തുറന്ന് തലഗാനിയെയും അന്യായമായി തടവിലാക്കപ്പെട്ട മറ്റു രാഷ്ട്രീയത്തടവുകാരെയും മോചിപ്പിച്ചു. തലഗാനിയെ തടവിലാക്കിയ ഷായുടെ കൈ മുസ്‌ലിം വിപ്ലവകാരികളെ തടുക്കാൻ അശക്തമായിക്കഴിഞ്ഞിരുന്നു. ജയിലിൽനിന്നു പുറത്തുവന്ന തലഗാനിയെ ആയിരങ്ങൾ വരവേറ്റു. ഇമാംഖുമൈനി ഫ്രാൻസിലെ നോഫ്ലെ ഷാത്തോവിൽ നിന്ന് തലഗാനിയെ അഭിനന്ദിച്ചുകൊണ്ട് സന്ദേശമയച്ചു. പഹ്‌ലവി വാഴ്ചക്കെതിരിലുള്ള അദ്ദേഹത്തിന്റെ നീണ്ട പോരാട്ടത്തെ ഖുമൈനി തന്റെ സന്ദേശത്തിൽ പുകഴ്ത്തി. അദ്ദേഹത്തിന്റെ മോചനം ഷായുടെ കൊട്ടാരം വിറച്ചുവീഴുന്നതിന്റെ ലക്ഷണമായി ഖുമൈനി എടുത്തുപറഞ്ഞു. തലഗാനി തന്റെ മറുപടിയിൽ താൻ മോചിതനായത് അല്ലാഹുവിന്റെ കാരുണ്യവും ഇമാമിന്റെ കീഴിൽ ജനങ്ങൾ നടത്തുന്ന ഒത്തൊരുമിച്ച പോരാട്ടവും മൂലമാണെന്നെഴുതിയ വിപ്ലവത്തിന്റെ പൂർണ്ണ വിജയത്തിന് തന്റെ എല്ലാ ശ്രമങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു.

1978 ഡിസംബറിൽ മുഹർറം മാസാദ്യത്തിൽ തലഗാനി ഒരു പ്രസ്താവനയിറക്കി. അതിൽ ഷാ ഭരണകൂടം രാജ്യത്ത് നടത്തിയ കൂട്ടക്കൊലകളെയും ക്രൂരമായ അടിച്ചമർത്തലുകളെയും അധിക്ഷേപിക്കുകയും കൊല്ലപ്പെട്ടവർക്കുവേണ്ടിയുള്ള വിലാപച്ചടങ്ങുകൾ വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി നടത്താൻ ആഹ്വാനം നടത്തുകയും ചെയ്തിരുന്നു. ''വിലാപച്ചടങ്ങുകളുടെ ഉള്ളടക്കം രാഷ്ട്രീയവും രൂപം ആരാധനയുടേതുമായിരിക്കണം. സ്വേഛാധിപത്യഭരണം തകർത്തുകൊണ്ടും പകരം ഇസ്‌ലാമികഭരണം സ്ഥാപിച്ചുകൊണ്ടും വേണം അതു നിർവ്വഹിക്കാൻ'' - തലഗാനി സന്ദേശത്തിൽ പറഞ്ഞു. 'മൈദാനെ ആസാദിയി'ലേക്കു നീങ്ങിയ പ്രകടനത്തിനു തലഗാനിതന്നെ നേതൃത്വം നല്കി. ഇമാം ഖുമൈനിയുടെ നേതൃത്വത്തിൽ ഇസ്‌ലാമിക ഗവൺമെന്റ് സ്ഥാപിക്കുകയെന്നതായിരുന്നു പ്രകടനത്തിന്റെ മുഖ്യആവശ്യം.

1979 ഫ്രെബ്രുവരിൽ വിപ്ലവം വിജയിച്ചശേഷം മാസങ്ങളേ തലഗാനി ജീവിച്ചുള്ളൂ. അതിനിടയിൽ മഹത്തായ പലസേവനങ്ങളും അദ്ദേഹം നിർവ്വഹിച്ചു. ഇറാന്റെ വടക്ക് കിഴക്ക് തുർക്കുമാൻകാർ താമസിക്കുന്ന പ്രദേശങ്ങളിലും കർദിസ്ഥാനിലും അസ്വാസ്ഥ്യങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ തലഗാനിയാണ് പ്രശ്നപരിഹാരത്തിനായി അവിടങ്ങളിൽ യാത്ര ചെയ്തത്. വിപ്ലവകൗൺസിലിലും എക്സ്പേർട്ട്സ് അസംബ്ലിയിലും തലഗാനി അംഗമായിരുന്നു. മറ്റൊരു സ്ഥാനാർത്ഥിക്കും നൽകാത്തത്ര മഹാഭൂരിപക്ഷ വോട്ടുകൾ നല്കിക്കൊണ്ടാണ് ഇസ്‌ലാമിക് റിപ്പബ്ലിക്കിന് ഭരണഘടനയുണ്ടാക്കാൻ ബാദ്ധ്യതപ്പെട്ട എക്സ്പേർട്ട്സ് അസംബ്ലിയിലേക്ക് ജനങ്ങൾ തലഗാനിയെ തെരഞ്ഞെടുത്തത് - 1979 ആഗസ്ത് 3ന് നടന്ന തെരഞ്ഞെടുപ്പിൽ. ആ മാസത്തിൽത്തന്നെ തെഹ്റാനിൽ ജുമുഅക്ക് നേതൃത്വം വൽകാൻ ഖുമൈനി തലഗാനിയെ നിശ്ചയിച്ചു. ജനലക്ഷങ്ങൾ തെഹ്റാൻ യൂനിവേഴ്സിറ്റി ഗ്രൗണ്ടിൽ അദ്ദേഹത്തിന്റെ ഖുത്തുബ ശ്രവിക്കുകയും അദ്ദേഹത്തിന്റെ പിന്നിൽ ജുമുഅ നമസ്കരിക്കുകയും ചെയ്തു.

വിപ്ലവാനന്തര പരിവർത്തനങ്ങൾക്കിടയിൽ തലഗാനിയുടെ വ്യക്തിത്വം തെറ്റിദ്ധരിക്കപ്പെട്ട ചില സന്ദർഭങ്ങളുണ്ടായി. തന്റെ അങ്ങേയറ്റത്തെ സാമൂഹിക പ്രതിബദ്ധത തലഗാനിയെ സംബന്ധിച്ചിടത്തോളം ഇറാനിലെ ഇടതുപക്ഷങ്ങളോട് അടുത്തുനില്ക്കുന്നതിന് തടസ്സങ്ങളില്ലാതാക്കിയിരുന്നു. തങ്ങളോട് ഉറ്റു ബന്ധപ്പെട്ടിരുന്ന തലഗാനിയെ തങ്ങളുടെ ആളായി ചില ഇടതുപക്ഷക്കാർ തെറ്റിദ്ധരിക്കുകയും ചെയ്തു. മുജാഹിദീനെ ഖൽക്കുകാർ അദ്ദേഹത്തെ തങ്ങളുടെ പിതാവായി വിശേഷിപ്പിക്കുകപോലുമുണ്ടായി. തലഗാനിയാകട്ടെ, മുജാഹിദീനെ ഖൽക്കിനെ പരസ്യമായി ആക്ഷേപിക്കുകയോ തള്ളിപ്പറയുകയോ ചെയ്തിരുമില്ല. 1970കളിൽ അദ്ദേഹത്തിന് അവരുമായി ബന്ധമുണ്ടായിരുന്നുതാനും. അങ്ങനെ, ശുദ്ധ ഇസ്‌ലാമിക വിപ്ലവത്തിന്റെ വക്താക്കളും ഇടതുപക്ഷങ്ങളും തമ്മിൽ വടംവലി നടക്കുന്നതിനിടയിൽ തലഗാനിയുടെ വ്യക്തിത്വം തെറ്റിദ്ധരിക്കപ്പെട്ടു. അതിനിടയിൽ 1979 ഏപ്രിൽ 12ന് തലഗാനിയുടെ രണ്ടു മക്കളും ഒരു മരുമകനും അറസ്റ്റ് ചെയ്യപ്പെട്ടു. പിന്നീട് പ്രതിരോധമന്ത്രിയായ മൂസാ നാംജൂലിയുടെ നേതൃത്വത്തിൽ തെഹ്റാനിൽ പ്രവർത്തിച്ചിരുന്ന വിപ്ലവകമ്മിറ്റി മുമ്പാകെ അവരെ വിചാരണക്കു വിധേയമാക്കി. സയ്യിദ് മുജ്ത്തബാ എന്ന ഒരു മകന് മുജാഹിദീനു

മായി അടുത്ത ബന്ധമുണ്ടായിരുന്നു. തുടർന്ന് തലഗാനി തെഹ്റാൻ വിടുകയും തന്റെ സ്വദേശത്ത് ചെന്ന് താൻ രാഷ്ട്രീയം ത്യജിക്കുകയാണെന്ന് പ്രഖ്യാപിക്കുകയും വരെയുണ്ടായി. പ്രതിഷേധമായിരുന്നില്ല, തന്റെ ആൾക്കാർ ദേശീയൈക്യത്തിന് വിഘാതം സൃഷ്ടിക്കുന്നത് തടയാൻ തനിക്കു കഴിഞ്ഞില്ലല്ലോ എന്ന വിഷമമായിരുന്നു അതിന്റെ പിന്നിൽ. തുടർന്ന് തലഗാനിയെ അനുകൂലിച്ചും പ്രതികൂലിച്ചും പ്രകടനങ്ങൾ നടന്നു. ഏപ്രിൽ 18ന് തലഗാനി ഖുമ്മിൽ വെച്ച് ഇമാം ഖുമൈനിയെ കണ്ട് സംസാരിച്ചു. അതോടെ എല്ലാ കാർമേഘങ്ങളും നീങ്ങി അന്തരീക്ഷം തെളിഞ്ഞു. അടുത്ത ദിവസം തന്നെ തലഗാനി ടെലിവിഷനിലൂടെ ഇമാം ഖുമൈനിയുടെ നേതൃത്വത്തിലുള്ള തന്റെ ഉറച്ച വിശ്വാസവും അദ്ദേഹത്തിനും ഇസ്‌ലാമിക് റിപ്പബ്ലിക്കിനുമുള്ള പിന്തുണയും പ്രഖ്യാപിച്ചു. തലഗാനി ഖുമൈനിക്കു പകരമാവാൻ ശ്രമിക്കുകയാണെന്നു ധരിച്ചവർ തങ്ങൾക്ക് തെറ്റിയതായി അതോടെ മനസ്സിലാക്കി.

1970കളിൽ തലഗാനി മുജാഹിദീനെ ഖൽക്കിനു നല്കിയിരുന്ന പിന്തുണ അവർ ഇസ്‌ലാമിക മാർഗ്ഗത്തിനുപകരം മാർക്സിസ്റ്റുമാർഗം സ്വീകരിച്ചതോടെ മരവിച്ചിരുന്നു. ഇസ്‌ലാമികവിപ്ലവത്തിന്റെ വിജയത്തോടെ അത് തീരെ ഇല്ലാതായി. അവരുടെ പ്രത്യയശാസ്ത്ര നിലപാടുകളോടും സാമ്പത്തിക വീക്ഷണങ്ങളോടും തന്റെ പിതാവ് ശക്തമായി വിയോജിച്ചിരുന്നുവെന്ന് തലഗാനിയുടെ പുത്രി ആസം തലഗാനി ആവർത്തിച്ചു വ്യക്തമാക്കീട്ടുണ്ട്. അവരുടെ തെറ്റുകൾ അവർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ തലഗാനി പലതവണ അവരുടെ കേന്ദ്രക്കമ്മിറ്റിയുമായി നേരിൽ സംസാരിച്ചിട്ടുണ്ടത്രെ. സംസാരിച്ചാൽ തലഗാനി പറയുന്നത് അവർ സമ്മതിക്കുകയായിരുന്നു പതിവ്. തലഗാനി അതിനെപ്പറ്റി ആസമിനോടിങ്ങനെ പറയാറുണ്ടായിരുന്നു: ''ഞാൻ പറയുംപോലെ ചെയ്യാമെന്ന് എന്റെ സാന്നിദ്ധ്യത്തിൽ അവരെന്നോടു സമ്മതിക്കും. പിന്നീട് തങ്ങൾക്കും തോന്നുന്നത് പ്രവർത്തിക്കുകയും ചെയ്യും.''

ആയത്തുല്ലാ മുതഹരിയുടെ രക്തസാക്ഷിത്വത്തെത്തുടർന്ന് അദ്ദേഹത്തിന്റെ സ്ഥാനത്ത് തലഗാനിയെയാണ് ഖുമൈനി വിപ്ലവകൗൺസിലിന്റെ തലവനായി നിയമിച്ചത്. മരിക്കുന്നതുവരെ അദ്ദേഹം ആ സ്ഥാനം അലങ്കരിച്ചിരുന്നു.

നിരന്തരമായ വിപ്ലവപ്രവർത്തനങ്ങൾക്കിടയിൽ ജയിൽവാസവും കൊടും പീഡനങ്ങളും സഹിക്കുന്നതോടൊപ്പം തലഗാനി മഹത്തായ ചില രചനകൾ നിർവ്വഹിച്ചിട്ടുണ്ട്. അറുപതുകളുടെ ആദ്യത്തിലെഴുതിയ 'ഇസ്‌ലാമും ഉടമാവകാശവും' (ഇസ്‌ലാം വ മാലികിയ്യത്ത്) എന്ന ഗ്രന്ഥം വളരെ അമൂല്യമായ ഒന്നാണ്. മാർക്സിസത്തെയും കാപിറ്റലിസത്തെയും വിമർശിക്കുന്ന തലഗാനി പ്രസ്തുത ഗ്രന്ഥത്തിൽ വർഗ്ഗചൂഷണത്തോടുള്ള ഇസ്‌ലാമിന്റെ എതിർപ്പ് തറപ്പിച്ചുപറയുന്നുണ്ട്. കൃഷി ചെയ്യാതെയിട്ട ഭൂമി കൈവശം വെച്ചിട്ടുള്ള വ്യക്തി കർഷകർക്ക് വിട്ടുകൊടുക്കണമെന്ന ഇസ്‌ലാമിന്റെ നിയമത്തിൽ തലഗാനി ശക്തമായി ഊന്നുന്നു. സമ്പത്തിന്റെ പുനർവിതരണത്തിന് ഈ രീതിയിൽ ഇസ്‌ലാമിക നിയമങ്ങളെ നിമിത്തങ്ങളായി ഉപയോഗിക്കണമെന്ന് അദ്ദേഹം വാദിക്കുന്നു. ഔദാര്യവാനായ ദൈവം മനുഷ്യരാശിക്ക് മൊത്തമായി നൽകിയിരിക്കുന്ന പ്രകൃതിവിഭവങ്ങളിൽ എല്ലാവർക്കും ആവശ്യമുള്ളത്രയുണ്ടെന്നും ആ വിഭവങ്ങളിലേക്ക് സമൂഹത്തിലെ എല്ലാവർക്കും പ്രവേശനമുണ്ടാക്കേണ്ടത് ഇസ്‌ലാമിന്റെ കർത്തവ്യമാണെന്നുമാണ് തലഗാനിയുടെ അഭിപ്രായം. തലഗാനിയുടെ ഈഗ്രന്ഥം ഇറാനിൽ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയുടെ മാർഗ്ഗദർശനങ്ങളിലൊന്നാണ്.

തലഗാനിയുടെ മറ്റൊരു അമൂല്യ സംഭാവനയാണ് അദ്ദേഹത്തിന്റെ 'പർത്തൂയി അസ് ഖുർആൻ' (ഖുർആന്റെ കിരണം) എന്ന മഹത്തായ ഖുർആൻ വ്യാഖ്യാനം. പേർഷ്യൻ ഭാഷയിലെഴുതിയ ഈ ഖുർആൻ വ്യാഖ്യാനം ഇറാനിലെ യുവാക്കളെ വളരെയേറെ സ്വാധീനിച്ചിട്ടുള്ളതാണ്. ഖുർആൻ അമൂല്യങ്ങളായ സാരങ്ങളിലേക്ക് അനായാസം സഞ്ചരിക്കാനുള്ള വഴിയൊരുക്കുകയാണ് തലഗാനി തന്റെ ഈ വ്യാഖ്യാനത്തിലൂടെ. ഖുർആനും മനുഷ്യജീവിതവും തമ്മിലുള്ള ബന്ധം ഇതിലൂടെ അനുവാചകർക്ക് വ്യക്തമായി ബോദ്ധ്യപ്പെടും. തലഗാനിയുടെ പല വ്യാഖ്യാനങ്ങളും പുതുമയുറ്റതും കൗതുകകരവുമാണ്. പർത്തൂയീ അസ് ഖുർആൻ തികച്ചും തുല്യതയില്ലാത്തതാണ്. തലഗാനിയുടെ മഹാപാണ്ഡിത്യത്തിന്റെ അടിസ്ഥാനമുള്ള സ്വതന്ത്രചിന്ത മറ്റെല്ലാത്തിലുമെന്നപോലെ അദ്ദേഹത്തിന്റെ ഈ ഖുർആൻ വ്യാഖ്യാനത്തിലും ദൃശ്യമാണ്.

1963 ജൂണിൽ തലഗാനി ഹിദായത്ത് പള്ളിയിൽ ചെയ്ത പ്രഭാഷണമാണ് നമ്മുടെ ഈ വിവർത്തിത കൃതി. ഇമാം ഖുമൈനിയുടെ നേതൃത്വത്തിൽ ഇസ്‌ലാമിക വിപ്ലവം ശക്തി പ്രാപിക്കുന്ന ഘട്ടമായിരുന്നു അത്. അഥവാ ജിഹാദിന്റെയും ശഹാദത്തിന്റെയും വികാരം ജനങ്ങൾക്കിടയിൽ

പരിപക്വമാവുകയും അതവരെ സമരവീഥിയിൽ സഞ്ചരിപ്പിക്കുകയും ചെയ്യുന്ന സാഹര്യം. സ്വാതന്ത്ര്യവും മോചനവും ഇസ്‌ലാമിക റിപ്പബ്ലിക്കും നേടിയെടുക്കാൻ ജനലക്ഷങ്ങൾ ജീവൻ നല്കിയതിന്റെയും അങ്ങനെ ഇരുപതാം നൂറ്റാണ്ടിലെ മഹാത്ഭുതമായ ഇറാൻ ഇസ്‌ലാമിക വിപ്ലവം വിജയിച്ചതിന്റെയും പിന്നിൽ ഈ വികാരമാണു പ്രവർത്തിച്ചത്.

ഒരാൾ സത്യത്തിനുവേണ്ടി അയാളുടെ മുഴുവൻ കഴിവുമുപയോഗിച്ച് പരിശ്രമിക്കലാണ് ജിഹാദ്. അതിനുവേണ്ടി അയാൾ തന്റെ ജീവൻ നല്കുമ്പോൾ അത് ശഹാദത്താകുന്നു. ദൈവേഛ മനുഷ്യേഛകളെ ഭരിക്കാൻ മാത്രം സത്യത്തിലുള്ള വിശ്വാസവും അതിനുവേണ്ടിയുള്ള സമർപ്പണ ബോധവും തന്നിൽ ശക്തിപ്രാപിക്കുമ്പോഴാണ് അയാൾക്കതിനു കഴിയുന്നത്. വളരെയേറെ തർക്കങ്ങൾ നിലനിൽക്കുന്നതും തെറ്റിദ്ധാരണകൾക്കു വിധേയമായിട്ടുള്ളതും ശത്രുകൾ മനഃപൂർവ്വം തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വിഷയമാണ് ജിഹാദ് എന്നതിനാൽ ഇത്തരമൊരു ചെറുപുസ്തകത്തിൽ അതിന്റെ എല്ലാ വശങ്ങളും സമഗ്രമായി പ്രതിപാദിക്കുക അസാദ്ധ്യമാണ്. എങ്കിലും വിഷയത്തെക്കുറിച്ചുള്ള മൗലികവും വ്യക്തവുമായ ഒരു കാഴ്ചപ്പാട് ഇത് പ്രദാനം ചെയ്യുന്നുണ്ട്. വെറുമൊരു അക്കാദമികന്റെ പഠനമല്ല, പൊരുതി ജീവിച്ച ഒരു മഹാപണ്ഡിതന്റെ വാക്കുകളാണിതെന്നതിനാൽ ഇത് കൂടുതൽ വിലപ്പെട്ടതാണ്. വിപ്ലവ ഇറാന്റെ സാമൂഹിക പശ്ചാത്തലമാണ് ഇതിനുള്ളതെങ്കിലും എല്ലായിടത്തെയും എക്കാലത്തെയും സമരത്തിന്റെ തത്വവും രക്തസാക്ഷിത്വത്തിന്റെ പൊരുളും ഇത് പഠിപ്പിക്കുന്നു. അവരവരുടെ ജീവിതാവസ്ഥകളിൽ ജിഹാദ് എങ്ങനെ പ്രയോഗിക്കണമെന്ന് ഓരോ നാട്ടിലെയും ഓരോ കാലഘട്ടത്തിലെയും തീരുമാനശേഷിയുള്ള ജ്ഞാനോൽബുദ്ധരായ പണ്ഡിതർ നിശ്ചയിക്കണം. ഏതായാലും, ഒരക്രമിയുടെ അക്രമത്തിനും ഒരു നീതിമാന്റെ നീതിക്കും ദുർബ്ബലപ്പെടുത്താനാവാത്തതും തിന്മ അന്തിമമായി ഉന്മൂലനം ചെയ്യപ്പെടുന്നതുവരെ നിലനില്ക്കുന്നതുമായ ഒന്നാണ് ജിഹാദെന്ന് നബി നായകൻ (സ) അരുളിയിട്ടുള്ളതിന്റെ വെളിച്ചത്തിൽ ജിഹാദിൽ നിന്ന് ആർക്കും ഒരിക്കലും ഒഴിഞ്ഞുനില്ക്കാനാവില്ലെന്നു വ്യക്തം. അതിനെ സ്ഥലകാലോചിതമായി വ്യാഖ്യാനിക്കാനേ ആകൂ.

1979 സെപ്തമ്പർ 10ന് തലഗാനി ഹൃദയാഘാതം മൂലം അന്തരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം കളിപ്പിക്കാനെടുത്തപ്പോൾ കണ്ട കാഴ്ച വിസ്മയാവഹമായിരുന്നു. മുതുകിൽ 'ഷാ സിന്ദാബാദ്' എന്ന് തീപ്പൊള്ളിച്ച് കരിച്ച പാടുകൾ! ജയിലിൽ വെച്ചേറ്റ പീഡനങ്ങളിൽപ്പെട്ടതായിരുന്നു അത്. അദ്ദേഹം തന്റെ ജീവിതകാലത്ത് അതാരെയും കാണിക്കുകയോ അറീക്കുകയോ ചെയ്തിരുന്നില്ല!

തലഗാനിയെ അദ്ദേഹത്തിന്റെ അഭിലാഷപ്രകാരം ഇസ്‌ലാമിക വിപ്ലവത്തിന്റെ രക്തസാക്ഷികളെ മറവുചെയ്തിട്ടുള്ള 'ബെഹെശ്ത്തെ സഹ്റാ' ശ്മശാനത്തിലാണ് മറവുചെയ്തിരിക്കുന്നത്. ഇമാം ഖുമൈനി തന്റെ അനുശോചനത്തിൽ തലഗാനിയെ ഇങ്ങനെ അനുസ്മരിച്ചു: ''അദ്ദേഹം ഇസ്‌ലാമിന് അബൂദർറി(റ) നെപ്പോലെയായിരുന്നു; അദ്ദേഹത്തിന്റെ നാക്ക് മാലിക് അശ്ത്തറിന്റെ പടവാൾപോലെ മൂർച്ചയുള്ളതും ആഴത്തിൽ പതിയുന്നതുമായിരുന്നു; അദ്ദേഹത്തിന്റെ മരണം നേരത്തെയായി. എങ്കിലും അദ്ദേഹത്തിന്റെ ജീവിതം സഫലമാണ്.''

– സി. ഹംസ

## ജിഹാദും ശഹാദത്തും

വിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊരുതുന്നു. നിഷേധികൾ താഗൂത്തിന്റെ മാർഗ്ഗത്തിൽ പൊരുതുന്നു. ആകയാൽ നിങ്ങൾ പിശാചിന്റെ കൂട്ടാളികളോട് പൊരുതുക. പിശാചിന്റെ തന്ത്രം ദുർബ്ബലമാകുന്നു. (ഖുർആൻ 4:76).[1]

വ്യാപകമായി ചർച്ചചെയ്യപ്പെടാറുള്ള ഇസ്‌ലാമിലെ ഒരു പ്രധാനവിഷയമാണ് 'ജിഹാദ്'.[2] ഖുർആനിൽ വിശ്വാസം, സദാചാരം, സമൂഹം, നിയമം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിവിധ രൂപേണ കൈകാര്യംചെയ്യുന്ന ഏതാനും സൂക്തങ്ങൾ കഴിഞ്ഞാൽ ജിഹാദിനുള്ള ആഹ്വാനം കാണാം. ഇതൊരു വശത്ത്. മറുവശത്ത്, കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ ഇസ്‌ലാമിനെതിരിൽ ഉയർത്തപ്പെട്ടിട്ടുള്ള കുപ്രചാരണങ്ങളിൽ ഒന്നാമത്തേത് മുസ്‌ലിംകൾ നടത്തിയ യുദ്ധങ്ങൾ, കീഴടക്കലുകൾ, മുന്നേറ്റങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചുള്ളതാണ്. നമ്മുടെ യുവാക്കളെയും അഭ്യസ്തവിദ്യരെയും ഏറെയോ കുറച്ചോ സ്വാധീനിക്കാൻ വ്യാപകമായ ആ കുപ്രചാരണങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, മുസ്‌ലിംകളിലും അമുസ്‌ലിംകളിലുംപെട്ട നിഷ്പക്ഷപണ്ഡിതർ ഇസ്‌ലാമിനെയും നീതിയിലധിഷ്ഠിതമായ അതിന്റെ സമരതത്വങ്ങളെയും സംരക്ഷിച്ചുപോരികയുണ്ടായി. ഇസ്‌ലാമിൽ ജിഹാ

ദിന്റെ അർത്ഥമെന്ത്? ഇസ്‌ലാം ലോകത്തിൽ എങ്ങനെ വളർച്ചനേടി? അറേബ്യാ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാം നയിച്ച ബുദ്ധിപരവും സാമൂഹികവും ധാർമ്മികവുമായ വിപ്ലവത്തിന്റെ ഹേതുവായി എത്ര മനുഷ്യർക്ക് ജീവഹാനി സംഭവിച്ചു? ഇസ്‌ലാമികയുഗത്തിന്റെ ആദ്യത്തിൽ നടന്ന യുദ്ധങ്ങൾ പ്രതിരോധമോ കടന്നാക്രമണമോ? ഈ ചോദ്യങ്ങൾ പരിശോധിക്കുകയാണ് ആ പണ്ഡിതർ ചെയ്തത്.

പ്രതിരോധം മതപരമോ സാമൂഹികമോ ആയ പരിഗണനകളിൽ വരുന്നതിനുമുമ്പുതന്നെ. ജീവനുള്ള വസ്തുക്കളുടെ പ്രകൃതിപരവും സ്വതസിദ്ധവുമായ ഒരു സവിശേഷതയാണ്. മനുഷ്യനിൽ ദേഷ്യം എന്ന ഒരു ശക്തിവിശേഷം അടങ്ങിയിരിക്കുന്നതുകാണാം. ജന്തുക്കളിലും വിവിധരൂപത്തിൽ ഏറിയും കുറഞ്ഞും ഇതുപോലുള്ളശക്തിവിശേഷമുണ്ട് നിലനില്പിനുള്ള അവകാശം കാത്തുരക്ഷിക്കലാണ് ഇതിന്റെ ധർമ്മം. എല്ലാ ജീവജാലങ്ങളും ഏതെങ്കിലും തരത്തിലും പ്രതിരോധശേഷി ഉൾക്കൊള്ളുന്നു. വേണ്ടസമയത്ത് ആ ശേഷി സഹജവാസനാപ്രേരിതമായി പ്രതിരോധാവയവങ്ങളിലേക്കു നീങ്ങുന്നു. സസ്യങ്ങളിലുമുണ്ട് ഏറിയും കുറഞ്ഞും ഈ ശേഷി. പല ചെടികളുടെയും പൂക്കളും കായ്കനികളും മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ളതാവാം. എന്നാൽ ചിലതിന്റെ കനികൾ അതാതിന്റെ പുനരുല്പാദനത്തിനുവേണ്ടി മാത്രമുള്ളതാണ്. മനുഷ്യർക്കു അവ കണ്ടാസ്വാദിക്കാമെന്നുമാത്രം. ഇക്കാരണം കൊണ്ടാണ് ചില ചെടികൾക്കുവലിയ കൂർത്ത മുള്ളുകളുള്ളത്. അവയുടെ സൗന്ദര്യസൗരഭ്യങ്ങളെ അപഹരിക്കാൻ വരുന്നവർക്കെതിരിലുള്ള പ്രതിരോധായുധങ്ങളാണ് ആ മുള്ളുകൾ. കവിവാക്യം ശ്രദ്ധിക്കുക:

നീ എത്രയിങ്ങനെ

മഞ്ഞുകട്ടപോൽ

ചുണകെട്ട് കഴിയും? അല്ലെങ്കിൽ,

വെള്ളത്തിൽ ചത്ത എലിപോൽ

പൊങ്ങുതടിയായൊഴുകും?

അതൃപ്തി അകത്ത് കലഹമുണ്ടാക്കും;

അക്രമത്തിന് ഒതുങ്ങിക്കൊടുക്കൽ

അപമാനമാണ്.

പനിനീർച്ചെടിയെപ്പോലെ

നീ നിന്റെ ആയുധം

ചുമലിൽ വഹിക്കുക.

എങ്കിൽ നിനക്ക് നിന്റെ പൂക്കളെ

മനോഹരമായി പ്രദർശിപ്പിക്കാം.[3]

അടിമമനസ്ഥിതിയും അപകർഷതയും മനുഷ്യനിലെ പ്രാപ്തികൾക്കിടയിലുള്ള പൊരുത്തത്തിന് പോറലേല്പിക്കുന്നതാണ്. അത്തരം അവസ്ഥകളിൽ ജീവിക്കുന്നവർ തങ്ങൾ ചിന്തിക്കുന്ന വസ്തുതകൾ നാക്കുകൊണ്ടോ കൈകൊണ്ടോ പുറത്തേക്കു പ്രകടിപ്പിക്കാനാവാതെ വിഷമിക്കും. ഇതുതന്നെയാണ് മേല്പറഞ്ഞ പൊരുത്തക്കേട് - ഒരാളുടെ ബോധ്യവും പ്രവർത്തനങ്ങളും തമ്മിൽ ചേർച്ചയില്ലാതാവൽ. പനിനീർച്ചെടിക്ക് അതിന്റെ പുഷ്പങ്ങളുടെ ഭംഗിയും പുതുമയും സംരക്ഷിച്ചുനിർത്തണമെങ്കിൽ, അഥവാ അതിന് അതിന്റെ അന്തസ്സ് നിലനിർത്തണമെങ്കിൽ, കവർച്ചക്കാരുടെ കൈക്ക് അത് മുറിവേല്പിക്കുക തന്നെ വേണം. പരിണാമനിയമമനുസരിച്ച്, കൊമ്പും നഖവും പല്ലും വളരുന്നതിതിനുവേണ്ടിയത്രെ. മനുഷ്യനിൽ ദേഷ്യരൂപത്തിലാണിതു പ്രത്യക്ഷപ്പെടുന്നത്. മനുഷ്യനിൽ യുക്തി മറ്റെല്ലാ കഴിവുകളെയും മാർഗ്ഗദർശനം ചെയ്യുന്നതിനാൽ അവൻ ദേഷ്യത്തെ തന്റെ അഭിമാനം, അവകാശങ്ങൾ, ഭൂപ്രദേശം, സമൂഹം, രാഷ്ട്രം എന്നിവയുടെയും തന്റേതായ മറ്റെല്ലാത്തിന്റെയും പരിരക്ഷക്കുള്ള ആയുധമായി ഉപയോഗിക്കുന്നു. അപ്പോൾ, ഒരു പ്രവാചകനോ നിയമാവിഷ്കർത്താവോ ഒരു സമൂഹത്തിൽ യുദ്ധവും പ്രതിരോധവും ഇല്ലാതാകേണ്ടതാണെന്ന വിധി നല്കുകയാണെങ്കിൽ, ലൈംഗിക വികാരം അനാശാസ്യമായ സാമൂഹികപ്രവണതകൾക്കു കാരണമാകു

ന്നുവെന്ന കാരണം പറഞ്ഞ് എല്ലാ സ്ത്രീ-പുരുഷൻമാരും തങ്ങളുടെ പ്രജനനാവയവങ്ങൾ ഛേദിച്ചുകളയണമെന്ന് വിധിക്കുന്നതിന് തുല്യമായിരിക്കും അത്. പ്രകൃതിപരമായ എല്ലാ കഴിവുകൾക്കും അവയുടെതായ പ്രവർത്തനമണ്ഡലങ്ങളുണ്ട്. ശരിയായ മാർഗ്ഗദർശനമാണ് അവയ്ക്കാവശ്യം ദൈവം നല്കിയ കഴിവുകൾ അവയുടെ യഥാർത്ഥ ധർമ്മങ്ങളിലേയ്ക്കു തിരിച്ചുവിടുക മനുഷ്യന്റെ കർത്തവ്യമാണ്. മനുഷ്യന്റെ പ്രജനനവും സുരക്ഷിതത്വവുമാണ് മേല്പറഞ്ഞ കഴിവുകളുടെ ധർമ്മം. ദൈവം വിശപ്പ് സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട്, നിലനില്ക്കാനും ആരോഗ്യം സംരക്ഷിക്കാനുംമാത്രം ഭക്ഷണം കഴിക്കുക മനുഷ്യന്റെ കർത്തവ്യമായതുപോലെത്തന്നെയാണിത്. എന്നാൽ അതേ വിശപ്പും അതിനുള്ള പരിഹാരമായ ആഹാരവും അവയുടെ സ്വാഭാവിക അതിർത്തികൾ കവിഞ്ഞാൽ വിനാശകാരണങ്ങളാകാനിടയുണ്ട്. ഒരു തീറ്റിമാടൻ എൺപതോ നൂറോ കൊല്ലം ജീവിക്കുന്നതിപകരം മുപ്പതോ നാല്പതോ കൊല്ലം മാത്രം ജീവിച്ചേക്കാം - അമിതസംതൃപ്തി മൂലമുള്ള ആത്മഹത്യ! അപ്രകാരം തന്നെ, മനുഷ്യനിലെ ലൈംഗിക പ്രചോദനം അവിഹിതമായും ലംബടതയോടെയും ഉപയോഗിക്കുന്നതുനിമിത്തം, സിഫിലിസ്, ഗൊണോറിയ മുതലായ ലൈംഗിക രോഗങ്ങളുൾപ്പെടെ പലതുകൊണ്ടും സമൂഹത്തിന് ദോഷം സംഭവിക്കുന്നു. ദേഷ്യത്തിന്റെ കാര്യവും ഇതുതന്നെ. മനുഷ്യന് ദേഷ്യം വരുമ്പോൾ അവൻ ആയുധമെടുക്കുന്നു; തന്റെ അവകാശങ്ങൾ, അന്തസ്സ്, അഭിമാനം എന്നിവ അപകടത്തിലാവുമ്പോൾ അവൻ അതെടുത്തേതീരൂ. സൃഷ്ടിയിൽ ദൈവം നിശ്ചയിച്ചിട്ടുള്ള നിയമത്തിനനുസരണമായി മനുഷ്യനിലെ ദേഷ്യത്തെ മാർഗ്ഗദർശനം ചെയ്തില്ലെങ്കിൽ അതിനു മാർഗ്ഗച്യുതി പറ്റിപ്പോകും. നാട് വിസ്താരം കൂട്ടാനും മനുഷ്യനെ നശിപ്പിക്കാനും വേണ്ടിയുള്ള കീഴടക്കൽ യുദ്ധങ്ങളുണ്ടാവുകയെന്നതായിരിക്കും അതിന്റെ ഫലം. ദേഷ്യം ഒരു പ്രകൃതി യാഥാർത്ഥ്യമാണ്. അതിനെ ദൈവിക നിയമംകൊണ്ട് മാർഗ്ഗദർശനം ചെയ്യണം.

മതങ്ങളില്ലായിരുന്നെങ്കിൽ, എങ്ങനെയാണ് ലോകത്തിലെ ബുദ്ധിജീവികളും പരിഷ്ക്കർത്താക്കളും ഒരു പരിഹാരം കണ്ടെത്തുക? ഭൂമുഖത്തുനിന്ന് യുദ്ധം പാടേ അപ്രത്യക്ഷമാവണമെന്നു പറയാമോ? ഇന്ന് ലോകത്ത് വ്യപകമായി ഉയർത്തപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു മുറവിളിയാണിത്. സമാധാന സമിതികളും സ്ഥാപനങ്ങളും ആയുധനിയന്ത്രണത്തിനുവേണ്ടി രാപ്പകൽ പണിയെടുക്കുകയാണ്. അവ റൂമുകളിലും ഹാളുകളിലുമിരുന്ന് പരസ്യമായി പ്രവർത്തിക്കുമ്പോൾ അപ്പുറത്ത് രഹസ്യമായി നടക്കുന്നതെന്താണ്? നശീകരണായുധങ്ങളുണ്ടാക്കാനുള്ള ഭൂമത്തിലാണ് അവിടെ ഫാക്ടറികൾ. സമാധാനത്തെക്കുറിച്ചും നിരായുധീകരണത്തെക്കുറിച്ചും വീമ്പുപറയുന്ന ആളുകളുടെ കീഴിൽ അണ്വായുധങ്ങളുടെ നിർമ്മാണം ചെയ്യുകയാണ് ഏകപരിഹാരം. അതാണിസ്ലാം പറയുന്നത്. യുദ്ധത്തിനും കൊലക്കും പകരം ഇസ്ലാം മുന്നോട്ടുവെയ്ക്കുന്നത് ജിഹാദ് സങ്കല്പമാണ്. ജിഹാദ് എന്ന പദം എപ്പോഴും 'ദൈവമാർഗ്ഗത്തിൽ' (ഫീസബീലില്ലാഹ്) എന്നുകൂടി ചേർത്തുകൊണ്ടാണ് പറയുന്നത്. എന്നാൽ ദൈവമാർഗ്ഗമേത്? ഏത് ദിശയിലേക്കാണതേ? ആകാശത്തിലേയ്ക്കോ? മക്കയിലേയ്ക്കോ? ജറൂശലേമിലേയ്ക്കോ? മനുഷ്യസമൂഹത്തിന്റെ നൻമയുടെയും സുസ്ഥിതിയുടെയും മാർഗ്ഗതന്നെ ദൈവമാർഗ്ഗം. അത് നീതിയുടെ മാർഗ്ഗമാണ്;സത്യത്തിന്റെ മാർഗ്ഗമാണ്; സ്വാതന്ത്ര്യത്തിന്റെ മാർഗ്ഗമാണ്. അതൊരു ലോകത്തിന്റെ നിർമ്മാണമാണ്. ആ ലോകത്തിൽ മനുഷ്യന്റെ ബുദ്ധിപരമായ പ്രവർത്തനത്തിനു തടസ്സമേർപ്പെടുത്താനോ, ദൈവം മുഴുവൻ മനുഷ്യരുടെയും പൊതു ഉപയോഗത്തിനു വേണ്ടി സൃഷ്ടിച്ച പ്രകൃതിവിഭവങ്ങൾ അപ്രകാരം ഉപയോഗിക്കുന്നത് തടയാനോ കഴിയുമാറ് ജനങ്ങളുടെ ഭാഗധേയത്തിനുമേൽ ഒരു പ്രത്യേകവിഭാഗമോ വർഗ്ഗമോ മേധാവിത്തം പുലർത്തുകയില്ല. ദൈവമാണ് മനുഷ്യന് പ്രകൃതിപരമായ ശക്തിവിശേഷങ്ങളും ബുദ്ധിപരമായ കഴിവുകളും പ്രദാനം ചെയ്തിരിക്കുന്നത്. അന്തരീക്ഷവും പ്രകാശവും ഭൂമിയും ദൈവം എല്ലാവർക്കുമായാണു സൃഷ്ടിച്ചിരിക്കുന്നത്. അതുപോലെ, ദൈവമാർഗ്ഗമെന്നതുകൊണ്ടുള്ള വിവക്ഷിതം മുഴുവൻ ജനങ്ങൾക്കും തങ്ങളുടെ മാനുഷികമായ സാദ്ധ്യതകൾ സ്വതന്ത്രമായി വികസിപ്പിക്കാനും അങ്ങനെ മുക്തി പ്രാപിക്കാനും കഴിയുന്ന ലോകമെന്നാണ്. ദൈവമാർഗ്ഗത്തിലുള്ള ജിഹാദ് ദൈവത്തിന്റെ കൽപ്പനയാണ്. ഇസ്ലാമിന്റെ കർമ്മശാസ്ത്രത്തിൽ ഒരു ഭാഗം ജിഹാദിനെക്കുറിച്ചുള്ളതാണ്. ഇബാദത്തിന്റെ കൂട്ടത്തിലാണ് അതുൾപ്പെടുത്തിയിരിക്കുന്നത്. ഇബാദത്ത് (ആരാധനകൾ) മുആമലാത്ത് (പരസ്പര ഇടപാടുബന്ധങ്ങൾ) എന്നിങ്ങനെ രണ്ടായിട്ടാണ് കർമ്മശാസ്ത്രത്തിൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇബാദത്തിൽ ദൈവത്തോടുള്ള സാമൂപ്യവിചാരം ഒരു മുൻവ്യവസ്ഥയാണ്. ഹജ്ജ്, നമസ്ക്കാരം, നോമ്പ്, ധർമ്മം ചെയ്യൽ, നല്ലതിന് പ്രേരണനല്കൽ, ചീത്തപ്രവൃത്തികൾ തടയൽ, ജിഹാദ് ഇവയാണ് ഇബാദത്തുകൾ. ദൈവത്തിന്റെ പ്രീതി അഭിലഷിക്കാതെ, ഒരാൾ ആയുധം ധരിച്ച് അവിശ്വാസികളുടമായി പൊരുതി എന്ന് വെയ്ക്കുക, അയാൾ ദൈവികപാരിതോഷികത്തിനർഹനാകുന്നില്ല. ആ നിലയിൽ കൊല്ലപ്പെട്ടുവെങ്കിൽ അയാൾ രക്തസാക്ഷിയായി പരിഗണിക്കപ്പെടുകയുമില്ല. ആത്മഹത്യ പോലെയുള്ള ഒരു വൃഥാവേലയായിട്ടേ

അയാളുടെ ആ കൃത്യം ഗണിക്കപ്പെടുകയുള്ളു. ദൈവികമായ ലക്ഷ്യമുള്ളവനേ ജിഹാദിനുവേണ്ടി ആയുധമെടുക്കാനാവുകയുള്ളു. ദൈവത്തിന്റെ പാരിതോഷികത്തിന് അവനേ അർഹനാകൂ. ദൈവത്തോടുള്ള സാമീപ്യവിചാരം ജിഹാദിന് ആദ്യമേ വേണ്ട ഒരു വ്യവസ്ഥയാണ്. ദൈവസാമീപ്യം ആത്മീയമായ ഒരടുക്കലാണ്. ദൈവമാർഗ്ഗത്തിലൂടെയാണ് അതിനു കഴിയുക. ദൈവം എന്താണോ അതാകുന്നതിലൂടെയാണ് നമുക്കു ദൈവസാമീപ്യം സിദ്ധിക്കുക. ദൈവം സാർവ്വത്രിക നന്മയാണ്. ദൈവത്തിന്റെ ഇഛയും ഗുണങ്ങളും പ്രപഞ്ചത്തിലും മനുഷ്യസമൂഹത്തിലും പ്രകടമാകുന്നു. ദൈവം ജ്ഞാനിയും നീതിമാനും കരുണാമയനുമാകുന്നു. ദൈവികമായ ജ്ഞാനം, നീതി, കാരുണ്യം എന്നിവ പുലർത്തുന്നതും അങ്ങനെ ജനങ്ങളുടെനേരെ നന്മയുടെ കവാടങ്ങൾ തുറന്നിടുന്നതും ദൈവമാർഗ്ഗത്തിലുള്ള ജിഹാദാണ്. അങ്ങനെ ജിഹാദ് ഇബാദത്താകുന്നു. ഖുർആനിൽ നിങ്ങൾ യുദ്ധം ചെയ്യൂ (ഖാത്തിലൂ) നിങ്ങൾ സമരം നടത്തൂ (ജാഹിദൂ) എന്നിങ്ങനെ ആജ്ഞാപിക്കുന്നിടത്തെല്ലാം ദൈവമാർഗ്ഗത്തിൽ (ഫീസബീലില്ലാഹ്) എന്നു കൂടി കാണാം. നാം തുടക്കത്തിലുദ്ധരിച്ച സൂക്തത്തിൽ വിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിലും നിഷേധികൾ താഗൂത്തിന്റെ മാർഗ്ഗത്തിലും പൊരുതുന്നുവെന്നും, ആകയാൽ നിങ്ങൾ പിശാചിന്റെ കൂട്ടാളികളോട് പൊരുതുകയെന്നും പിശാചിന്റെ തന്ത്രം ദുർബ്ബലമാകുന്നുവെന്നും പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.

യുദ്ധം ലോകത്തിൽ എന്നുമുള്ളതാണെന്ന വസ്തുതയിലേക്ക് ഈ സൂക്തത്തിന്റെ ആദ്യഭാഗം സൂചന നല്കുന്നുണ്ട്.[5] മനുഷ്യപ്രകൃതിയുമായി അനുരൂപ്യമുള്ളതാണ് ഈയവസ്ഥ. ലോകത്തിൽ രണ്ടുതരം ആൾക്കാരാണുള്ളത്: വിശ്വാസികളും നിഷേധികളും. വിശ്വാസികൾ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊരുതുന്നു. നിഷേധികൾ താഗൂത്തിൽ വിശ്വസിക്കുന്നവരാണ്. അതിനാൽ അവർ താഗൂത്തിന്റെ മാർഗ്ഗത്തിൽ പൊരുതുന്നു. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ജീവിതം സമരമാണ്; യുദ്ധഭൂമിയാണ്. ഇവിടെ ഉന്നതമായ ലക്ഷ്യമുള്ളവർ ദൈവമാർഗ്ഗത്തിൽ പ്രയത്നിക്കുന്നു. ദൈവത്തിന്റേതല്ലാത്തൊരു മാർഗ്ഗമുണ്ട്. അതാണ് താഗൂത്തിന്റെ മാർഗ്ഗം. എന്താണ് താഗൂത്ത്?[6] ഈ പദത്തെക്കുറിച്ചല്പം ചിന്തിക്കാം. ഖുർആൻ വായിക്കുന്നവർ ഈ പദം യഥാർഹം ശ്രദ്ധിക്കാറുണ്ടോ ആവോ? പ്രളയം, ധിക്കാരം, പൊട്ടിത്തെറി എന്നീ അർത്ഥങ്ങളുള്ള 'ത്വുഗ്‌യാനി'ൽ നിന്നാണ് ത്വാഗൂത്തിന്റെ ഉത്ഭവം. ക്രിയാരൂപം 'ത്വഗാ'. 'ത്വഗൽമാഉ' എന്നതിനർത്ഥം വെള്ളം അതിരു കവിഞ്ഞൊഴുകി അടുത്തുള്ള വീടും വയലുമെല്ലാം നശിപ്പിക്കുകയും മരങ്ങൾ കടപുഴക്കുകയും ചെയ്തുവെന്നാണ്. താഗൂത്ത് ധിക്കാരിയും അതിരുകവിഞ്ഞവനും സ്വാർത്ഥിയുമാണ്. സ്വേഛാധിപതി, ദുശ്ശാസനൻ എന്നീ അർത്ഥങ്ങൾ ധ്വനിപ്പിക്കുന്നതിനുവേണ്ടി ഗ്രീക്ക് തത്വചിന്തകർ കണ്ടെത്തിയ വാക്കുകളേക്കാളും, പിന്നീട് സാമൂഹികശാസ്ത്രകാരന്മാർ പ്രസ്തുത അർത്ഥങ്ങളിൽ ഉപയോഗിച്ചു പോരുന്ന 'ഡെസ്പോട്ട്', 'റൈറന്റ്' എന്നീ സംജ്ഞകളേക്കാളുമെല്ലാം ഏറെ അർത്ഥവത്തായത് താഗൂത്താണ്.[7] സ്വന്തം കാര്യത്തിൽ സ്വേഛാധിപത്യം നടത്തുന്നവനും റൈറന്റ് ആവാം. ഒന്നുകൂടി വ്യക്തമായിപ്പറയുകയാണെങ്കിൽ, അയാളുടെ വികാരങ്ങൾ അയാളുടെമേൽ ആധിപത്യം ചെലുത്തുകയും അയാളെ നിയന്ത്രിക്കുകയുമായിരിക്കാം. എന്നാൽ താഗൂത്ത് അയാളുടെ യഥാർത്ഥ സാമൂഹികപരിധികൾ അതിലംഘിക്കുന്നവനാണ്. സാമൂഹികപരിധികൾ അയാൾ ചവുട്ടിമെതിക്കുന്നു. കാമവികാരങ്ങളുടെ കൊടുങ്കാറ്റ് അതിരും എതിരുമറിയാതെ അടിച്ചുവീശിയതുപോലെയായിരിക്കുമത്. താഗൂത്ത് വിഗ്രഹമാണെന്ന് ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. വിഗ്രഹങ്ങളും ഒരു തരം താഗൂത്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്നത് തീർച്ചയാണ്. പക്ഷെ, രണ്ടും പര്യായങ്ങളല്ല. താഗൂത്ത് വിഗ്രഹമേ ആകാവൂ എന്നില്ല. സാധാരണയായി പ്രസ്തുത അർത്ഥം കുറിക്കാൻ ആ വാക്ക് ഉപയോഗിക്കാറുമില്ല. ഖുർആനിലെ മറ്റൊരു വാക്യത്തിൽ ഇങ്ങനെ വായിക്കാം:

''താഗൂത്തിനെ പരിത്യജിക്കാൻ കല്പിച്ചിട്ട് അവർ താഗൂത്തിന്റടുത്തേയ്ക്ക് വിധിതീർപ്പ് കിട്ടാൻ പോകുന്നു...''[8] താഗൂത്ത് വിഗ്രഹമാണെന്നുവന്നാൽ അതെങ്ങനെ വിധിതീർപ്പ് നല്കും? അപ്പോൾ താഗൂത്തിന്റെ അർത്ഥം വിഗ്രഹമെന്നല്ലെന്നു വ്യക്തം. താഗൂത്ത് എന്നപദം ഖുർആനിൽ എട്ടുതവണ ആവർത്തിച്ചിട്ടുണ്ട്.[9] നിർബ്ബന്ധ നമസ്ക്കാരങ്ങൾക്കു ശേഷം പാരായണം ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 'അൽബഖറസൂറ'യിലെ 'ആയത്തുൽകുർസി'[10] യെത്തുടർന്നുള്ള രണ്ടു സൂക്തങ്ങളിലായി ഇപ്പദം രണ്ടുതവണ വന്നിട്ടുണ്ട്. അതിങ്ങനെ വായിക്കാം:

''മതത്തിൽ അടിച്ചേല്പിക്കലില്ല. ശരിതെറ്റുകൾ വേർതിരിഞ്ഞുകഴിഞ്ഞു. ഈ സ്ഥിതിയിൽ താഗൂത്തനെ തള്ളുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ഒരിക്കലും പൊട്ടാത്ത ബലവത്തായ പാശമാണു പിടിച്ചിരിക്കുന്നത്. അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. അല്ലാഹു വിശ്വാസികളുടെ രക്ഷിതാവാകുന്നു. അന്ധകാരങ്ങളിൽനിന്ന് അവൻ അവരെ വെളിച്ചത്തി

ലേയ്ക്കു നയിക്കും. എന്നാൽ അവിശ്വാസികൾ, അവരുടെ രക്ഷിതാക്കൾ താഗൂത്താണ്. അവർ അവരെ വെളിച്ചത്തിൽനിന്ന് അന്ധകാരങ്ങളിലേയ്ക്കു കൊണ്ടുപോവുകയാണ്...''[11]

രണ്ടു സാദ്ധ്യതകളേ ഉള്ളു. മനുഷ്യന്റെ അസ്തിത്വവും അവന്റെ ഇഛയും ഒന്നുകിൽ ദൈവത്തിന്റെ നിയന്ത്രണത്തിലാവുക. തൽഫലമായി വ്യക്തി ക്രമത്തിൽ സ്വാർത്ഥത്തിന്റെയും തിൻമയുടെയും അന്ധകാരത്തിൽനിന്ന് രക്ഷപ്രാപിക്കുകയും അങ്ങനെ ജ്ഞാനത്തിന്റെയും ബുദ്ധിയുടെയും സഹായത്താൽ അവന്റെ കാഴ്ചപ്പാട് വിശാലമായിത്തീരുകയും ചെയ്യുന്നു. അല്ലാത്തപക്ഷം താഗൂത്ത് അവനെ അധീനപ്പെടുത്തും. ദൈവത്തെ നിരാകരിച്ചാൽ താഗൂത്തിനെ വരിക്കേണ്ടിവരികയെന്നത് സ്വാഭാവികമായിത്തന്നെ സംഭവിക്കുന്നതാണ്. ഒരു 'വലി'[12] (രക്ഷാകർത്താവ്)യെക്കൂടാതെ മനുഷ്യനു ജീവിക്കാനാവില്ല. അതൊന്നുകിൽ ദൈവമായിരിക്കും. അല്ലെങ്കിൽ താഗൂത്തായിരിക്കും. പ്രവാചകനും ഇമാമുകളും രക്ഷാകർത്താക്കളാണെന്ന് നമുക്കുപറയാം. ദൈവേഛ അവർ നടപ്പിലാക്കുന്നുവെന്ന അർത്ഥത്തിലാണത്. ഇക്കാരണം കൊണ്ടുതന്നെ അവർ ദൈവികരക്ഷാകർത്താക്കളാ (വലിയ്യുല്ലാഹ്)ണ്. ഈ രക്ഷാകർത്താക്കൾക്ക് ജനങ്ങളുടെ നന്മ എന്തിലാണെന്ന് അവരെക്കാൾ കൂടുതലറിയും. മഹാനായ പ്രവാചകൻ(സ) ചോദിക്കുകയുണ്ടായി: ''നിങ്ങൾ നിങ്ങളോട് അടുത്തിരിക്കുന്നതിനേക്കാൾ ഞാനല്ലയോ നിങ്ങളോട് അടുത്തിരിക്കുന്നത്?''. അൽഗദീർ ദിന[13]ത്തിലാണ് അവിടുന്ന് അനുയായികളോട് ഈ ചോദ്യം ചോദിച്ചത്. ''നിങ്ങൾ വിവരം കെട്ടവരും വിഗ്രഹപൂജകരും ദുർബ്ബലരും അധസ്ഥിതരുമായിക്കഴിയാൻ താല്പര്യം കാട്ടുകയായിരുന്നു. പിന്നീട് എന്റെ കീഴിൽ നിങ്ങൾ എല്ലാം നേടുന്നതുകണ്ടു''വെന്ന് അവിടുന്ന് തദവസരത്തിൽ അവരെ ഓർമിപ്പിക്കുകയും ചെയ്തു. അറേബ്യായിൽ ഇത്തരത്തിലുള്ള ഒരു മാറ്റം പ്രകടമാവുകയും അത് പ്രായോഗികതലത്തിലെത്തുകയും ചെയ്തിരുന്നു അന്ന്.

അപ്പോൾ ദൈവത്തെയും ദൈവിക രക്ഷാകർത്താക്കളെയും ജനങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ അവർ താഗൂത്തിന്റെ അധീനത്തിലാകും. എന്തായിരിക്കും അതിന്റെ ഫലം? മനുഷ്യർ വെളിച്ചത്തിൽ നിന്ന് ഇരുട്ടിലേക്കു നയിക്കപ്പെടുക. അഥവാ ബുദ്ധിയുടെയും പ്രകൃതിയുടെയും വിജ്ഞാനത്തിൽനിന്ന് വികാരത്തിന്റെയും സംശയത്തിന്റെയും വിഷാദാത്മകതയുടെയും ഇരുളാർന്ന മേഖലകളിലേക്കവർ വലിച്ചിഴക്കപ്പെടും.

''വിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിലും നിഷേധികൾ താഗൂത്തിന്റെ മാർഗ്ഗത്തിലും പൊരുതുന്നു''വെന്ന പ്രസ്താവത്തിൽനിന്ന് യുദ്ധം ലോകത്തിൽ ഒരനിവാര്യസംഗതിയാണെന്ന് സിദ്ധിക്കുന്നു. ഒന്നുങ്കിൽ ലോകം തീരെ ഇല്ലാതാകുമ്പോൾ, അല്ലെങ്കിൽ ഈ ലോകത്തിലല്ലാത്ത മറ്റൊരു ലോകത്തിലാകുമ്പോൾ, അതുമല്ലെങ്കിൽ മനുഷ്യപ്രകൃതി നിശ്ശേഷം മാറുമ്പോൾ മാത്രമേ യുദ്ധമില്ലാതാകൂ. ഇത്തരത്തിലുള്ള ഒരു മാറ്റം നടന്നുകഴിഞ്ഞാൽ പുതിയ രൂപത്തിലുള്ള ഒരു ജീവിതമാണ് പിന്നീടവിടെ. ഇപ്പോഴുള്ളതുപോലെത്തെ ഒരു ലോകത്തിൽ നമ്മുടെ പ്രകൃതിയും ജന്മവാസനയും ഏതെങ്കിലും തരത്തിലുള്ള യുദ്ധം അനിവാര്യമാക്കിത്തീർക്കുന്നതാണ്. വിശ്വസിക്കുകയും ദൈവമാർഗ്ഗത്തിൽ പൊരുതുകയും ചെയ്യുന്നവരും, നിഷേധിക്കുകയും താഗൂത്തിന്റെ മാർഗ്ഗത്തിൽ പൊരുതുകയും ചെയ്യുന്നവരുമായ രണ്ടു വിഭാഗങ്ങൾക്കിടയിലാണ് വ്യത്യാസം.

ഒരു പൂർണ്ണമതം ക്രൈസ്തവതപോലെ. അത് യുദ്ധത്തിന്റെ അനിവാര്യത അംഗീകരിക്കും. യുദ്ധം പാടില്ല എന്ന ക്രൈസ്തവതയുടെ വാദം കേവലം ഉപരിപ്ലവപരമായ ഒന്നാണ്. ''ആരെങ്കിലും നിങ്ങളുടെ കവിളത്തടിച്ചാൽ തിരിച്ചടിക്കാതെ മറ്റേ കവിൾകൂടികാട്ടിക്കൊടുക്കുക''[14] യെന്ന ക്രിസ്തുവാക്യമനുസരിച്ചാണ് തങ്ങൾ ചിന്തിക്കുന്നതെന്നാണ് ക്രൈസ്തവർ അവകാശപ്പെടുന്നത്. എന്നാൽ ഇത് പ്രായോഗികമായി എത്രത്തോളം ശരിയായിരുന്നിട്ടുണ്ട്? ലോകത്തുണ്ടായ യുദ്ധങ്ങളെല്ലാം എവിടെ നിന്നാണുത്ഭവിച്ചത്? മുസ്ലിംകളുണ്ടാക്കിയതാണോ? ഈ നൂറ്റാണ്ടിൽ നടന്ന യുദ്ധങ്ങളുടെയും കൂട്ടക്കൊലകളുടെയും പിന്നിൽ ആരായിരുന്നു? ദൈവരാജ്യം ആഗ്രഹിക്കുന്നവർ വിവാഹം കഴിക്കരുതെന്നാണ് ക്രിസ്തുമതത്തിന്റെ മറ്റൊരു ശുപാർശ. ഇത് പ്രായോഗികമായിരുന്നിട്ടുണ്ടോ? ക്രൈസ്തവയൂറോപ്പ് കാമകേളികളുടെ കേന്ദ്രമായത് ഇത്തരം വിലക്കുകൾക്കെതിരിലുള്ള പ്രതികരണമായിരിക്കില്ലേ? ക്രൈസ്തവതയുടെ പേരിൽ പാതിരിമാരും കന്യാസ്ത്രീകളും ആശ്രമങ്ങളിലും കോൺവെന്റുകളിലും സ്വയം തളച്ചിട്ടിരിക്കുന്നു. തങ്ങളുടെ പ്രജനനകഴിവുകളെ തടഞ്ഞുവെച്ചിരിക്കുകയാണവർ. ഇത്തരം നിയമങ്ങളിൽ കടുകോളമെങ്കിലും സത്യമുണ്ടെന്ന് നമുക്കു ബോദ്ധ്യപ്പെട്ടാൽ ആദ്യകാലക്രൈസ്തവത ഒരു താൽക്കാലിക പ്രതിഭാസമോ കൃത്രിമ മതമോ ആയിരുന്നുവെന്ന നിഗമനത്തിൽ നമുക്കെത്തേണ്ടിവരും. എന്നാൽ, വിശുദ്ധ ഖുർആൻ ക്രിസ്തുവിനെ അംഗീകരിച്ചിരിക്കുന്നു. ആദ്യകാലക്രൈസ്തവത യഥാർത്ഥമതമായിരുന്നുവെന്നു വിശ്വസിക്കാൻ നാം ബാദ്ധ്യസ്ഥ

രാണ്. മേൽപ്പറഞ്ഞവിധത്തിലുള്ള അസംബന്ധങ്ങൾ പിന്നീടാരൊക്കെയോ അതിൽ കൂട്ടിച്ചേർത്ത താവാനേ സാദ്ധ്യതയുള്ളു. ഖുർആൻ പറയുന്നു: സന്ന്യാസം അവർ പിന്നീടുണ്ടാക്കിയതാണ്. നാം അതവർക്കു കല്പിച്ചതല്ല''(57:27).[15] ഏകാന്തവാസമെന്നു സന്ന്യാസത്തെ നിർവ്വചിക്കാൻ പറ്റില്ല. സ്വയം രക്ഷിക്കാതെ, സ്വന്തം അസ്തിത്വവും അവകാശങ്ങളും സംരക്ഷിക്കാൻ നടപടിയെടുക്കാതെ ഒരു മൂലയിലൊതുങ്ങുന്നതും സന്ന്യാസം തന്നെയാണ്. ഇത്തരത്തിലുള്ള പ്രവണത ഒരു സാർവ്വത്രി കനിയമമായിക്കൂടാ. മനുഷ്യന്റെ സഹജവാസനകളുടെ ജ്യാമിതി തിരിച്ചറിയുകയും അതിനനു സൃതം ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുന്ന മതത്തിനേ ലോകം ഭരിക്കാൻ സാധിക്കുകയുള്ളു. ആ മതം മനുഷ്യനിങ്ങനെ നിർദ്ദേശം നല്കണം: നീ നിന്നിലെ സഹജവാസനകളെയും കഴിവുക ളെയും യഥാർത്ഥ രീതിയിൽ ഉപയോഗിക്കണം. നിന്റെ അന്തസ്സ്, അവകാശങ്ങൾ, രാജ്യം, മതം, പൊതുവെ മനുഷ്യാവകാശങ്ങൾ എന്നിവ സംരക്ഷിക്കാൻ അവ നീ ഉപയോഗിക്കണം. കൊലയും കൊള്ളയും വികൃതമായ ലൈംഗികാഭാസങ്ങളും ഭൂവിസ്താരമോഹവും ലക്ഷ്യംവെച്ചുകൊണ്ട് നീ അവ ഉപയോഗിക്കരുത്. ഈ നിലയിൽ വാസനകളെയും കഴിവുകളെയും ക്രമപ്പെടുത്തണം.''

വീണ്ടും ഖുർആനിലേക്കു മടങ്ങാം: പീഡനത്തിനറുതിവരുവോളവും മതം അല്ലാഹുവിന്റേതാകു വോളവും അവരോട് യുദ്ധം ചെയ്യുക. എന്നാൽ അവർ വിരമിച്ചാൽ, അക്രമികളോടല്ലാതെ പിന്നീട് ശത്രുതയില്ല'' (2:193).[16] മറ്റൊരു വാക്യത്തിൽ ഇങ്ങനെയാണുള്ളത്: പീഡനത്തിനറുതി വരികയും മുഴുവൻ മതവും അല്ലാഹുവിന്റേതാവുകയും ചെയ്യുന്നതുവരെ അവരോട് യുദ്ധം ചെയ്യുക. എന്നാൽ അവർ വിരമിച്ചാൽ, അറിയുക, പിന്നെയങ്ങോട്ട് അവരെന്ത് ചെയ്യുമെന്ന് അല്ലാഹു നോക്കി ക്കൊള്ളും'' (8:39).

ഇതാണ് ദൈവമാർഗ്ഗം (സബീലുല്ലാഹ്). ഇതിന് ക്രിയാത്മകവും നിഷേധാത്മകവുമായ വശങ്ങളു ണ്ട്. ആദ്യം ജിഹാദിന് ആഹ്വാനം ചെയ്യുന്നു. പിന്നെ എന്തിനെന്ന് വിവരിക്കുന്നു. സ്വത്ത് പിടിച്ചട ക്കാനോ ഭൂവിസ്താരം വർദ്ധിപ്പിക്കാനോ യുദ്ധം ചെയ്യണമെന്ന് അത് പറയുന്നുണ്ടോ? ഇല്ല. സത്യ ത്തിന്റെ ശബ്ദം ലോകജനതയുടെ കാതുകളിലെത്തുകയാണ് അതിന്റെ ഉദ്ദേശ്യം. ഇതാണ് ദൈവ മാർഗ്ഗം എന്നതിന്റെ വിവക്ഷിതം. ജനങ്ങളെ സ്വതന്ത്രരാക്കണം. മറ്റൊരു വിധം പറഞ്ഞാൽ യഥാർത്ഥമായ മാനവിക ജീവിതത്തിനുവേണ്ടി തടസ്സങ്ങൾ നീക്കം ചെയ്യുക; പൊതു അഭിപ്രായം അമർച്ചചെയ്യുകയും ജനങ്ങളുടെ അവകാശങ്ങൾക്കു പ്രതിബന്ധമായി നില്ക്കുകയും ചെയ്യുന്ന ശക്തികളെയും വർഗ്ഗങ്ങളെയും ഉൻമൂലനം ചെയ്യുക; അവയെ തകർക്കുക; വീർപ്പ്മുട്ടിക്കുന്ന സാഹ ചര്യങ്ങളിൽ നിന്നു ജനങ്ങളെ മോചിതരാക്കുകയും അവർക്കു പ്രപഞ്ചത്തിന്റെ പ്രഭവകേന്ദ്രമായ ദൈവവുമായി ഉറ്റ അടുപ്പം വരുത്തുകയും ചെയ്യുക. മേലിൽ പീഡനമുണ്ടാവാനുള്ള സാദ്ധ്യത അവ ശേഷിക്കാതിരിക്കുമാറ് ഇതെല്ലാം ചെയ്യുണമെന്നാണ് കല്പിക്കപ്പെട്ടിട്ടുള്ളത്. ദുർബ്ബല ജനങ്ങളെ വഞ്ചിക്കുകയും തമ്മിലടിപ്പിക്കുകയും ചെയ്യുന്ന ആ കേന്ദ്രശക്തികൾ അവരെ ദൈവിക സത്യ ത്തിൽനിന്ന് ബഹുദൈവവാദത്തിലേയ്ക്കും വിഗ്രഹാരാധനയിലേയ്ക്കും മനുഷ്യനെ ആരാധിക്കുന്ന തിലേയ്ക്കും വഴിതെറ്റിക്കുകയും ചെയ്യുന്നു. പൂർണ്ണതയിലേയ്ക്കുള്ള മനുഷ്യന്റെ വളർച്ചയുടെ മാർഗ്ഗത്തിൽനിന്ന് ഈ തിന്മകൾ നീക്കം ചെയ്യേണ്ടതിനായി പോരാട്ടം നടത്തണം. പൊതുസ്വത്ത് സ്വഹിതാനുസൃതം ഉപയോഗിക്കുകയും ജനലക്ഷങ്ങളുടെ അവകാശങ്ങൾ അതിക്രമിക്കുകയും ചെയ്യുന്ന ആ വിശേഷവർഗ്ഗങ്ങളെ പിഴുതെറിയുന്നതിനുവേണ്ടിയാണിത്. മുമ്പു പേർഷ്യയിലും റോമിലുമുണ്ടായിരുന്ന സാമ്രാജ്യത്വങ്ങൾക്കു സംഭവിച്ചതുപോലെ.

പേർഷ്യൻ സൈന്യത്തലവൻ തന്നെ അഭിമുഖീകരിച്ച നഗ്ന പാദനായ ആ അറബിയോട് ''നിങ്ങ ളെന്തിനാണിങ്ങോട്ടുവന്നിരിക്കുന്നത്, കൊള്ളയടിക്കാനോ, കീഴടക്കാനോ, പട്ടിണികൊണ്ടോ, വസ്ത്രമില്ലാഞ്ഞിട്ടോ'' എന്നു ചോദിക്കുകയുണ്ടായി. അങ്ങനെ വല്ലതുമാണെങ്കിൽ, നിങ്ങൾക്കു ഭക്ഷണമോ പണമോ എന്താണുവേണ്ടതെങ്കിൽ അത് തന്ന് നിങ്ങളുടെ കൂട്ടത്തിലെ സാധാരണ പട്ടാ ളക്കാർമുതൽ പട്ടാളമേധാവികൾ വരെയുള്ളവരെ ഞങ്ങൾ സന്തോഷിപ്പിച്ചു വിട്ടുകൊള്ളാം, നിങ്ങൾ നാട്ടിലേയ്ക്കു തിരിച്ചുപൊയ്ക്കൊള്ളുകയെന്നും അദ്ദേഹത്തോടയാൾ പറഞ്ഞു. ഈ വാക്കുകൾ ആ പാവം അറബിയെ ആവേശംകൊള്ളിച്ചിരിക്കുമെന്നവർക്കു തോന്നിക്കാണും. എന്നാൽ അദ്ദേഹത്തിന്റെ പ്രതികരണം ചരിത്രം രേഖപ്പെടുത്തീട്ടുണ്ട്. അദ്ദേഹം ഒറ്റവാചകമേ പറ ഞ്ഞുള്ളൂ - അർത്ഥവത്തായ ഒരു വാചകം: ''മനുഷ്യരെ മനുഷ്യരുടെ ദാസ്യത്തിൽനിന്ന് അല്ലാഹു വിന്റെ ദാസ്യത്തിലേയ്ക്കും മതങ്ങളുടെ അനീതിയിൽനിന്ന് ഇസ്ലാമിന്റെ നീതിയിലേയ്ക്കും ഇഹ ലോകത്തിന്റെ സങ്കുചിതത്വത്തിൽ നിന്ന് ഇഹപരലോകങ്ങളുടെ വിശാലതയിലേയ്ക്കും മോചിപ്പിച്ചു കൊണ്ടുപോവുകയാണ് ഞങ്ങളുടെ ദൗത്യം.''[17] ഇതാണ് ഇസ്ലാമിലെ ജിഹാദ്. ഇതാണ് ജിഹാദിന്റെ അർത്ഥം. സത്യത്തിനുവേണ്ടി യത്നിക്കുകയാണ് ജിഹാദ്. അത് യുദ്ധമോ കൊലയോ പോലെയുള്ള

ഒന്നല്ല. സത്യത്തിനുവേണ്ടിയുള്ള യത്നമാണ് ജിഹാദ് എന്നതിനാലാണ് അത് ആരാധനകളുടെ കൂട്ടത്തിൽ ചർച്ചചെയ്യപ്പെടുന്നത്. ദൈവമാർഗ്ഗത്തിൽ എന്നത് അതിന്റെ വ്യവസ്ഥയാണ്.

ഒരാൾ നബി(സ)യോടു ചോദിച്ചു: ദൈവദൂതരേ, മുതൽ മോഹിച്ച് പടക്കളത്തിലേയ്ക്കു പോകുന്നവന് എന്ത്കിട്ടും?'' മറുപടിയായി അവിടുന്ന് മൂന്നു പ്രാവശ്യം ഇങ്ങനെ പറഞ്ഞു: അയാൾക്ക് ദൈവികമായ ഒരു പാരിതോഷികവുമില്ല.'' മറ്റൊരിക്കൽ മറ്റൊരാൾ ചോദിച്ചു: ധൈര്യം കാണിക്കാനോ പ്രശസ്തിക്കോ വേണ്ടി പടക്കളത്തിൽ പോകുന്നവനെ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പോരാളി (മുജാഹിദ് ഫീസബീലില്ലാഹ്) എന്നു പറയാമോ? ഇല്ലെന്നായിരുന്നു മറുപടി. ''അപ്പോൾ പിന്നെ ആരാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പോരാളി?'' എന്നു ചോദിച്ചതിന് ദൈവികവചനത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി പോരാടുന്നവൻ എന്നായിരുന്നു പ്രത്യുത്തരം. ദൈവേഛ പുലരുന്നതിനും അത് തങ്ങളുടെ ഇഛകളെ ഭരിക്കുന്നതിനും വേണ്ടി യത്നിക്കുന്നവനെന്നർത്ഥം. അപ്പോൾ ദൈവമാർഗ്ഗമെന്തെന്നും ഇസ്ലാമിലെ ജിഹാദ് എന്താണെന്നും വ്യക്തമായി. ഇതു സംബന്ധമായ മുഴുവൻ ഖുർആൻ സൂക്തങ്ങളും എടുത്തുദ്ധരിക്കാൻ ഈ ചർച്ചയുടെ പരിമിതി അനുവദിക്കുന്നില്ല.

ഇസ്ലാമിന്റെ ഒന്നാം തലമുറക്കുശേഷം കുറച്ചുകഴിഞ്ഞപ്പോൾ മുസ്ലിംകൾക്കു വ്യതിയാനം സംഭവിച്ചു. ഉമയ്യദ് ഭരണത്തിൽ ഇസ്ലാമിന്റെ എല്ലാ വശങ്ങളും രൂപഭേദങ്ങൾക്കു വിധേയമായപ്പോൾ ജിഹാദും ഒഴിവായില്ല. അതിനും രൂപഭേദം വന്നു. ഇംഗ്ലീഷുകാരനായ തോമസ് കാർലൈലിനെ ഇവിടെ അനുസ്മരിക്കാം.[18] എന്നിക്കദ്ദേഹത്തെ നേർക്കുനേരെ ഉദ്ധരിക്കാൻ കഴിയില്ല. ഇസ്ലാം അതിന്റെ മുന്നേറ്റത്തിൽ യുദ്ധവും വാളും മാർഗ്ഗമാക്കിയെന്ന ആരോപണത്തെ പരാമർശിക്കവെ, ഇത്തരം ഉപരിപ്ലവപരമായ കാര്യങ്ങൾക്കപ്പുറത്തേയ്ക്ക് ദൃഷ്ടി വികസിപ്പിക്കണമെന്ന് കാർലൈൻ നിർദ്ദേശിക്കുന്നു. ഇസ്ലാം ഒരു യഥാർഥ  മതമാണോ എന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യഥാർത്ഥ പ്രശ്നം. ഏകദൈവവിശ്വാസവും ദൈവത്തോടുള്ള അനുസരണവും പഠിപ്പിക്കുകയും ലോകത്തിന് ഗുണകരവും മനുഷ്യർക്കുപകാര പ്രദവുമായ നിയമവ്യവസ്ഥകളുൾക്കൊള്ളുകയും ചെയ്യുന്ന യഥാർത്ഥമതമാണ് ഇസ്ലാമെങ്കിൽ, അത്തരമൊരു മതത്തിന് മുന്നോട്ടുപോകേണ്ടതുണ്ട്. ആയുധമില്ലെങ്കിൽ പിന്നെ പല്ലും നഖവുമുപയോഗിച്ചുവേണ്ടിവരും അതിനു മുന്നേറാൻ. ഇസ്ലാം എന്തിന് വാളെടുത്ത് മുന്നേറിയെന്ന ചോദ്യം അപ്രസക്തമാണ്. മുന്നേറിയത് സത്യമോ അസത്യമോ എന്നതാണ് യഥാർത്ഥചോദ്യം. വാളെടുത്താണ് മുന്നേറിയത് എന്നതുകൊണ്ട് ഇത് അസത്യമാണ് എന്നു ചിലർ വാദിക്കാറുണ്ട്. അത് തെറ്റാണ്. നിങ്ങൾ മുൻധാരണ പിടിപെട്ടവരല്ലെങ്കിൽ, യൂറോപ്പിലെ നേരത്തെത്തന്നെ മുൻവിധിയുമായിക്കഴിയുന്ന ജനങ്ങൾക്കുവേണ്ടി ഇസ്ലാമിന്റെ തെറ്റായ ഒരു ചിത്രം വരച്ചുകൊടുക്കൽ നിങ്ങളുടെ ഉദ്ദേശ്യമല്ലെങ്കിൽ, നിങ്ങളെന്തിനിങ്ങനെ വാദിക്കണം? മുസ്ലിംകൾ യുദ്ധം ചെയ്തിട്ടുള്ളതുകൊണ്ട് ഇസ്ലാം തെറ്റായ മതമാണെന്നോ? ഇസ്ലാം ശരിയായ മതമായതുകൊണ്ട് യുദ്ധത്തിന്റെ ആവശ്യകത അതിന് അവഗണിക്കാനാവില്ല എന്നു പറയുന്നതല്ലേ യുക്തി?

പൂവില്ലാതെ ചെടിക്ക് മുള്ളെന്തിന്? മനുഷ്യന് ജീവിക്കാനും സ്വയംരക്ഷിക്കാനുമുള്ള വ്യക്തിപരമായ അവകാശമില്ലെങ്കിൽ പിന്നെ ദേഷ്യത്തിന്റെ പ്രവർത്തനമെന്താണ്? അന് ദേഷ്യമുണ്ടെങ്കിൽ മേല്പറഞ്ഞ അവകാശങ്ങളും മാർഗ്ഗത്തിൽ തന്റെ ദേഷ്യത്തെ അവൻ തിരിച്ചുവിടണം. തെറ്റായ വഴിക്കുതിരിച്ചുവിടാതിരിക്കുകയും വേണം. മനുഷ്യന്ഡ അവന്റെ അവകാശങ്ങൾ സംരക്ഷിക്കണം. എങ്കിലേ അവന് അന്തസ്സുള്ളു. അതാണ് ജിഹാദിന്റെ പൊരുൾ. നിയമങ്ങളും വിധികളുമുള്ള ഒരു യഥാർത്ഥമതത്തിന് ഇങ്ങനെയൊരു വശമുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ഒരു മതം അത് സത്യമാണെന്നും ലോകത്തെ ഉദ്ധരിക്കാൻ വന്നതാണെന്നും സ്വയം അവകാശപ്പെടുന്നു, പക്ഷെ അതിൽ പ്രതിരോധത്തിനോ പ്രചാരണത്തിനോ മുന്നേറ്റത്തിനോ ഉള്ള യാതൊരു ഏർപ്പാടുമില്ല. ഇത്തരമൊരു മതത്തെ ആർക്കു വിശ്വസിക്കാനാവും? ഇത്തരമൊരു മതം  ദൈവികമാണെന്നോ മാനവതയുടെ മോചനത്തിനുള്ളതാണെന്നോ മനുഷ്യരെ സത്യത്തിലേയ്ക്കും മോക്ഷത്തിലേക്കും വഴികാണിക്കാൻ വന്നതാണെന്നോ അവകാശപ്പെട്ടാൽ അംഗീകരിക്കാനാവില്ല.

ഇസ്ലാം മാനവതയുടെ ഉദ്ധാരണം ഉന്നംവെയ്ക്കുന്നു. മനുഷ്യനെ മൃഗീയതയിൽ ആപതിക്കുന്നതിൽനിന്ന് രക്ഷിക്കണമെന്ന് അത് ആഗ്രഹിക്കുന്നു. മനുഷ്യന് ശരിയായ നിലപാട് നല്കുകയും, അവന്റെ ദിശ ദൈവത്തിലേയ്ക്കാക്കുകയും, ലോകത്തിൽ നീതിയും ന്യായവും സംസ്ഥാപിക്കുകയും ചെയ്യുവാനാണ് ഇസ്ലാം വന്നിട്ടുള്ളത്. കൊല്ലാനും കൊള്ളയടിക്കാനും നാട് വിസ്താരം കൂട്ടാനുമുദ്ദേശിച്ചുകൊണ്ടുള്ള എല്ലാ യുദ്ധങ്ങളും  നിറുത്തൽ ചെയ്യുക ഇസ്ലാമിന്റെ ലക്ഷ്യമാണ്. ഇത്തരം യുദ്ധങ്ങൾ ലോകത്തിന്റെ നേതൃത്വം കൈവശപ്പെടുത്തീട്ടുള്ളവർ മറ്റുള്ളവരെ നശിപ്പി

ക്കാൻവേണ്ടി ദേശീയതയുടെ പേരിൽ അവരെ എരികേറ്റിവിട്ട് ഉണ്ടാക്കിത്തീർക്കുന്നതാണ്. ''മതം മുഴുവനായും അല്ലാഹുവിന്റെതാവുക''യാണ് യുദ്ധത്തിന്റെ ലക്ഷ്യമായി ഇസ്ലാം പറയുന്നത്. ഈ മതം ലോകത്ത് പുലർന്നു കഴിഞ്ഞിട്ടുള്ളതാണ്. അപ്പോൾ പിന്നെ, ഒരു അല്ലാഹുവും ഒരു നബിയുമുണ്ട് എന്നു പറയുകമാത്രമേ ഇസ്ലാം ചെയ്യുന്നുള്ളുവെന്ന് ജല്പിക്കുന്നത് ശരിയായിരിക്കുമോ? ലോകത്തെ എങ്ങനെ ഉദ്ധരിക്കാനാകും എന്നു ചോദിക്കുന്നവരോട് ജനങ്ങൾ ലോകത്തിലെ ദുശ്ശാസനന്മാരോട് പോരാടിക്കൂടാ, മനുഷ്യന്റെ അന്തസ്സും ജീവിതവും അവകാശങ്ങളും അപഹരിക്കുന്നവരുടെ കൈകളെ തള്ളിമാറ്റിക്കൂടാ, എന്ന് പറഞ്ഞിട്ടെന്തുകാര്യം? അങ്ങനെ പറയുന്ന മതം ശരിയായ മതമാകില്ല. ശരിയായ മതമാണെങ്കിൽ അത് വാളെടുത്ത് മുന്നേറണം. ഏതുവരെ മുന്നേറണം? ഒന്നുങ്കിൽ അവർ കീഴടങ്ങി ''ഞങ്ങൾ മുസ്ലിംകളാണെന്നു'' പറയുന്നതുവരെ.[19] അങ്ങനെ പറഞ്ഞു കഴിഞ്ഞാൽ അവർ നിങ്ങളുടെ സഹോദരങ്ങളാണ്. അതല്ലെങ്കിൽ ''ഞങ്ങൾ ഞങ്ങളുടെ മതത്തിൽത്തന്നെ നിൽക്കുകയാണ്, ഞങ്ങൾക്ക് ഞങ്ങളുടെതായ രീതിയിൽത്തന്നെ ആരാധന നിർവ്വഹിക്കണം, ഇസ്ലാമിന്റെ പൊതുനിയമങ്ങൾ ഞങ്ങളംഗീകരിച്ചുകൊള്ളാം'' എന്നവർ സമ്മതിക്കുന്നതുവരെ.[20] ഈയവസ്ഥയിൽ അവർ 'ദിമ്മി' അഥവാ സംരക്ഷിത ന്യൂനപക്ഷം ആയിരിക്കും. മുസ്ലിംകൾക്കുള്ള അവകാശങ്ങൾ അവർക്കുമുണ്ടായിരിക്കും - തുല്യമായി.

ഒരറബിക്ക് അയാളുടെ നാട്ടിലാണ് ഇസ്ലാം ഉദയം കൊണ്ടതെന്നതിനാൽ അറബേതരരേക്കാൾ ഉൽകൃഷ്ടത അവകാശപ്പെട്ടുകൂടാ. മുസ്ലിമാണോ, പിന്നെ അറബിയെന്നോ അനറബിയെന്നോ നോട്ടമില്ല. ധർമ്മനിഷ്ഠയാണ് ഉൽകൃഷ്ടതക്കുള്ള അളവുകോൽ. കൂടുതൽ ദൈവഭക്തിയുള്ളവർ കൂടുതൽ ഉൽകൃഷ്ടർ.[21] ഈ നിയമം സാർവ്വത്രികമാണ്. ചൈനക്കാരനോ റോമക്കാരനോ കറുത്തവനോ വെളുത്തവനോ ആരാകട്ടെ ഇസ്ലാം സ്വീകരിക്കുന്നതോടെ അവൻ മുസ്ലിമാണ്. തുല്യ അവകാശമുള്ളവനാണ്. ''അറബികളാണ് മറ്റുള്ളവരേക്കാൾ ആദ്യം ഇസ്ലാം സ്വീകരിച്ചവർ അതിനാൽ അവർ കൂടുതൽ ഉന്നതരാണ്, ബാക്കിയുള്ളവർക്കൊക്കെ ഇസ്ലാം പിന്നീടേ എത്തീട്ടുള്ളു'' എന്നും പറഞ്ഞുകൂടാ. ഇത്തരം തെറ്റായ ചിന്തയാണ് ഇസ്ലാമിക യുഗത്തിന്റെ ആദ്യകാലം മുതൽക്കുണ്ടായ വ്യതിയാനങ്ങൾക്കു കാരണമായത്. അറബി ഇസ്ലാമിൽ തനിക്കു ഔന്നത്യവും മുൻഗണനയുമുണ്ടെന്ന് സ്വയം അഹന്തനടിച്ചു. ''ഞങ്ങളുടെ നാട്ടിലാണ് ഇസ്ലാം വന്നത് അതിനാൽ ഞങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണ്'' എന്നായിരുന്നു അവകാശവാദം. ഇറാൻകാരുടെ അവകാശങ്ങൾക്കുനേരെ കയ്യേറ്റം നടത്താനും അവരെ മാറ്റിനിർത്താനും ഇതവർക്കു കാരണമായി. ഫലം ഒരുതരം ദേശീയതാവാദമായിരുന്നു.[22] അക്കാലം മുതൽ തുടങ്ങിയതാണ് മുസ്ലിംകളെ ഭിന്നിപ്പിക്കാനും അവർക്കിടയിൽ മതിലുകൾ സ്ഥാപിക്കാനും ഇന്നും വൈദേശിക ഏജന്റുകൾ എഴുന്നള്ളിച്ചുകൊണ്ടിരിക്കുന്ന സംശയങ്ങൾ. നമ്മുടെ പൂർവ്വപിതാക്കളായ ആദ്യകാലമുസ്ലിംകൾ ചെയ്തതുപോലെ, നാം തുല്യരും സഹോദരരും ജനങ്ങളുടെ മോചനത്തിനുവേണ്ടി പോരാട്ടം നടത്തേണ്ടവരുമാണെന്ന ആശയത്തെ നമുക്കു നിലനിർത്താൻ കഴിഞ്ഞെങ്കിൽ!

ഒരു ദൈവികമതത്തിൽ പ്രതിരോധത്തിനും മുന്നേറ്റത്തിനുമുള്ള മൗലികതത്വങ്ങൾ ഇല്ലാതെവരുമോ? അത്തരമൊരു മതത്തെപ്പറ്റി നമുക്കൂഹിക്കാൻപോലും കഴിയില്ല. എന്നാൽ ആരോട് പോരാടണം? ആർക്കെതിരിലാണ് യുദ്ധം ചെയ്യേണ്ടത്? ജിഹാദ് ആരുമായി? ഇസ്ലാം അതിന്റെ ക്ഷണം പ്രഖ്യാപിക്കുകയാണ് ജിഹാദിന്റെ ഒന്നാമത്തെ ഘട്ടം. പ്രകൃതിനിയമങ്ങൾക്കനുസൃതം ജീവിതം നയിക്കുകയും സ്വാതന്ത്ര്യം ആഗ്രഹിക്കുകയും ചെയ്യുന്ന ബഹുജങ്ങൾ, ഇസ്ലാം പ്രകൃതിമതമായതിനാൽ, അതിനെ സ്വാഗതം ചെയ്യും. ഭരണവിഭാഗങ്ങളും, ജനങ്ങളെ സത്യത്തിൽനിന്നും സത്യത്തോടടുക്കുന്നതിൽനിന്നും അകറ്റുന്നതിലാണ് തങ്ങളുടെ നേട്ടം സ്ഥിതിചെയ്യുന്നതെന്ന് കാണുന്നവരും കുഴപ്പമുണ്ടാക്കും. അതുവഴി ഏറ്റുമുട്ടൽ ഉടലെടുക്കും. ഈ ഏറ്റുമുട്ടലിൽ മനുഷ്യന്റെ അഭിരുചികളെ നിർവീര്യമാക്കുന്ന സാമൂഹ്യപരാന്നഭോജികൾ കൊഴിഞ്ഞുവീഴും. ഇതു തന്നെയല്ലേ ഇറാനിലുണ്ടായത്? ചരിത്രം വായിച്ചാൽ കാണാം ബഹുജനങ്ങൾ ഇസ്ലാമിന്റെ ക്ഷണത്തെ സ്വാഗതം ചെയ്യുകയാണുണ്ടായതെന്ന്.[23] ഭരണവർഗ്ഗത്തിന്റെ ഖജനാവുകളെ ആശ്രയിക്കുന്ന വെറും പട്ടാളക്കാർ മാത്രമാണ് മുസ്ലിംകളെ എതിർത്തത്. സമൂഹത്തിന്റെ താഴെത്തട്ടുകാർ അവരെ സഹായിക്കുകയും അവർക്കു വഴികാണിച്ചുകൊടുക്കുകയും ചെയ്തു. ഇറാനിലെയും റോമിലെയും ബഹുജനങ്ങൾ മുസ്ലിംകളോട് സഹകരിച്ചതിന് ചരിത്രത്തിൽ എമ്പാടും തെളിവുണ്ട്. ''വരൂ, നിങ്ങളുടെ മുദ്രാവാക്യം 'അല്ലാഹു അക്ബറാ'ണെങ്കിൽ, മനുഷ്യരെല്ലാം തുല്യരാണെന്നാണ് നിങ്ങളുടെ വിശ്വാസമെങ്കിൽ, ഞങ്ങൾ പിന്തുണക്കാൻ തയ്യാറാണ്'' എന്നു പറഞ്ഞുകൊണ്ടാണത്രെ അവർ മുസ്ലിംകളെ വരവേറ്റത്. അങ്ങനെ, മനുഷ്യന്റെ കഴിവുകളെ അമർച്ച ചെയ്തുകൊണ്ടിരുന്ന കെട്ട വർഗ്ഗത്തെ നീക്കം ചെയ്യുന്നതുവരെ ജനങ്ങൾ പൊരുതി. പെട്ടെന്ന് ഇറാനികളുടെ കഴിവുകൾ പൂത്ത്പുഷ്പിച്ചു.

ചരിത്രത്തിൽനിന്ന് രണ്ടുപുറം മറിച്ചു വായിച്ചുനോക്കുക: ഇസ്‌ലാമിന്റെ മുമ്പത്തെ ഒരു പുറവും ഇസ്‌ലാമിന്റെ ശേഷമുള്ള ഒരു പുറവും. രണ്ടാമത്തെ പുറത്തിൽ എത്രയെത്ര കവികൾ, സാഹിത്യകാരന്മാർ, പണ്ഡിതർ, പ്രഭാഷകർ! പെട്ടെന്നുണ്ടായി ഇതെല്ലാം. എന്തൊരു മാറ്റമാണ് ഈ രാജ്യത്തുണ്ടായത്! ഇസ്‌ലാം ദുഷിച്ച വിഭാഗങ്ങളെ നീക്കിയതിനെത്തുടർന്നുണ്ടായതാണ് ആ ഫലങ്ങൾ!

ജനങ്ങളുടെ മുമ്പാകെ സത്യം വിളംബരപ്പെടുത്തണം. അതിന്റെ മുമ്പിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ തട്ടിമാറ്റണമെന്നാണ് ഇസ്‌ലാം പറയുന്നത്. മറുഭാഗത്തുനിന്ന് ആക്രമണമുണ്ടായാൽ യുദ്ധം പ്രതിരോധപരമായിരിക്കും. ആക്രമണമുണ്ടായില്ലെങ്കിൽ, ദൈവിക സന്ദേശം[24] ജനങ്ങൾക്കു വെളിപ്പെടുത്തിക്കൊടുക്കുകയെന്ന ലക്ഷ്യത്തിനായിരിക്കും യുദ്ധം വേണ്ടിവരിക. മറുഭാഗം ബുദ്ധിമുട്ടുണ്ടാക്കുകയും തടസ്സം സൃഷ്ടിക്കുകയുമാണെങ്കിൽ പ്രതിരോധം അനിവാര്യമായിത്തീരുന്നു. ഇസ്‌ലാമിക ഭരണത്തിലുള്ള ഒരു രാജ്യം ആക്രമിക്കപ്പെട്ടാൽ പ്രതിരോധിക്കാനെഴുന്നേല്ക്കേണ്ടത് എല്ലാ മുസ്‌ലിംകളുടെയും ബാദ്ധ്യതയാണ്. അപ്പോൾ, പ്രതിരോധയുദ്ധം, മുന്നേറ്റയുദ്ധം എന്നിങ്ങനെ രണ്ടുതരം യുദ്ധമുണ്ട്. വേറൊരുതരം ജിഹാദുണ്ട് - ആഭ്യന്തരമെന്ന് അതിനെ വിളിക്കാം. ഇസ്‌ലാമിന്റെ സംരക്ഷണത്തിലുള്ള ഒരു മതന്യൂനപക്ഷം സംരക്ഷണം നല്കാനുള്ള ഉപാധികൾ ലംഘിച്ചാൽ എന്തു ചെയ്യണം? ഇസ്‌ലാമിക ഗവൺമെന്റ് നിലവിലുള്ള, നിയമ സ്രോതസ്സ് ഇസ്‌ലാമായിട്ടുള്ള, ഇസ്‌ലാമിന്റെ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കപ്പെടുന്ന മുസ്‌ലിംകൾ നികുതിദായകരായിട്ടുള്ള, ഒരു രാജ്യത്ത് ജീവിക്കുന്ന ജൂത - ക്രൈസ്തവ ന്യൂനപക്ഷങ്ങളോട് എങ്ങനെ ഇടപെടണം? ഇസ്‌ലാം കല്പിക്കുന്നതിനാണ്: സംരക്ഷിത ന്യൂനപക്ഷത്തിന്റെ വ്യവസ്ഥകൾ പാലിക്കുന്നുവെങ്കിൽ അവർ മുസ്‌ലിംകളെപ്പോലെത്തന്നെ സ്വതന്ത്രരാണ്. അവരുടെ രീതിയിൽ അവർക്കു ആരാധന നിർവ്വഹിക്കാവുന്നതാണ്. അവർ 'ജിസ്‌യ'[25] എന്ന ആൾനികുതി കൊടുക്കണം. ഇങ്ങനെയുള്ള അവസ്ഥയിൽ അവരുടെ ജീവനും സ്വത്തുക്കളും അവകാശങ്ങളും സുരക്ഷിതമായിരിക്കണം. അവരുടെ സ്വത്തിന്റെയോ അഭിമാനത്തിന്റെയോ നേരെ യാതൊരാൾക്കും കയ്യേറ്റം നടത്താനാവില്ല. മുസ്‌ലിംകളുടേതുപോലെത്തന്നെ അവ സുരക്ഷിതമായിരിക്കും. എന്നാൽ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം അവർ ശത്രുക്കളായി ഗണിക്കപ്പെടും. അവരോടുള്ള യുദ്ധം മറ്റൊരുതരം ജിഹാദാണ്. അവർ നിയമലംഘകരായതിനാൽ മുസ്‌ലിംകൾ അവർക്കെതിരിൽ യുദ്ധം ചെയ്യണം. അവർ കീഴടങ്ങുകയും സത്യത്തിനു വഴങ്ങുകയും ഇസ്‌ലാമിക നിയമത്തിന്റെയും ഗവൺമെന്റിന്റെയും കീഴിൽ നില്ക്കുകയും ചെയ്യുന്നതുവരെ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ട് അവർക്കെതിരിൽ യുദ്ധം ചെയ്യണം.

സംരക്ഷിത ന്യൂനപക്ഷത്തിന്റെ കാര്യത്തിൽ ഇസ്‌ലാമിന്റെ നിയമശാസ്ത്രം എന്തുപറയുന്നു? അവരോട് എങ്ങനെ പെരുമാറലാണ് മുസ്‌ലിംകളുടെ ബാദ്ധ്യതയായി അതനുശാസിക്കുന്നത്? നമ്മുടെ ഏത് നിയമശാസ്ത്ര ഗ്രന്ഥമെടുത്തുനോക്കിയാലും ഈ വിഷയം കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ളതുകാണാം. അല്ലാമാഹില്ലിയുടെ[26] 'അൽമുഖ്ത്തസർ അൽനാഫി'യിൽ ദിമ്മികളുടെ (സംരക്ഷിത ന്യൂനപക്ഷം) സംരക്ഷണോത്തരവാദിത്വത്തിനുള്ള അഞ്ച് വ്യവസ്ഥകൾ എണ്ണിയിരിക്കുന്നു. 1. ആൾനികുതി കൊടുക്കണം. പൗരാവകാശങ്ങളും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടതിന് ദിമ്മികൾ പൊതുഖജനാവിൽ ഒടുക്കേണ്ട നികുതിയാണിത്. 2. മുസ്‌ലിംകളെ ദ്രോഹിക്കരുത്. മുസ്‌ലിംകളുടെ സ്വത്ത് മോഷ്ടിക്കുക, മുസ്‌ലിം സ്ത്രീകളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുക, ഇസ്‌ലാമിന്റെ ശത്രുക്കളുമായി സഹകരിക്കുക എന്നിവ ദിമ്മിയുടെ പക്കൽ നിന്നുണ്ടാവാൻ പാടില്ലെന്നർത്ഥം. 3. വ്യഭിചാരം, മറ്റു അവിഹിത ലൈംഗികവേഴ്ചകൾ, ലഹരി ഉപയോഗം എന്നീ വിലക്കപ്പെട്ട കാര്യങ്ങളിൽ പരസ്യമായി ഏർപ്പെടാതിരിക്കണം. 4. പുതുതായി ചർച്ചുകളും ക്ഷേത്രങ്ങളും നിർമ്മിക്കാതിരിക്കുകയും ചർച്ചുകളിൽനിന്ന് മണിനാദം മുഴക്കാതിരിക്കുകയും ചെയ്യുക. പുതുയായി ചർച്ചുണ്ടാക്കിയാൽ അത് പൊളിക്കണം. 5. മുസ്‌ലിംകളുടെ കെട്ടിടങ്ങളെ ചെറുതാക്കി അവരെ അപമാനിക്കുന്ന വിധത്തിലുള്ള സൗധങ്ങൾ നിർമ്മിക്കാതിരിക്കുക.[27]

'ലാലെസാർ' കോർണറിലും 'ഇസ്‌ലാം പൂളി'ലുമുള്ള പതിനഞ്ചു നിലക്കെട്ടിടങ്ങൾ ആരുടേതാണ്? ഈ രാജ്യത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളുടെ കൂടെ കൈകോർത്ത് നില്ക്കുന്നത് ആരെല്ലാമാണ്? ഇത് നാം ചിന്തിക്കണം. ഇസ്‌ലാമിന്റെ നിയമശാസ്ത്രമാണ് മേല്പറഞ്ഞത്. മുസ്‌ലിംകളുടെ സ്വത്ത് കവർന്നെടുക്കുകയും ഇസ്രായീലികളെയും അന്താരാഷ്ട്ര സയോണിസത്തെയും സഹായിക്കുകയും ചെയ്യുന്നതാര്? മുസ്‌ലിംസ്ത്രീകളുടെ ചാരിത്ര്യ വിശുദ്ധി നഷ്ടപ്പെടുത്തുന്നതാര്? അത്തരക്കാർ സംരക്ഷിത ന്യൂനപക്ഷമായിരിക്കണമോ? അതോ ശത്രുക്കളോ? ഒരു ഇസ്‌ലാം മത നിയമശാസ്ത്രജ്ഞൻ (ഫഖീഹ്)[28] ഭരണം നടത്തണം. അപ്പോഴേ നമ്മുടെ രാജ്യത്തിൽ ഇതൊക്കെ സംഭവിക്കുന്നത് അല്ലാഹു തുണച്ചിട്ട് തടയാനാകൂ. മേൽപറഞ്ഞതരത്തിലുള്ള കാര്യങ്ങളുമായി ബന്ധ

പ്പെട്ടും സഹകരിച്ചും പ്രവർത്തിക്കുന്നതാണ് ഒരു രാജ്യത്തിലെ ഗവൺമെന്റെങ്കിൽ ആ ഗവൺമെന്റി നോട് മുസ്‌ലിംകൾ സ്വീകരിക്കേണ്ട സമീപനമെന്താണ്? മുസ്‌ലിം പണ്ഡിതന്മാർ ഇത് വ്യക്തമാക്കീ ട്ടുണ്ട്. നോക്കൂ, ഒരു വശത്ത് അവർ മുസ്‌ലിംകളെ പുറംതള്ളുകയും ഇസ്‌ലാമിന്റെ അതിർത്തികൾ അതിലംഘിക്കുകയും ചെയ്യുന്നു; മറുവശത്ത് മുസ്‌ലിംകളുടെ സമ്പത്ത് പല വിധത്തിൽ കയ്യടക്കുക യും. എന്നിട്ടവ പ്രത്യുല്പാദനപരമായ മേഖലകളിൽ വിനിയോഗിക്കാതെ തെറ്റായ വഴിക്കാണ് ചെല വഴിക്കുന്നത്. അത്തരക്കാർക്കു വേണ്ടി ഒരു ഗവൺമെന്റ് നയതന്ത്രകാര്യാലയം തുറന്നുകൊടുക്കു കയും അധികൃതർ അവിടെ പോകുകയും അവരുടെ വിനോദക്രീഡകളിൽ ഉൾച്ചേരുകയും ചെയ്യു ന്നുവെങ്കിൽ ആ ഗവൺമെന്റിനെ എങ്ങനെ കൈകാര്യം ചെയ്യലാണ് ജനങ്ങളുടെ കടമ? ഇസ്‌ലാമിക നിയമങ്ങൾക്കു വഴങ്ങാത്ത ഒരു ഭരണകൂടം മുസ്‌ലിം ബഹുജനങ്ങളെ ഭരിക്കാമോ? ഇസ്‌ലാമിക നിയമപ്രകാരം എന്താണ് ഇത്തരം സാഹചര്യത്തിൽ ചെയ്യേണ്ടതെന്ന് കണ്ടെത്തേണ്ടതുണ്ട്. ഇന്ന് സയോണിസം കൊളോണിയലിസത്തിന്റെ രണ്ടാം ഒളിത്താവളമാണ്; കൊളേണിയലിസം സയോ ണിസത്തിന്റെ ഒളിത്താവളവും. സയോണിസം ഇസ്രായീലിന്റെ താവളത്തിലാണ് ഇന്നുള്ളത്. ഇസ്രാ യീൽ 'ബഹായിസ'ത്തിന്റെ രൂപമണിഞ്ഞാണ് നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നത്.[29] ശിയാമു സ്‌ലിംകളുടെ ഭരണകൂടത്തിൽ എല്ലാ വകുപ്പുകളുടെയും മർമ്മസ്ഥാനങ്ങളിൽ ബഹായികൾ കയറി പ്പറ്റിയിരിക്കുന്നു. എന്റെ സൂചന പ്രധാനമന്ത്രിയെക്കുറിച്ചോ അയാളുടെ മീതെയോ താഴെയോ ഉള്ള മറ്റാരെയെങ്കിലും കുറിച്ചോ ആയിപ്പോകുന്നത് എനിക്കൊട്ടും പ്രശ്നമല്ല. നിങ്ങൾക്കാകുമെങ്കിൽ എന്നെ തടയാം. പിന്നെ എനിക്ക് ഉത്തരവാദിത്വമില്ല. എന്നാൽ ഞാനിവിടെ ഇരിക്കുംകാലം ഇസ്‌ലാ മിന്റെ നിയമങ്ങളും ചട്ടങ്ങളും എനിക്കു പറഞ്ഞേ പറ്റൂ. ഞാനാരുടെയും കൂലിക്കാരനോ ഉദ്യോഗ സ്ഥനോ അല്ല. എന്നെ ആരും പൊക്കേണ്ടതില്ല. എനിക്കു സ്ഥാനവും വേണ്ട. ഞാനെന്തോ അതു തന്നെ ഞാൻ – നിങ്ങളിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും!

ഇന്നലെ വൈകുന്നേരം ഒരു സംഘം മുസ്‌ലിം ചെറുപ്പക്കാർ 'ദസാശീബി'ൽ ഒത്തുകൂടി. സർക്കാർ ഏജന്റുകളുടെ കോമാളിത്തം നോക്കൂ. എല്ലാവരും കൂടി എന്നോട് പ്രസംഗപീഠത്തി ലെയ്ക്കു പോകരുതെന്ന് പറയുന്നു! എനിക്ക് ദേഷ്യം വന്നു. ഞാൻ പറയുന്നതിനൊക്കെ ഞാൻ മാത്രമാണുത്തരവാദി. അതിനാൽ നാളെ ഈ സദസ്സ് സംഘടിപ്പിച്ചയാളെപ്പിടിച്ച് തടവിലാക്കുകയോ വിചാരണചെയ്യുകയോ കൊല്ലുകയോ ഒന്നും വേണ്ട. സദസ്സ് സംഘടിപ്പിച്ചയാൾക്ക് ഇതിലൊന്നും ചെയ്യാനില്ല. ചോദിക്കാനും പറയാനുമുള്ളതൊക്കെ എന്നോടുതന്നെ ചോദിക്കുകയും പറയുകയും ചെയ്യുക. ഞാൻ പറയുന്നത് ഇല്ലാത്തതാണോ? മത വിരുദ്ധമാണോ? ഞാൻ കുഴപ്പമുണ്ടാക്കുക യാണോ? എനിക്കു വിദേശ രാഷ്ട്രങ്ങളോട് സമ്പർക്കമുണ്ടോ? എല്ലാം എന്നോടുതന്നെ ചോദിക്കു കയും പറയുകയും ചെയ്യുക. എന്റെ പേരിൽ ഒരു ഫയൽ തുടങ്ങിക്കോളൂ. ജനങ്ങൾക്കറിയാം ഞാൻ ആരെന്ന്. നിങ്ങൾ ഈ രാജ്യത്തെ ഇസ്‌ലാമിക രാജ്യമെന്നാണോ വിളിക്കുന്നത്? ഇവിടെയു ള്ളവരൊക്കെ ഇസ്‌ലാമിന്റെ സംരക്ഷകരാണോ? ആരോടൊക്കെയാണ് ഇവിടെയുള്ളോർക്കു ബന്ധം? നമ്മുടെ ബന്ധങ്ങൾ ഇസ്‌ലാമിക് കോൺഫ്രൻസിൽ[30] രേഖാമൂലം അനാവൃതമായപ്പോൾ നമുക്കു തല ഉയർത്താൻ വയ്യ. കൃഷി മന്ത്രി, ഈ രാജ്യത്ത് നമുക്കൊരു മുസ്‌ലിം ഉപദേശകനില്ലേ? നമുക്ക് എൻജിനിയർമാരില്ലേ? ഇല്ലെങ്കിൽ ഇന്ത്യയിൽനിന്നോ സ്വിറ്റ്സർലാന്റിൽനിന്നോ ജർമ്മനി യിൽനിന്നോ കൊണ്ടുവരാം. ഭൂവിതരണത്തിന്റെ മുഖ്യ ഉപദേഷ്ടാവ് ഒരു ജൂതൻതന്നെ ആകണമാ യിരുന്നോ? ഞാൻ എവിടെനിന്ന് തുടങ്ങണം എന്റെ വിമർശനം? തെളിവുള്ളതേ ഞാൻ പറയുന്നു ള്ളു. നുണയാണെങ്കിൽ നിങ്ങൾക്കെന്നോടു പറയാം. ഒരു മാസം മുമ്പ് ഒരാഘോഷം നടന്നല്ലോ. അതെവിടെ, ആരുടെ മേൽനോട്ടത്തിൽ, ആരുടെ ഉപദേശമനുസരിച്ച് നടന്നുവെന്ന് എനിക്കറിയാം. ഒരാൾ ഒരു യാത്രക്ക് പുറപ്പെട്ടാൽതന്നെ പത്രങ്ങൾക്ക് അതൊരു വിഷയമാണ്. എന്നാൽ, അതേ പത്രങ്ങൾ ഇസ്‌ലാമിക് കോൺഫ്രൻസിനെപ്പറ്റി ഒരക്ഷരം മിണ്ടിയില്ലയ ജറൂസലേമിലെ ഇസ്‌ലാമിക് കോൺഫ്രൻസിനെപ്പറ്റി എന്തുകൊണ്ടവ മിണ്ടിയില്ല? അവിടെ ആരൊക്കെ കൂടിയെന്നും എന്തൊക്കെ ചർച്ച ചെയ്തുവെന്നും എന്തുകൊണ്ടെഴുതിയില്ല? ഈ രാജ്യത്തിന്റെ മാനം കെടുത്തു കയും ഇവിടത്തെ സമ്പദ്ഘടനയും ജീവിതവും താറുമാറാക്കുകയും നമ്മുടെ കൃഷിമുഴുവൻ പതി രാക്കുകയും ചെയ്യുകയെന്ന ലക്ഷ്യമുള്ള ഇസ്രാീലല്ലാതെ ആരുമല്ല ആ ഗൂഢാലോചനയുടെ പിന്നിൽ. ഇതിന്റെ അനർത്ഥം എത്ര വലുതായിരിക്കുമെന്ന് മുതഹ്ഹരി[31] ഉണർത്തുകയുണ്ടായി. മുസ്‌ലിംകൾ പൊതുവിലും, പാണ്ഡിത്യവും പദവിയുമുള്ളവർ വിശേഷിച്ചും ഈ വിപത്തിനെതി രിൽ ജാഗരൂകരാവണം. ഗവൺമെന്റിന് നാം പറയുന്നതൊക്കെ നിഷേധിക്കേണ്ടിവരും. എങ്കിലും ലോക മുസ്‌ലിംകളുടെ മുമ്പിൽ നമുക്ക് നമ്മുടെ മാനം രക്ഷിക്കാം.

ഇസ്‌ലാമിൽ മൂന്നുതരം ജിഹാദുള്ളതായി നാം സൂചിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ മുന്നേറ്റത്തിനുവേണ്ടി അന്യരോട് ചെയ്യുന്നത്, ഇസ്‌ലാമിന്റെയും ഇസ്‌ലാമിക രാഷ്ട്രത്തിന്റെയും പ്രതിരോധാവശ്യാർത്ഥം ചെയ്യുന്നത്, സംരക്ഷിത ന്യൂനപക്ഷങ്ങൾ ശത്രുക്കളാവാതിരിക്കാൻ വേണ്ടി നടത്തുന്നത് എന്നിങ്ങനെ.[32] വേറെരു ജിഹാദുണ്ട്: അക്രമികളായ ഭരണാധികാരികളോട് യുദ്ധത്തിലേർപ്പെടൽ. മുസ്‌ലിംരാഷ്ട്രത്തിൽ താഗൂത്തിന്, അഥവാ ദുശ്ശാസനന് ഭരണം നടത്താൻ കഴിയരുത്. മുസ്‌ലിംകളുടെ മുഴുവൻ ഉത്തരവാദിത്വമാണ്. അക്രമികളെ യഥാർത്ഥ വഴിയിലേയ്ക്ക് വിളിക്കേണ്ടത്. സ്വേഛാധിപത്യവും അക്രമവാഴ്ചയും ഭരണധികാരിക്കോ രാഷ്ട്രത്തിനോ സമൂഹത്തിനോ ഗുണം ചെയ്യില്ലെന്നും, സ്വേഛാധിപതിയുടെ അന്ത്യം നന്നാവില്ലെന്നും മാന്യമായി അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. ഉപദേശം ഫലിക്കുന്നില്ലെങ്കിൽ സൈനികസജ്ജീകരണം നടത്തി നേരിടണം.

മുസ്‌ലിം പണ്ഡിതർ ജിഹാദിന്റെ ഇത്തരം വശങ്ങൾ പറഞ്ഞുതരാതിരുന്നതെന്തുകൊണ്ടാണെന്ന് നിങ്ങൾ ചോദിക്കാനിടയുണ്ട്. ഇസ്‌ലാമിന്റെ ആദ്യകാലത്തേയ്ക്കു നോക്കുക. ഇമാം അലി(അ) നേർക്കുനേരെത്തന്നെ ജിഹാദിലേർപ്പെട്ടിരുന്നുവെന്നുകാണാം. ജിഹാദിന് അംഗീകാരം നല്കുക മാത്രമല്ല അദ്ദേഹം ചെയ്തത്. ചിലയുദ്ധങ്ങളിൽ അദ്ദേഹം മക്കളെ പറഞ്ഞയയ്ക്കുകയുണ്ടായി. പിന്നീടെന്തുസംഭവിച്ചു? മുആവിയ്യ[33] അധികാരമേറ്റു; തുടർന്ന് യസീദും.[34] ഇമാം, അല്ലെങ്കിൽ സുൽത്താൻ നീതിമാനാ(ആദിൽ) യിരിക്കണമെന്നതാണ് നമ്മുടെ ഗ്രന്ഥങ്ങളിൽ ജിഹാദിന് പറഞ്ഞിട്ടുള്ള ഒരു വ്യവസ്ഥ. സുൽത്താന്റെയോ, സ്വേഛാധിപതിയുടെയോ, ഇമാമിന്റെയോ ഭരണകൂടത്തെ ശക്തിപ്പെടുത്താനാവരുത് ജിഹാദ്. നീതിമാനായ സുൽത്താന്റെ കൂടെനിന്ന് അദ്ദേഹത്തെ നിലനിർത്താനായിരിക്കണം ജിഹാദ് എന്നാണ് നമുക്ക് കിട്ടിയിട്ടുള്ള നിർദ്ദേശം.

ഇമാമുകളുടെ കാലഘട്ടങ്ങളിൽ എന്തായിരുന്നു അവസ്ഥ? മുസ്‌ലിംകൾ യുദ്ധം ചെയ്താൽ മുസ്‌ലിംരാജ്യം വിസ്താരം കൂടുമായിരുന്നുവെന്നത് ശരിയാണ്. പക്ഷെ, എന്തിന് വിസ്താരം കൂടണം? ചൈന കീഴടക്കീട്ടെന്തുകാര്യം, അവിടെനിന്നുള്ള വരുമാനം അബ്ദുൽ മാലികുബ്നു മർവാന്റെ,[35] അല്ലെങ്കിൽ സുലൈമാനുബ്നു അബ്ദുൽ മലിക്കിന്റെ,[36] അതല്ലെങ്കിൽ ഒരു അബ്ബാസീ[37] ചക്രവർത്തിയുടെ കയ്യിലേയ്ക്കാണെത്തുന്നതെങ്കിൽ? അതിൽ ഇസ്‌ലാമിനെന്തുകാര്യ? അതുകൊണ്ടാണ് ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ 'സുൽത്താൻ' (ഭരണാധികാരി) എന്നതിനോടൊപ്പം 'ആദിൽ' (നീതിമാൻ) എന്നുകൂടി പറഞ്ഞുകാണുന്നത്. ജൂമുഅ നമസ്കാരത്തെ സംബന്ധിച്ചുള്ള വിവരണങ്ങൾ നോക്കുക. മറ്റുള്ളവരുടെ ശിയാക്കൾ ജുമുഅ നമസ്കരിക്കണമെന്നു പഠിപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ അത് ഗവൺമെന്റിനുള്ള അവരുടെ അംഗീകാരമായി മാറുമായിരുന്നു - വലീദിബ്നു അബ്ദുൽ മാലിക്കിനെയും[38] മുതവക്കിലിനെയും[39] പോലുള്ള അതിക്രമികളായ ഖലീഫമാർക്കുള്ള അംഗീകാരം. കാരണം, ഗവൺമെന്റിന്റെ പ്രതിനിധിയായിരുന്നു അവരുടെ ഭരണത്തിൽ ജുമുഅക്ക് നേതൃത്വം കൊടുത്തിരുന്ന ഇമാം. ജുമുഅനമസ്കാരം മറ്റു നമസ്കാരങ്ങൾ പോലെയല്ല. അതുകൊണ്ടാണ് നീതിമാനായ ഇമാമിന്റെ ഫത്‌വ നല്കിയത്. അല്ലെങ്കിൽ ജുമുഅയിൽ പങ്കെടുക്കേണ്ട. അത്തരം ഗവൺമെന്റുകൾ അംഗീകാരം നല്കരുതെന്ന വിവക്ഷയാണ് ഈ ഫത്‌വയിലുള്ളത്. എന്നാൽ, ഗവൺമെന്റുമായി ഒരു ബന്ധവുമില്ലാത്തനിലയിൽ മുസ്‌ലിംകൾ സ്വയം സംഘടിപ്പിക്കുന്ന ജുമുഅയിൽ പങ്കുകൊള്ളേണ്ടത് നിർബന്ധമല്ലെന്നു പറയാൻ ഒരു കാരണവുമില്ല. ജുമുഅ നമസ്കാരത്തെ സംബന്ധിച്ചുള്ള കർമ്മശാസ്ത്ര സ്രോതസ്സുകൾ പരിശോധിച്ചുനോക്കിയാൽ ജിഹാദുമായി അതിനുള്ള അടുപ്പം നമുക്കുകാണാൻ കഴിയും. ജിഹാദ് എന്തിനുവേണ്ടി എന്ന ചോദ്യം ഇമാമുകൾ ഉന്നയിച്ചിട്ടുണ്ട്. യുദ്ധ മുതൽ കൂടുതലായി നേടാൻ വേണ്ടിയാണോ അത്? അങ്ങനെ ഹാറൂൻറശീദിന്[40] കൂടുതൽ സുഖമനുഭവിക്കാൻ അവസരമുണ്ടാക്കാനോ? കൊട്ടാരത്തിൽ ആയിരം ഗായികമാരുള്ളിടത്ത് അയ്യായിരം ഗായികമാരെ കൊണ്ടുവന്ന് നിറുത്താനോ? ഇത്തരം ഇസ്‌ലാം അഭികാമ്യമല്ല.

ഉമറുബ്നു അബ്ദുൽ അസീസ് ഖലീഫയായപ്പോൾ അദ്ദേഹം ചില പരിഷ്കാങ്ങൾ വരുത്തുകയുണ്ടായി. കളവും പിടിച്ചുപറിയും നടത്തുന്നവരിൽ കരച്ഛേദശിക്ഷ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹത്തിനെതിർപ്പു നേരിടേണ്ടിവന്നു. തുർക്കിസ്താനിലെ ഗവർണർ അദ്ദേഹത്തിനെഴുതി: ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്‌ലാമിലേയ്ക്കു പരിവർത്തനം ചെയ്തുകൊണ്ടിരിക്കയാണ്. തന്മൂലം അവരുടെ പക്കൽനിന്ന് ജിസ്‌യ പിരിക്കാൻ കഴിയാതാകും. ആയതിനാൽ, അവരുടെ മതപരിവർത്തനം തടയാൻ അനുവാദം തരിക. എങ്കിൽ അവരുടെ പക്കൽനിന്ന് എമ്പാടും ജിസ്‌യ രാഷ്ട്രത്തിന് വസൂലാക്കാമല്ലോ!'' ഉമറുബ്നു അബ്ദുൽ അസീസ് ചമ്മട്ടികൊണ്ട് ആ ഗവർണറുടെ തലയ്ക്കുടിക്കാൻ ഒരാളെ പറഞ്ഞയച്ചു. അദ്ദേഹം ഗവർണർക്കയച്ച കത്തിൽ ഇപ്രകാരമെഴുതി: ''അല്ലാഹു മുഹമ്മദി(

സ)നെ ഈ ലോകത്തേയ്ക്കു നിയോഗിച്ചത് നികുതിപിരിവുകാരനായിക്കൊണ്ടല്ല, മനുഷ്യർക്ക് വഴി കാട്ടിയായിക്കൊണ്ടാണ്.'' ഈജിപ്തിൽ നിന്ന് ഖലീഫയ്ക്ക് ഇങ്ങനെയൊരു കത്ത്കിട്ടി: ''കോപ്റ്റിക്കുകൾ ജിസ്യ കൊടുക്കുന്നത് ഒഴിവായിക്കിട്ടാൻവേണ്ടി ഇസ്‌ലാം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അവരെ ചേലാക്കർമ്മം ചെയ്യിക്കട്ടെയോ? ചേലാക്കർമ്മത്തിനു വിസമ്മതിക്കുന്നവരുടെ പക്കൽനിന്ന് ജിസ്യ വാങ്ങാമല്ലോ?''. ഉമറുബ്നു അബ്ദുൽ അസീസിന്റെ മറുപടി ഇങ്ങനെയായിരുന്നു: ''അല്ലാഹു മുഹമ്മദി(സ)നെ ഭൂലോകത്തേയ്ക്കയച്ചത് അമ്പട്ടാനാ (ഖാത്തിൻ)യിക്കൊണ്ടല്ല, അന്ത്യപ്രവാചകനാ (ഖാത്തം)യിക്കൊണ്ടാണ്.'' മുസ്‌ലിംകൾ കീഴടക്കിയേടങ്ങളിലുള്ളവരുടെ സ്വഭാവമാണിത്. ഇത്തരം സ്വഭാവമുള്ളത്കൊണ്ട് അവരിൽനിന്ന് മുസ്‌ലിംകൾക്കുപോലും കരുണ ലഭിച്ചിരുന്നില്ല. മുസ്‌ലിം പ്രദേശങ്ങൾ കൊള്ളയടിക്കുകയോ വില്ക്കുകയോ ചെയ്യുന്നതിന് അവർക്ക് മടിയുണ്ടായിരുന്നില്ല. അതുകൊണ്ട് ഇമാം നീതിമാനാ(ആദിൽ)വണമെന്ന ഇമാമുകൾ ഊന്നിപ്പറഞ്ഞു. ചിലർ നീതിമാൻ എന്നാൽ പാപമുക്തൻ എന്നർത്ഥം മനസ്സിലാക്കിക്കാണുന്നു. അത് തെറ്റാണ്. നീതി(അദാലത്ത്)യും പാപമുക്തി(ഇസ്മത്ത്)യും തമ്മിൽ വ്യത്യാസമുണ്ട്. എല്ലാ പാപമുക്തനും നീതിമാനാണ്. എന്നാൽ എല്ലാ നീതിമാനും അനിവാര്യമായും പാപമുക്തനാവണമെന്നില്ല. നീതിമാൻ മുസ്‌ലിംകളുടെ ഭരണാധികാരിയായിവന്നാൽ അദ്ദേഹത്തിന്റെ കീഴിൽ നിന്നുകൊണ്ട് ജിഹാദ് ചെയ്യൽ അവർക്കു നിർബന്ധമാണ്. വലിയ പണ്ഡിതർ കൂലങ്കഷമായി പരിശോധിക്കേണ്ട ഒരു പ്രത്യേക വിഷയമാണിത്. വ്യവസ്ഥാപിതനിയമങ്ങളും ചട്ടങ്ങളുമുൾക്കൊള്ളുന്ന ഒരു യഥാർത്ഥമതത്തിൽ ഒരാൾക്ക് തോന്നിയതൊക്കെ ചെയ്യാൻ കഴിയില്ല. ഇന്ന് നമ്മുടെ മതത്തിന്റെ ചൈതന്യം കെടുത്തിയിരിക്കുന്നു എല്ലാവരും കൂടി.

ഒരു ചരിത്ര സംഭവം ഉദ്ധരിക്കട്ടെ. ഇമാം സജ്ജാദ്(അ)[42] ഹജ്ജിനുപോവുകയായിരുന്നു. അബ്ബാദ്ബസരി എന്നൊരാൾ അദ്ദേഹത്തെ അഭിവാദ്യം ചെയ്തശേഷം ഇങ്ങനെ പറഞ്ഞു: നിങ്ങൾ പ്രയാസമുള്ള ജിഹാദ് വിട്ട് പ്രയാസം കുറഞ്ഞ ഹജ്ജ് നിർവ്വഹിക്കാൻ പുറപ്പെട്ടിരിക്കയാണല്ലേ! അല്ലാഹു പറയുന്നതോ? 'അല്ലാഹു വിശ്വാസികളോട് അവരുടെ ജീവനും സ്വത്തും സ്വർഗ്ഗത്തിനുപകരം വാങ്ങിയിരിക്കുന്നു: അവർ കൊന്നും കൊല്ലപ്പെട്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു. തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും അവൻ നല്കിയിരിക്കുന്ന വാഗ്ദാനമാണിത്. അല്ലാഹുവിനേക്കാൾ വലിയ വാഗ്ദാനപാലകനാര്? അതുകൊണ്ട് നിങ്ങൾ ഏർപ്പെട്ടിരിക്കുന്ന വ്യാപാരത്തിൽ സ്വയം സംതൃപ്തരായിരിക്കുക. അത് മഹാവിജയമാകുന്നു'[43] (ഖുർആൻ 9:111) എന്നും.''

ഇമാം ആദരപൂർവ്വം അബ്ബാദിനോട് മേൽ വാക്യത്തിന്റെ തുടർച്ചയും അതിന്റെ അർത്ഥം പൂർത്തിയാക്കുന്നതുമായ അടുത്ത വാക്യം കൂടി പാരായണം ചെയ്യാനാവശ്യപ്പെടുകയാണു ചെയ്തത്. അബ്ബാദ് ഇപ്രകാരം തുടർന്നോതി: അവർ അല്ലാഹുവിലേയ്ക്കു മടങ്ങുന്നവരും, പ്രകീർത്തിച്ചും വ്രതമനുഷ്ഠിച്ചും കമ്പിട്ടും പ്രണമിച്ചും അവനെ ആരാധിക്കുന്നവരും, നന്മകല്പിക്കുകയും തിന്മ തടയുകയും ചെയ്യുന്നവരും, അല്ലാഹുവിന്റെ അതിർത്തികൾ കാക്കുന്നവരുമാകുന്നു. വിശ്വാസികൾക്കു സന്തോഷവാർത്ത നല്കുക''(9:12).

യോദ്ധാവ് തന്നിൽ നിന്നു വന്നുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾക്ക് പശ്ചാത്താപം ചെയ്യുണമെന്ന് ഒന്നാമത്തെ ഉപാധിയായി ഇതിൽ എടുത്തുപറഞ്ഞിരിക്കുന്നു. അയാൾ ഭൗതികതാല്പര്യങ്ങളിൽ നിന്നുയർന്ന് അല്ലാഹുവിനെ ആരാധിക്കുന്നയാളായിരിക്കണം; അല്ലാഹുവിന്റെ മുമ്പിൽ ഭക്തിപൂർവ്വം മുട്ടുകുത്തുകയും പ്രണമിക്കുകയും ചെയ്യണം; സൽപ്രവൃത്തികൾക്കു പ്രേരണ നല്കുകയും തിന്മ തടയുകയും ചെയ്യണം; ദൈവിക സീമകളുടെ കാവൽക്കാരനായിരിക്കണം. ഇമാം സജ്ജാദ്(അ) അബ്ബാദിനോട് തുടർന്നു പറഞ്ഞു: ഈ ഗുണങ്ങളെല്ലാം ഉൾക്കൊള്ളുന്നവരെ കണ്ടാൽ പിന്നെ അവരുടെ കൂടെനിന്ന് ജിഹാദ് ചെയ്യുന്നതുതന്നെയാണ് ഹജ്ജിനേക്കാൾ ഉത്തമം.'' ജിഹാദ് ആരോട്? ആർക്കുവേണ്ടി? ഇമാമുകളുടെ കാലത്ത് ഇത് പ്രശ്നമായിരുന്നു. ജിഹാദിനെപ്പറ്റി ഇമാമുകൾ പറഞ്ഞ വാക്കുകളുടെ യുക്തി നാം ശരിക്കു മനസ്സിലാക്കണം. മുസ്‌ലിംകൾ പ്രതിരോധശേഷി അർജ്ജിക്കരുതെന്നോ അവർ അധസ്ഥിതരും നിസ്സഹായരുമാകണമെന്നോ അവർ യഥാർത്ഥത്തിൽ അർത്ഥമാക്കിയിരിക്കുന്നോ? അതോ മതിയായ കാരണം കൂടാതെ ഒരാൾ സ്വയം കൊല്ലപ്പെടാൻ ഇടയുണ്ടാക്കരുതെന്നാണോ അവരർത്ഥമാക്കിയിട്ടുള്ളത്? സത്യവും അസത്യവും വേർതിരിയുകയും ജിഹാദിന് മേൽനോട്ടം വഹിക്കുന്നതാരെന്നറിയുകയും ജിഹാദിന്റെ അനിവാര്യഫലം ഇന്നതായിരിക്കുമെന്ന് വ്യക്തമാവുകയും ലക്ഷ്യം ശുദ്ധവും ദൈവികവുമായിരിക്കുകയും ചെയ്താൽ ജനങ്ങൾ ജിഹാദിനുവേണ്ടി ഉയർന്നെഴുന്നേല്ക്കണം.

ഇസ്‌ലാം ജിഹാദിന് ശക്തമായി ആഹ്വാനം ചെയ്യുന്നതോടൊപ്പം മനുഷ്യജീവന് അത് വിലക ല്പിക്കുകയും ചെയ്യുന്നു. ആർക്കെങ്കിലും ആരോടെങ്കിലുമുള്ള വിദ്വേഷത്തിന്റെ പേരിൽ വികാര ത്തിനു വശംവദമായിക്കൊണ്ടോ, ദേശീയതയുടെ പേരിൽ നിങ്ങൾ നിങ്ങളുടെ രാജ്യത്തെ രക്ഷിക്ക ണമെന്നു പഠിപ്പിക്കുന്ന 'ഇസ'ങ്ങൾക്കു വേണ്ടിയോ ഒരാൾ അയാളുടെ ജീവൻ നശിപ്പിക്കരുത്. എന്തിനുനശിപ്പിക്കണം? ഒരു കൂട്ടം കൊള്ളക്കാർക്കും പിടിച്ചുപറിക്കാർക്കും രാജ്യത്തെ കൊള്ളയടി ക്കാൻ കിട്ടേണ്ടതിനുവേണ്ടിയോ? നമുക്കു ഭ്രാന്തുണ്ടോ അതിനുവേണ്ടി നമ്മുടെ ജീവൻ കളയാൻ? ദൈവത്തിനും സത്യത്തിനും വേണ്ടിയാണെങ്കിൽ ശരി, നമുക്കു സന്നദ്ധരാകാം. എങ്കിൽ നമുക്ക് നമ്മുടെ നെഞ്ച് പടയങ്കിയാക്കാം. പക്ഷെ, ഭൗതികസിദ്ധാന്തങ്ങൾക്കു വേണ്ടി നമ്മെ അതിനു കിട്ടുമോ? അത് തനി ബുദ്ധിശൂന്യതയാണ്. മനുഷ്യൻ ബുദ്ധിയുള്ളവനും ജീവികളിൽ ഏറ്റവും ഉയർന്ന ജീവിയുമാണ്. അതിനാൽ, സത്യത്തിനും ദൈവികലക്ഷ്യത്തിനും വേണ്ടി മാത്രമേ അവൻ തന്റെ വിലപ്പെട്ട ജീവൻ നല്കാവൂ. ഇതാണ് എന്നും നമ്മുടെ മാർഗ്ഗം.

ഇമാം ഹുസൈൻ(അ)[44] കർബലയിലേക്കു പോകുമ്പോൾ പറഞ്ഞ വാക്കുകൽ ശ്രദ്ധിക്കുക. അബൂമിഖ്നഫ് തബരി,[45] ഉഖ്ബത്തുബ്നു അബുൽ ഐസറത്തിൽ നിന്നും, മജ്‌ലിസി[46] 'അൽമനാ ഖിബി'[47]ൽ നിന്നും ഇമാമിന്റെ വാക്കുകളുദ്ധരിച്ചിട്ടുണ്ട്. 'ബൈദാ'യിൽ വെച്ചാണ് ഇമാം ഇതു പറയു ന്നത്. അവിടെ ഹൂർറിന്റെ[48] നേതൃത്വത്തിലുള്ള സൈന്യവും സന്നിഹിതമായിരുന്നു. പ്രവാചകനെ(സ) ഉദ്ധരിച്ചുകൊണ്ടാണ് ഇമാം തനിക്കു പറയാനുള്ള കാര്യങ്ങൾ പറഞ്ഞത്. അങ്ങനെയാണ് ഇമാ മുകളുടെ പതിവ്. ശിയാക്കളും അല്ലാത്തവരുമുള്ള പൊതുസദസ്സിൽ പ്രവാചകനെ(സ) ഉദ്ധരിച്ചു കൊണ്ടാണ് ഇമാം തനിക്കു പറയാനുള്ള കാര്യങ്ങൾ പറഞ്ഞത്. അങ്ങനെയാണ് ഇമാമുകളുടെ പതി വ്. ശിയാക്കളും അല്ലാത്തവരുമുള്ള പൊതുസദസ്സിൽ പ്രവാചകനെ(സ) ഉദ്ധരിച്ചുകൊണ്ടേ അവർ കാര്യങ്ങൾ പറയാറുള്ളു. ശിയാക്കൾ മാത്രമുള്ള സദസ്സിൽ സ്വന്തം വാക്കുകളായിത്തന്നെ അങ്ങ് പറയും. ഇമാമി(അ)ന്റെ വാക്കുകളിതാ:

ജനങ്ങളെ, അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞിട്ടുണ്ട്: 'ഒരു നിഷ്ഠൂര ഭരണാധികാരി ദൈവിക സീമകൾ അതിക്രമിക്കുകയും, ദൈവവുമായുള്ള കരാറുകൾ അതിലംഘിക്കുകയും, പ്രവാചക പാര മ്പര്യങ്ങൾക്കെതിരുനില്ക്കുകയും, ജനങ്ങളോട് മര്യാദകെട്ട് പെരുമാറുകയും ചെയ്യുന്നത് കണ്ടാൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അയാളെ എതിർക്കേണ്ടത് കടമയാണ്. എതിർക്കാത്തവരെ അവർക്കർഹതപ്പെട്ട സ്ഥാനത്ത് എത്തിക്കുകയെന്നത് അല്ലാഹുവിന്റെ അവകാശമാണ്. ആദ്യം അയാളെ ഉപദേശിക്കണം. ഉപദേശം ഫലിച്ചില്ലെങ്കിൽ ശക്തി ഉപയോഗിക്കണം. അത്തരമൊരു ഭര ണാധികാരിയുടെ ചെയ്തികൾക്ക് മൗനാനുവാദം നല്കുന്നവരെ നരകത്തിൽ അല്ലാഹു അവരുടെ കൂട്ടാളികളാക്കും. ജനങ്ങളെ, സൂക്ഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക! ആ ഭരണാധികാരികൾ പിശാചിനെ അനുസരിക്കുകയും അല്ലാഹുവെ ധിക്കരിക്കുകയും പ്രത്യക്ഷമായി അഴമതിനടത്തു കയും ദൈവിക ഉത്തരവുകളെ അസാധുവാക്കുകയും പൊതുമുതൽ സ്വന്തമാക്കുകയും അല്ലാഹു നിഷിദ്ധമാക്കിയത് അനുവദിക്കുകയും അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കുകയും ചെയ്യുന്നവരാ ണ്.' മുഴുവൻ മുസ്‌ലിംകളും മൗനം പാലിച്ചാലും ഞാനീ സ്ഥിതി മാറ്റാൻ വേണ്ടി യത്നിക്കാൻ ബാദ്ധ്യസ്ഥനാണ്. നിങ്ങൾ എനിക്കു കിട്ടിയിട്ടുണ്ട്; നിങ്ങളുടെ പ്രതിനിധികൾ എന്റടുത്ത് വന്ന താണ്; എന്നെ സഹായിക്കുമെന്നും ഒറ്റപ്പെടുത്തുകയില്ലെന്നും നിങ്ങളെനിക്കു വാക്ക് തന്നതാണ്; നിങ്ങൾ നിങ്ങളുടെ കരാറിലും ബാദ്ധ്യതയിലും ഉറച്ചുനില്ക്കുമെങ്കിൽ അത് നിങ്ങളുടെ മാന്യതയാ ണ്. ഞാൻ ഹുസൈനാണ്; അലിയുടെയും ഫാത്തിമയുടെയും പുത്രൻ; പ്രവാചകന്റെ പൗത്രൻ. ഞാനും എന്റെ കുടുംബവും നിങ്ങളുടെയും നിങ്ങളുടെ കുടുംബങ്ങളുടെയും കൂടെയിതാ!''[49]

'ഞാനും എന്റെ കുടുംബവും നിങ്ങളിൽനിന്നു വ്യത്യസ്തരല്ലെന്നും 'ഞങ്ങൾ എന്തെങ്കിലും പ്രത്യേക ആനുകൂല്യം നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നില്ലെ'ന്നുമാണ് ഹുസൈന്റെ(അ) പ്രസംഗ ത്തിലെ ഒടുവിലെ വാചകങ്ങളുടെ താല്പര്യം. 'ഞങ്ങൾ ജനങ്ങളുടെ കൂടെയാണ്. ജനങ്ങൾക്കു ള്ളതു തന്നെ ഞങ്ങൾക്കുമുള്ളത്. ഞങ്ങൾക്കുള്ളതെല്ലാം ജനങ്ങൾക്കുമുള്ളതാണ്. നാമെല്ലാം ഒന്നാ ണ്. ഞങ്ങൾ ഭരണാധികാരികളായി മറ്റുള്ളവരേക്കാളെല്ലാം ഉയർന്ന ഒരു വിഭാഗമായിരിക്കാൻ ആഗ്ര ഹിക്കുന്നില്ല. ഞങ്ങളുടെ കുടുംബവും മറ്റെല്ലാ കുടുംബങ്ങളെയും പോലെയുള്ള ഒന്നുതന്നെ' - ഇതാണ് പൊരുൾ. ഇതേ നിലപാടുതന്നെയല്ലേ അലി(അ)യുടെ ഏതാനും വർഷത്തെ ഭരണത്തിൽ കണ്ടത്? അലി(അ)യെ തെരുവിലോ ചിന്തയിലോ വെച്ചുകണ്ടാൽ അലി(അ)യാര്, മറ്റുള്ളവരാര് എന്ന് തിരിച്ചറിഞ്ഞിരുന്നില്ല. സാധാരണ വീടുകളിൽ നിന്ന് എന്തു വ്യത്യാസമാണ് അദ്ദേഹത്തിന്റെ

വീട്ടിനുണ്ടായിരുന്നത്? അദ്ദേഹത്തിന്റെ പത്നിക്കോ മക്കൾക്കോ പ്രത്യേക പരിചരണം വല്ലതും ലഭിച്ചിരുന്നോ? ഇതാണ് നാം പിന്തുടരേണ്ട മാതൃക. ഇതായിരിക്കണം ഇസ്‌ലാമിക ഗവൺമെന്റിന്റെയും ഗവർണറുടെയും മാതൃക.[50] അതൊരു വ്യക്തിയുടെ ഭരണമല്ല; ദൈവത്തിന്റെ ഭരണമാണ്.

ഒന്നുകൂടി മൗലികമായിപ്പറയുകയാണെങ്കിൽ, ഇസ്‌ലാമിൽ അല്ലാഹുവിന്റെ ഭരണമല്ലാതെ ഭരണമില്ല. ഭരണകൂടം അല്ലാഹുവിന്റെ, പ്രവാചകന്റെ, ഇമാമിന്റെ ഭരണകൂടം മാത്രം. ഇമാം കഴിഞ്ഞാൽപ്പിന്നെ 'മുജ്തഹിദി'[51]ന്റേതും മുസ്‌ലിം ബഹുജനങ്ങളുടേതും. അവർ അല്ലാഹുവിന്റെ നിയമം പ്രയോഗത്തിൽ വരുത്തുന്ന നിർവ്വാഹക ഘടകങ്ങളായി മാത്രം പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടാണ് ''ഞാനും എന്റെ കുടുംബവും നിങ്ങളുടെയും നിങ്ങളുടെ കുടുംബങ്ങളുടെയും കൂടെയിതാ'' എന്ന് ഇമാം ഹുസൈൻ(അ) പറഞ്ഞത്. 'എന്റെയും എന്റെ കുടുംബത്തിന്റെയും രക്ഷയ്ക്കുവേണ്ടി മറ്റുള്ളവർ ബലിദാനം ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നതായി നിങ്ങൾ മനസ്സിലാക്കേണ്ടതില്ലെ'ന്നാണ് അദ്ദേഹം സൂചന നല്കുന്നത്. മുആവിയ്യയും അലി(അ)യും തമ്മിലുള്ള വ്യത്യാസം, മുആവിയ്യയെ യുദ്ധമുന്നണികൾക്കിപ്പുറവും അലി(അ)യെ യുദ്ധമുന്നണിയുടെ മുൻവശത്തുമാണ് കണ്ടിരുന്നതെന്നതാണ്. മുആവിയ്യ തലയണയും മെത്തയുമിട്ട് ചാരിയിരിക്കും. മുന്നിൽ പലതരം തീറ്റവസ്തുക്കളുമുണ്ടായിരിക്കും. അങ്ങനെ തിന്നും കൂട്ടുകാരൊത്ത് തമാശപറഞ്ഞ് ചിരിച്ചും കൊണ്ടിരിക്കും. ജനങ്ങൾ പോയി ഖഡ്ഗങ്ങളെ നേരിടണം. മുആവിയ്യ അവരോടും പോയി മരിക്കാൻ കല്പിക്കും. അലി(അ)യാകട്ടെ, മുൻനിരയിൽനിന്ന് യുദ്ധം നയിക്കുകയാണു ചെയ്യുക. സിഫ്ഫീൻ[52] യുദ്ധത്തിന്റെ കഥയോർക്കുക. മുആവിയ്യ തനിക്കു പ്രത്യേകമൊരുക്കിയ സ്ഥലത്തിരിക്കുകയാണ്. ജനങ്ങളോട് പുച്ഛമാണയാൾക്ക്. ജനങ്ങളെ അവരുടെ വികാരങ്ങൾ ചൂഷണം ചെയ്തും നുണ പ്രചരിപ്പിച്ചും തനിക്കു വിധേയരാക്കാൻ കഴിയുന്നതിലുള്ള ഫലിതമോർത്ത് ചിരിക്കുകയാണയാൾ. തനിക്കു അവരുടെമേൽ ഭരണം നടത്താൻവേണ്ടി അവരെ നശിപ്പിക്കാൻ കഴിയുന്നല്ലോ എന്നതാണ് ജനങ്ങളോടുള്ള അയാളുടെ പുച്ഛത്തിനു കാരണം. മറിച്ച്, അലി(അ) യുദ്ധം നയിക്കുകയും ആദ്യചുവട് താൻ തന്നെ ചവിട്ടുകയുമാണ്. ''ഞാനും എന്റെ കുടുംബവും നിങ്ങളുടെയും നിങ്ങളുടെ കുടുംബങ്ങളുടെയും കൂടെയിതാ'' എന്ന വാക്കിന്റെ അർത്ഥമതാണ്. ഹുസൈൻ(അ) പ്രഭാഷണം തുടരുന്നു:

''നിങ്ങൾ നിങ്ങളുടെ കരാറ് ലംഘിക്കുന്നുവെങ്കിൽ, ഞാനുമായി ഇങ്ങനെയൊരു കരാറുണ്ടാക്കിയതിൽ നിങ്ങൾക്കു ഖേദംതോന്നുന്നുവെങ്കിൽ, നിങ്ങളിൽനിന്നത് അപ്രതീക്ഷിതമായ ഒരു സംഗതിയല്ല. എന്റെ പിതാവിനോടും, സഹോദരനോടും, എന്റെ പിതൃവ്യപുത്രനായ മുസ്ലിമിനോടും നിങ്ങളിതുപോലെ ചെയ്തിട്ടുള്ളതാണ്.[53] നിങ്ങളുടെ കരാറിൽ വിശ്വാസമർപ്പിച്ചവർക്കു തെറ്റി. നിങ്ങൾ വാഗ്ദാനം പാലിക്കുന്നില്ലെങ്കിൽ നിങ്ങളുടെ മനസ്സിന്റെ വളർച്ചയെത്തന്നെയാണ് അത് ബാധിക്കുക. ഞങ്ങൾക്കതുക്കൊണ്ടൊരു ദോഷവും വരാനില്ല. 'വല്ലവനും താൻ ചെയ്ത പ്രതിജ്ഞലംഘിച്ചാൽ തനിക്കുതന്നെ ദോഷമായിട്ടാണ് അവനത് ലംഘിക്കുന്നത്.[54] അല്ലാഹു എനിക്ക് നിങ്ങളെ ആവശ്യമില്ലാതാക്കിക്കൊള്ളും. അവന്റെ കാരുണ്യത്തിൽ അവനെന്നെ പാർപ്പിച്ചുകൊള്ളും.

'ബിഹാറുൽ അൻവറി[55] ൽ 'മനാഖിബി'ൽ നിന്നെടുത്തുദ്ധരിക്കുന്നു: ഉബൈദുല്ലാഹിബ്നു സിയാദിന്റെ[56] കൽപനപ്രകാരം ഹുറുബ്നുയസീദും ആയിരം കുതിരപ്പടയാളികളും ചേർന്ന് കർബലാമരുഭൂമിയിൽ ഹുസൈനെ (അ) തടഞ്ഞുനിർത്തിയപ്പോൾ അദ്ദേഹം പേനയും കടലാസുമെടുത്ത് കുഫയിലെ ശിയാപ്രമുഖർക്കും നേതാക്കൾകുമൊരു കത്തെഴുതി. ''സുലൈമാനുബ്നുസുറദ്, മുസയ്യബുബ്നുനജാബ, റിഫാഹ ഇബ്നു ശദ്ദാദ്, അബ്ദുല്ലാഹിബ്നു വാലിൻ എന്നിവർക്കും മറ്റു വിശ്വാസികൾക്കും ഹുസൈബ്നു അലി എഴുത്തുന്നത്'' എന്നിങ്ങനെയായിരുന്നു കത്തിന്റെ പ്രാരംഭം. ഇപ്പറഞ്ഞ ശിയാപ്രമുഖരെല്ലാം ഒന്നുകിൽ നാട്ടിൽ ജയിലിൽ, അല്ലെങ്കിൽ നാട്ടിൽനിന്നു ബഹിഷ്കൃതരായി അന്യപ്രദേശത്ത് കഴിയുന്നവരും അതുകൊണ്ടുതന്നെ അദ്ദേഹത്തെ സഹായിക്കാൻ നിവൃത്തിയില്ലാത്തവരുമായിരുന്നു. കത്തിന്റെ പ്രധാനഭാഗമിങ്ങനെ വായിക്കാം:

''നിങ്ങൾക്കറിയാം (താൻ പറയാൻപോകുന്ന കാര്യത്തിന്റെ അനിഷേദ്ധ്യത തെളീക്കുകയാണ് 'നിങ്ങൾക്കറിയാം' എന്നവാക്കിലൂടെ ഹുസൈൻ ചെയ്യുന്നത്), അല്ലാഹുവിന്റെ ദൂതൻ ഇപ്രകാരം പറഞ്ഞത്: ഒരു നിഷ്ഠൂരഭരണാധികാരി ദൈവിക സീമകൾ അതിക്രമിക്കുകയും ദൈവവുമായുള്ള കരാറുകൾ അതിലംഘിക്കുകയും പ്രവാചകപാരമ്പര്യത്തിനെതിരാവുകയും ജനങ്ങളോട് അപമര്യാ

ദയായി പെരുമാറുകയും ചെയ്യുന്നത് കണ്ടാൽ വാക്കുകൊണ്ടും പ്രവർത്തികൊണ്ടും ആ ഭരണാധികാരിക്കെതിരിൽ നിൽക്കണം. ഇല്ലെങ്കിൽ അല്ലാഹു അവനെ എത്തിക്കേണ്ടടത്തെത്തിക്കും. ആ ഭരാണാധികാരുയും അയാളുടെ ശിങ്കിടികളും പിശാചിനെ അനുസരിക്കുന്നത് തെരെഞ്ഞെടുക്കുകയും അല്ലാഹുവിനെ അനുസരിക്കുന്നത് ഒഴിവാക്കുകയും ചെയ്തവരാണെന്നറിയണം. പരസ്യമായി അഴിമതികാട്ടുകയും അല്ലാഹുവിന്റെ ഉത്തരവുകളെ അസാധുവാക്കുകയും പൊതുമുതൽ സ്വന്തമാക്കുകയും അല്ലാഹു നിഷിദ്ധമാക്കിയത് അനുവദിക്കുകയും അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കുകയും ചെയ്യുന്നവരാണവർ.' ഈയവസ്ഥ മാറ്റാൻ ഞാൻ ഒന്നാമതായി ബാധ്യസ്ഥനാണ്; നിങ്ങളെനിക്കെഴുതിയതുമാണ്; നിങ്ങളുടെ കത്ത് എനിക്ക് കിട്ടീട്ടുണ്ട്; നിങ്ങളുടെ പ്രതിനിധികൾ എന്നെ സമീപിച്ചതുമാണ്; എന്നെ ഒറ്റപ്പെടുത്തുകയില്ല, സഹായിക്കുമെന്ന് നിങ്ങൾ എന്നോട് കരാർ ചെയ്തിരിക്കുന്നു. നിങ്ങളുടെ കരാറിലും ബാദ്ധ്യതയിലും നിങ്ങൾ ഉറച്ചുനിൽക്കുമെങ്കിൽ അതിലൂടെ നിങ്ങൾ മാന്യതയുള്ളവരാണെന്ന് സ്വയം തെളീക്കും. ഞാൻ ഹുസൈനെണ്. അലി(അ)യുടെയും ഫാത്തിമ(അ)യുടെയും പുത്രൻ; പ്രവാചകന്റെ(സ) പൗത്രൻ. എന്റെ ജീവിതമിതാ നിങ്ങളുടെകൂടെ. എന്റെ കുടുംബമിതാ നിങ്ങളുടെ കുടുംബങ്ങളുടൊപ്പം. എനിക്കും നിങ്ങൾക്കുമിടയിൽ ഒരു രീതിയുണ്ട്. നിങ്ങൾ നിങ്ങളുടെ കരാർ പാലിക്കുന്നില്ലെങ്കിൽ, എന്റെ നേതൃത്വമംഗീകരിക്കാൻ നിങ്ങൾക്കിപ്പോൾ സമ്മതമില്ലെങ്കിൽ, എനിക്കതിൽ ഒട്ടും അത്ഭുതമില്ല. എന്റെ പിതാവിനോടും സഹോദരനോടും ഒടുവിൽ എന്റെ പിതൃവ്യപുത്രൻ മുസ്‌ലിമുബ്നുഅഖീലിനോടും നിങ്ങളിതു ചെയ്തിട്ടുണ്ട്. നിങ്ങളെ വിശ്വസിച്ചവർക്കു തെറ്റി. നിങ്ങൾ നിങ്ങളുടെ ഭാഗധേയം നശിപ്പിച്ചു. ''പ്രതിജ്ഞ ലംഘിക്കുന്നവൻ തനിക്കെതിരായിത്തന്നെയാണത് ലംഘിക്കുന്നത്.[57]''

ജിഹാദിനെക്കുറിച്ചുള്ള ചർച്ച 'ശിഹാദി'ന്റെ അർത്ഥം കൂടിവിവരിക്കാതെ പൂർത്തിയാവുകയില്ല. ഇത് വേറെത്തന്നെ ഒരു വിഷയമാണ്.[58] ഇവിടെ അത് മുഴുവനായി ചർച്ചചെയ്യാനാവില്ല. എങ്കിലും ചുരുക്കത്തിൽ പറയാം. സത്യം ഉൾക്കൊള്ളുകയും ദൈവികലക്ഷ്യത്തിനുവേണ്ടി നിലക്കൊള്ളുകയും ചെയ്യുന്ന വ്യക്തി അതിനുവേണ്ടി ജീവൻ ബലിയർപ്പിക്കുമ്പോൾ, ഖുർആന്റെയും ഇസ്‌ലാംമത കർമ്മശാസ്ത്രത്തിന്റെയും സാങ്കേതിക പദം അത്തരം വ്യക്തിക്ക് 'ശഹീദ്' എന്നാണ്. സത്യത്തിന്റെ ദർശനം അനുഭവിച്ച വ്യക്തിയാണ് ശഹീദ്. വൈകാരിക വിക്ഷോഭം കൊണ്ടോ വിഥ്യാവിചാരം കൊണ്ടോ അല്ല അയാൾ തന്റെ ജീവിതം ബലിദാനം ചെയ്യാൻ തയ്യാറായിരിക്കുന്നത്. അയാളുടെ പക്കൽ സത്യമുണ്ട്; അയാൾക്കു ലക്ഷ്യമുണ്ട്; അതാണയാളെ മണ്ണിലും ചോരയിലും പുരളാൻ ഉദ്യുക്തനാക്കുന്നത്. വ്യക്തിപരമായ ചാപല്യമോ സ്വാർത്ഥമോഹമോ മൂലമല്ല അയാളിതിന് തയ്യാറാക്കുന്നത്. മറിച്ച്, ദൈവസാമിപ്യം തക്ഷ്യം വെച്ചാണ്. അയാൾ ലൗകികകാര്യങ്ങൾക്കെല്ലാം ഉപരിയാണ്. സത്യത്തിന്റെ മഹത്വം അയാൾ വേണ്ടവിധം മനസ്സിലാക്കീട്ടുണ്ട്. അങ്ങനെ സത്യസാഗരത്തിൽ ഒരു ബിന്ദുവായി അയാൾ തന്നെ സ്വയം വിലയിപ്പിക്കകയാണ്. അതാണ് 'ഫനാഫില്ലാഹ്' (പരബ്രഹ്മലയനം)[59] എന്ന നിഗുഢപദത്തിന്റെ യഥാർത്ഥ പൊകുൾ. സൂഫി 'ഖാൻഗാഹു' കളിലിരുന്ന് 'ഹു ഹു' എന്ന് അക്രോശിച്ച് താൻ ദൈവസന്നിധിയിലെത്തിയതായി സങ്കല്പിക്കലല്ല 'ഫനാ'. താഴെ കൊടുത്ത കാവ്യശകലത്തിൽ ഫനായുടെ പൊരുൾ പ്രതിഫലിക്കുന്ന:

ശിരസ്സുതൊട്ട് പാദംവരെ

നീ ദിവ്യപ്രകാശം ജ്വലിപ്പിക്കും

നീ നിന്നെ

അവന്നായ് തീർക്കുമെങ്കിൽ.[61]

സത്യം ദർശിച്ച് അതിന്റെ സംസ്ഥാപനത്തിനായി സ്വയം നശിപ്പിക്കാൻ തയ്യാറാവുന്ന അവസ്ഥയിലെത്തുന്ന വ്യക്തിയാണ് ശഹീദ്. ഒരാൾ അബദ്ധത്തിൽ, അല്ലെങ്കിൽ ലൗകികമോ അയഥാർത്ഥമോ ആയ ഒരു ലക്ഷ്യത്തിനുവേണ്ടി ജീവൻ കളഞ്ഞാൽ അവന് രണ്ടുലോവും നഷ്ടപ്പെടും - ഈ ലോകവും മറു ലോകവും. അല്ലാതെ അവനൊരു ശഹീദല്ല. മതം മനസ്സിലാക്കുകയും ദൈവത്തെ അറിയുകയും അനശ്വരജീവിതമെന്ന നിലയിൽ പരലോകത്തിൽ വിശ്വസിക്കുകയും ചെയ്തവനാണ് ശഹീദ്. അവന് തന്റെ ലക്ഷ്യത്തെക്കുറിച്ച് ബോധം വേണം. സത്യം അനുഭവവേദ്യമായിട്ടുള്ളതി

നാൽ അവന് മരിക്കാൻ ഭയമോ പ്രയാസമോ ഇല്ല. ചില 'സൂഫി'കൾ പ്രാർത്ഥനാവേളയിൽ ഒരാൾ തന്റെ 'ഖുത്ബി'[62]നെ മനസ്സിൽ നിരൂപിക്കണമെന്നു പറയുന്നുണ്ട്. ഖുത്ബ് ദൈവത്തിന്റെ ദൃഷ്ടാന്ത മാണ്. ഭൗതിക ജീവിയായ മനുഷ്യന് പരമാസ്തിത്വമായ ദൈവത്തെ ദൃഷ്ടാന്തങ്ങൾ വഴിയല്ലാതെ നിരൂപിക്കാൻ കഴിയും. തടസ്സങ്ങൾ ക്രമത്തിൽ മാറ്റി ദൈവത്തെ നിരൂപിക്കാൻ കഴിയും. പ്രാർത്ഥന യിൽ നാം ഇങ്ങനെ പറയുന്നു: ''നിന്നെയാണ് ഞങ്ങൾ ആരാധിക്കുന്നത്; നിന്നോടാണ് ഞങ്ങൾ സഹായം തേടുന്നത്; ഞങ്ങൾക്കു നേർവഴി കാട്ടിത്തരിക-നീ അനുഗ്രഹിച്ചവരുടെ വഴി.''[63] സ്വത്തും അധികാരവും കൊടുത്തവരുടെ വഴിയെന്നാണോ ഇവിടെ പറയുന്നത്? അല്ല. അനുഗ്രഹിച്ചവരുടെ വഴിയെന്നാണ്. മറ്റൊരു ഖുർആൻ വാക്യം ഈ വഴിയേതെന്ന് വ്യക്തമാക്കുന്നുണ്ട്: ''അല്ലാഹുവി നെയും അവന്റെ ദൂതനെയും അനുസരിച്ചവർ അല്ലാഹു അനുഗ്രഹിച്ചവരുടെ കൂടെയാണ്. അഥവാ പ്രവാചകന്മാർ, സത്യാത്മാക്കൾ, ശഹീദുകൾ, സജ്ജനങ്ങൾ എന്നിവരുടെ കൂടെ. അവരാണ് നല്ല കൂട്ടകാർ'' (4:69).[64] അല്ലാഹുവിനുവേണ്ടി മരിച്ചവരാണ് ശഹീദുകൾ. ഇത് മഹത്തായൊരു പദവിയാ ണ്. സജ്ജനങ്ങൾ അവരെ പിന്തുടരുന്നവരാണ്. അല്ലാഹു പൂർണ്ണമായനുഗ്രഹിച്ച നാലുവിഭാഗത്തെ യാണിവിടെ എടുത്തു പറഞ്ഞിരിക്കുന്നത്. അല്ലാഹുവിനെ അനുസരിക്കുന്നവർ അവരുടെ കൂടെയാ ണ്. കാരണം, അവർ ആന്തരിക വിപ്ലവം അനുഭവിക്കുന്നവരാണ്. അവർക്കു സത്യം വെളിപ്പെടുത്ത പ്പെട്ടിരിക്കുന്നു. ശുഹദാക്കൾക്ക്, അഥവാ രക്തസാക്ഷികൾക്ക്, അനശ്വരതയുടെ ദൈവികമായ പാരി തോഷികം ഉറപ്പാണ്.[65]

അത്ഭുതം! ഒരുകൂട്ടം ആളുകൾ ഭൂലോകത്തിന്റെ മൂലയിൽ ഒരിടത്ത് ഒരുമിച്ചുകൂടി. ശത്രു അവ രുടെ ശബ്ദം പുറത്തുകേൾക്കാൻ അനുവദിച്ചില്ല; അവരെ ആക്രമിച്ചു; അംഗച്ഛേദം ചെയ്തു. ആ വിവിരം പട്ടണത്തിലെത്തിക്കാൻപോലും അവരിലാരും അവശേഷിച്ചില്ല. പക്ഷെ, അവരുടെ മുഴു വൻ പേരും അവർ നടത്തിയ പ്രവർത്തനങ്ങളും ധീരശൂരപരാക്രമങ്ങളും ചരിത്രത്തിൽ അനശ്വര മായി രേഖപ്പെടുത്താൻ സൃഷ്ടിവ്യവസ്ഥയിൽ ഏർപ്പാടുണ്ടായി. ഇതത്ഭുതമല്ലെ? നമുക്കിന്ന് അവരു ടെയും അവരുടെ മാതാപിതാക്കളുടെയും; ഭാര്യമാരുടെയും എന്തിനധികം പറയുന്നു, അവരുടെ കുതിരകളുടെ പോലും പേരറിയും. അവർ എന്തൊക്കെ സംസാരിച്ചോ അതൊക്കെ നമുക്കറിയാം. എല്ലാം ശേഷിച്ചിരിക്കുന്നു. ഇതെല്ലാം നമുക്കെവിടെനിന്നുകിട്ടി? ആ മനുഷ്യർ ചരിത്രത്തിൽ എന്തിന വശേഷിച്ചു? ആത്മബലിയിലൂടെ അവർ അനശ്വരതയിലേയ്ക്കു സഞ്ചരിച്ചു. പൂർണ്ണതയിലേയ്ക്കുള്ള ഉന്നതമായ പ്രയാണം! അതിന്റെ തത്വമിതാണ്: ആടുമാടുകൾ സസ്യം ഭക്ഷിക്കുന്നു; അത് മാംസവും എല്ലുമായി മാറുന്നു. മനുഷ്യൻ ആടുമാടുകളുടെ മാംസം ഭക്ഷിക്കുന്നു; അങ്ങനെ മാംസം ചിന്തയും ഊർജ്ജവും വിശ്വാസവുമായി മാറുന്നു. പരിണാമത്തിലേയ്ക്കുള്ള ബലിദാനത്തിന്റെ പരമ്പര! റൂമി പറയുന്നു:

അചേതനമായിരുന്ന ഞാൻ

മരിച്ച് സസ്യമായി.

സസ്യമായിരുന്ന ഞാൻ

മരിച്ച് ജന്തുവായി.

ജന്തുവായിരുന്ന ഞാൻ

മരിച്ച് മനുഷ്യനായി.

എനിക്കു മരണത്തെ പേടിയില്ല.

മരണം എനിക്കൊന്നും നഷ്ടപ്പെടുത്തുന്നില്ല.

മനുഷ്യനായ ഞാൻ

ഒരിക്കൽകൂടി മരിക്കും.

എന്നിട്ട്,

ഒരു മാലാഖയായിപ്പറക്കും.

പിന്നെ, മാലാഖയിൽനിന്നും പറക്കും.

അങ്ങനെ,

സങ്കല്പസാധ്യമല്ലാത്ത

എന്തോ ഒന്നായിമാറും.

പിന്നെ ഞാൻ അഭാവമാകും; ഒന്നുമല്ലാതാകും.

സാരംഗി പറയുന്നു:

അവനിലേക്കു നാം മടങ്ങും.''[66]

ഹുസൈന്റെ(അ) കൂട്ടുകാർക്ക് ആശൂറാ[67] നാളിൽ ചിറകുമുളച്ചപോലെ! ഓരോരുത്തരും പടക്കളത്തിലേയ്ക്കു തന്നെ മുമ്പേ മുമ്പേ വിടാൻ കെഞ്ചുകയാണ്! ഒരാൾ പറയുകയാണ്: ഈ ലോകത്തിൽ ജീവിക്കുന്നതിൽ എനിക്കു സങ്കോചം തോന്നുന്നു!''. എന്തൊരുതരം മനുഷ്യർ! അവർക്കും ഭാര്യമാരും കുട്ടികളും ബന്ധുക്കളും കച്ചവട വ്യാപാരദികളുമെല്ലാമുണ്ടായിരുന്നു. സുഹൈറുബ്നു ഖായിൻ അൽബജലി[68] കുറച്ചുമുമ്പുവരെ മുആവിയ്യാഭരണത്തിന്റെ പ്രചാരണത്തിൽ കുടുങ്ങി ഉസ്മാന്റെ രക്തത്തിന്[69] പ്രതികാരം ചോദിക്കാൻ ആവശ്യപ്പെട്ടും അലി(അ)യോടും കുടുംബത്തോടും വെറുപ്പ് പ്രകടിപ്പിച്ചും നടക്കുകയായിരുന്നു. പെട്ടെന്ന്, കർബലയിലേയ്ക്കുള്ള വഴിക്കുവെച്ച് അദ്ദേഹം ഹുസൈന്റെ(അ) ചേരിയിൽ ചേരാൻ തീരുമാനിച്ചതാണ്. അവർ തമ്മിൽ നടന്ന സംസാരം കേൾക്കൂ! എന്താണദ്ദേഹം പറഞ്ഞത്! എന്താണദ്ദേഹം കേട്ടത്! ഒരിടിമിന്നൽ വന്ന് അദ്ദേഹത്തിന്റെ ഭൗതികബന്ധങ്ങളെല്ലാം തകർത്തപോലെ! ഒരുമണിക്കൂർ മുമ്പുവരെ ആടും മാടും ഒട്ടകവുമെല്ലാമുള്ള ഒരാളായിരുന്നു സുഹൈർ. തന്റെ സ്വത്തിനോടും കുടുംബത്തോടും എന്തൊരു കെട്ടുപാടായിരുന്നു അദ്ദേഹത്തിന്! ഇപ്പോൾ അദ്ദേഹം സ്വത്വത്തെ തിരിച്ചറിഞ്ഞു. അദ്ദേഹം മാറ്റം അനുഭവിക്കുകയാണ്!

നാം അസ്വസ്ഥരാവാറുണ്ട്. എന്തിനാണത്? ജീവിതത്തിൽ ലക്ഷ്യമില്ലാഞ്ഞിട്ടുതന്നെ. പണത്തിനും അധികാരത്തിനുമാണ് വിലയെന്നാണ് നാം ചിന്തിക്കുന്നത് - അതെങ്ങനെ നേടിയാലും. നമുക്കുവേണ്ടത് കിട്ടാതാവുമ്പോൾ നാം അസ്വസ്ഥരാവുന്നു. ഒരു ബിസിനസ്സുകാരൻ, അല്ലെങ്കിൽ ഉദ്യോഗസ്ഥൻ വൈകുന്നേരം തന്റെ വീട്ടിലേയ്ക്കു പോകുന്നത് സ്വന്തം കുടുംബത്തോട് സംസാരിക്കാൻപോലും താല്പര്യമില്ലാത്തവിധം അസ്വസ്ഥകലുഷമായ മനസ്സോടുകൂടിയാണ്. എന്താണുകാരണം? അയാളിട്ട പദ്ധതി വിജയിച്ചിരിക്കില്ല, അതുതന്നെ. എന്താണയാൾക്കുവേണ്ടത്? ഒരു പട്ടാള ഉദ്യോഗസ്ഥനാണെങ്കിൽ, തന്റെ സഹപ്രവർത്തകർക്കു ലഭിച്ചതുപോലുള്ള ഉദ്യോഗക്കയറ്റം തനിക്കു ലഭിക്കാത്തതിലായിരിക്കാം അയാൾക്കു ദുഃഖം. ഒരു ബിസിനസ്സുകാരനാണെങ്കിൽ അയാളുടെ ദുഃഖം പ്രതീക്ഷിച്ച ലാഭം കിട്ടിക്കാണാത്തതിലായിരിക്കും. സാമ്പത്തിക നില പൊതുവെ മോശമായതിൽ എല്ലാവരും അസ്വസ്ഥരാണ്. ഈ നീചമായ ലോകത്തിൽ വന്നുപെട്ടതിൽ അസ്വസ്ഥരാണ് കുറെയാളുകൾ. ശഹീദ് ഈ ലോകത്തിൽ വന്നു പെട്ടതിൽ അസ്വസ്ഥനല്ല; ഈ ലോകത്തിനതീതനായി പ്രവർത്തിക്കുന്നവനാണ്; വിശ്വാസിയും അങ്ങനെതന്നെ. സുഹൈർ അസ്വസ്ഥനായിരുന്നു. കാരണം, അയാൾ ഒരു സംശയവാദിയായിരുന്നു. അയാൾക്കു ജീവിതത്തിന്റെ അർത്ഥമറിഞ്ഞുകൂടായിരുന്നു. അലി(അ)യോ മുആവിയ്യയോ ആരാണ് ശരിയിലെന്ന് അയാൾക്കറിയില്ലായിരുന്നു. അയാളൊരുതരം മിഥ്യാവിചാരത്തിലകപ്പെട്ടിരിക്കയായിരുന്നു. ലൗകികമായ മോഹങ്ങളും കെട്ടുപാടുകളും അയാളെ വലയം ചെയ്തിരുന്നു. ഒരു മിന്നലൊളിയിൽ ആ മിഥ്യകളെല്ലാം മറഞ്ഞു. ലൗകിക ബന്ധങ്ങളൊക്കെ അറ്റു. അയാൾ രക്തസാക്ഷിയാകുന്നതിനു മുമ്പുതന്നെ സാക്ഷി(ശഹീദ്) യായി.[70] ജീവിതം അയാൾക്ക് ലഘുവായി. സത്യം വെളിപ്പെട്ടപ്പോൾ മറ്റെല്ലാം അപ്രധാനമായിമാറി. ജീവിതവും മരണവും അയാൾക്കുസമം. അയാൾ സ്വപത്നിയോടു പറയുകയാണ്: ബിന്തു അംറു,[71]

വിട! എനിക്കു മതിയായി, നീ പോയി ആടുകളെയും മാടുകളെയും ഒട്ടകങ്ങളെയും നോക്കിക്കൊള്ളുക! എല്ലാം ഞാൻ നിനക്കു തന്നു. എനിക്കുവേണ്ടത് കിട്ടിക്കഴിഞ്ഞിരിക്കുന്നു!''. സത്യം വെളിപ്പെട്ടുകിട്ടിയാൽ മറ്റൊന്നിനും വിലയില്ല. അത് ആശൂറായുടെ തലേന്നാളായിരുന്നു. പിന്നെ ആശൂറായുടെ പുലരി... വൈകുന്നേരം... സുഹൈറിന്റെ ദേഹത്തുനിന്ന് രക്തം ധാരധാരയായൊഴുകുന്നു... ദാഹിച്ചു തൊണ്ടവരളുന്നു... അദ്ദേഹം ഹുസൈനോ(അ)ട് വിടചോദിക്കുന്നു... തോളിൽ തട്ടിക്കൊണ്ട് ഇപ്രകാരം പറയുന്നു: എന്റെ ജീവൻ അങ്ങേയ്ക്കു ബലിയായിരിക്കട്ടെ. അങ്ങ് വഴികണ്ടവനാണ്. അതിനാൽ വഴികാട്ടുക. അങ്ങ് എന്റെ രക്ഷകനാണ്; മോചകനാണ്. ഈ വഞ്ചകിയായ ലോകത്തിൽനിന്ന് അങ്ങാണെന്നെ മോചിപ്പിച്ചത്...'' ...രക്തം ധാരമുറിയാതൊഴുകുന്നു. സുഹൈർ പറയുന്നു: ''എനിക്കൊരു ദുഃഖവുമില്ല!!''. അദ്ദേഹത്തിന്റെ ഭാര്യ വിധവയാവുകയാണ്; മക്കൾ അനാഥരാവുകയാണ്; എന്നിട്ടും അദ്ദേഹം പറയുന്നു, എനിക്കൊരു ദുഖഃവുമില്ലെന്ന്. അതാണ് കരുത്ത്. തുടർന്നദ്ദേഹം പറയുന്നു: ഇന്ന് ഞാൻ അങ്ങയുടെ പിതാമഹനെ കാണും; അല്ലാഹു തൃപ്തിപ്പെട്ട അത്ഭുതങ്ങളിൽ അത്ഭുതമായ ഹസ്രത്ത് അലിയെയും! എന്റെ ആത്മാവ് ദേഹത്തെ വിടുന്നതോടെ അവർക്കും എനിക്കുമിടയിലുള്ള ദൂരം അവസാനിക്കും!''. സത്യത്തിന്റെ അനശ്വരതയിലും മാനവതയുടെ രഹസ്യത്തിലും സുഹൈറിനൊട്ടും സംശയമില്ല. അദ്ദേഹം തുടരുന്നു: ഇതാ ഞാൻ പോകയാണ് - അങ്ങയുടെ പിതാവിനെയും സഹോദരനെയും കാണാൻ!' ഇതും പറഞ്ഞ് സുഹൈർ ഹുസൈന്റെ(അ) മുമ്പിൽ വീണ് അന്ത്യശ്വാസം വലിക്കുന്നു.

സുഹൈറിന്റെ ഭാര്യ നേരത്തെ കൂഫയിലേക്കു മടങ്ങിപ്പോയിരുന്നു. അവർ അവിടെ തന്റെ പ്രിയതമൻ തിരിച്ചുവരുന്നതും പ്രതീക്ഷിച്ചിരിക്കയാണ്. എല്ലാവരും ഹുസൈന്റെ(അ) കൂടെ കൊല്ലപ്പെട്ട വിവരമാണവർക്കു കിട്ടിയത്. അവർ ഒരു വസ്ത്രം കൊടുത്ത് ഭർത്താവിനെ അതുകൊണ്ടു മൂടാൻ ഭൃത്യനെ അങ്ങോട്ടയച്ചു. ഭൃത്യൻ വസ്ത്രവുമായി മടങ്ങിവന്നു. എന്തേ മൃതദേഹം മൂടിയില്ല എന്നന്വേഷിച്ചതിന് ഭൃത്യൻ പറഞ്ഞ മറുപടി 'മൃതദേഹങ്ങൾ മണലിലും ചോരയിലും പുരണ്ടും അംഗവൈകല്യം വരുത്തപ്പെട്ടും കർബലായിലെ പൊള്ളുന്ന മരുഭൂമിയിൽ കിടക്കുന്നതിനാൽ തിരിച്ചറിയാനായില്ല' എന്നായിരുന്നു.

അല്ലാഹുവിന്റെ സഹായത്താലല്ലാതെ ഒന്നിനും കഴിയില്ല. ഒന്നും മാറുകയുമില്ല. അവൻ വലിയവനാണ്; ഉന്നതനാണ്. നമുക്കവൻ മതി. സർവ്വശ്രേഷ്ഠനായ അവനിൽ നാം ഭരമേല്പിക്കുന്നു!

സർവ്വശക്തനായ അല്ലാഹുവേ, സത്യത്തിന്റെയും വിശ്വാസത്തിന്റെയും വെളിച്ചംകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുക! മുസ്‌ലിംകളുടെ ഗുണമേതിലോ അതിൽ ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തുക! മുസ്‌ലിംകൾക്കിടയിൽനിന്ന് സംശയത്തിന്റെ ദുർവൃക്ഷങ്ങളെ കടപുഴക്കിയെറിയുക! ഞങ്ങൾക്കു നേർമാർഗ്ഗം കാട്ടിത്തരിക! സന്തോഷത്തിന്റെയും അഭിവൃദ്ധിയുടെയും പാതയിലേക്കു ഞങ്ങളുടെ ശക്തി തിരിച്ചുവിടുക! ഞങ്ങളിൽനിന്നു മരിച്ചവർക്കു പാപമോചനം നല്കുക! മുസ്‌ലിംകളെ പിന്തുണക്കുകയും മുസ്‌ലിംകളുടെ അന്തസ്സിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർക്കു സഹായവും വിജയവും നല്കുക! മുസ്‌ലിംകളോടും മുസ്‌ലിം ലോകത്തോടും ദ്രോഹം ചെയ്യുന്നവരെ നശിപ്പിക്കുക! ആൾജീരിയായിലെ[72] ഞങ്ങളുടെ മുസ്‌ലിം സഹോദരങ്ങൾക്കു വിജയം നല്കുക! രക്തദാഹികളും കുറ്റവാളികളുമായ കപടനാഗരീകന്മാരുടെ മർദ്ദനത്തിൽ നിന്നവരെ രക്ഷപ്പെടുത്തിക്കൊടുക്കുക! മുസ്‌ലിം ലോകത്തെ ഉണർത്തുക! പ്രത്യേകമായി ഈ മുസ്‌ലിം രാജ്യത്തെ! ഞങ്ങളുടെ അണികളെ ദൃഢപ്പെടുത്തുക! ഞങ്ങളെ യഥാർത്ഥ മുസ്‌ലിംകളായി മരിപ്പിക്കുക! ഇതുപോലുള്ള സദസ്സുകളെ ഇഹത്തിലും പരത്തിലും ഫലപ്രദമാക്കുക.

എല്ലാവർക്കും ദൈവികമായ രക്ഷയും സമാധാനവും കൈവരട്ടെ!

## കുറിപ്പുകൾ

1. സമരവും പ്രതിരോധവും മനുഷ്യന് സഹജമായ പ്രവണതകളാണ്. അവയെ ദൈവികമൂല്യങ്ങൾക്കനുസൃതം പവിത്രമാക്കുകയാണ് പ്രകൃതിമതമായ ഇസ്‌ലാം. ഇല്ലെങ്കിൽ മനുഷ്യൻ ആ പ്രവണതകളെ ഇച്ഛാനുസൃതം ഉപയോഗിക്കും. അത് പിശാചിന്റെ മാർഗ്ഗമാണ്. പിശാചിന്റെ മാർഗ്ഗം വ്യക്തിപരമോ സാമുദായികമോ സംഘടനാപരമോ ദേശീയമോ എന്തുതന്നെയായാലും പവിത്രവും മനുഷ്യമഹിമയ്ക്കിണങ്ങുന്നതുമായ മൂല്യങ്ങളാൽ അത് നിയന്ത്രിതമായിരിക്കയില്ല. അതിനാൽ പോരാട്ടം നശീകരണോദ്ദേശ്യത്തോടെയായിരിക്കും; നിർമ്മാണപരമായിരിക്കയില്ല. യുദ്ധാസക്തിയെ നിയന്ത്രിക്കുകയും മാർഗ്ഗദർശനം ചെയ്യുകയും മനുഷ്യന്റെ നിലനില്പിനും വളർച്ചയ്ക്കും സഹായകമാക്കുകയും ചെയ്യുന്നതാണ് ദൈവികമാർഗ്ഗം. ഇക്കാര്യം ഈ സൂക്തം ഉൾക്കൊള്ളുന്നു. പിശാചിന്റെ തന്ത്രം ശക്തിയുടെ യഥാർത്ഥ ഉറവിടവും സ്രോതസ്സുമായ ദൈവത്തിന്റെ എതിരിലായതുകൊണ്ടാണ് അതിനെ ദുർബ്ബലമെന്നു വിശേഷിപ്പിച്ചിരിക്കുന്നത്. പൈശാചികതന്ത്രങ്ങൾക്കു ശാശ്വത വിജയത്തിലേയ്ക്കു മനുഷ്യനെ എത്തിക്കാനാവില്ല. താൽക്കാലിക നേട്ടങ്ങൾക്കുള്ള സൂത്രങ്ങളേ പിശാചിന്റെ പക്കലുള്ളു. പൈശാചിക ദുരവസ്ഥകളെ ദൂരീകരിക്കുകയും ദൈവിക-മാനുഷിക മൂല്യങ്ങളെ ഉത്തുംഗതയിലെത്തിക്കുകയും ചെയ്യുകയെന്നത് ഇസ്‌ലാമിന്റെ പോരാട്ടം ലക്ഷ്യംവെയ്ക്കുന്നതാണ്. അക്രമം ചെയ്യാനല്ല. അക്രമം നിറുത്തിക്കാനാണ് ഇസ്‌ലാമിന്റെ യുദ്ധം. ദൈവത്തിലേയ്ക്കുള് മാർഗ്ഗത്തിൽ തടസ്സങ്ങളും വിലങ്ങുകളും വലിച്ചിടുന്നവരെ തട്ടിമാറ്റി പൂർണ്ണതയിലേയ്ക്കുള്ള മനുഷ്യന്റെ പ്രയാണം സുകരമാക്കുകയാണതിന്റെ ഉദ്ദേശ്യം.

2. 'ജിഹാദ്' അറബിപദമാണ്. പോരാട്ടം, പ്രയത്നം, പരിശ്രമം, ക്ലേശംചെയ്യൽ എന്നൊക്കെയാണർത്ഥം. പലപ്പോഴും ഈ പോരാട്ടവും പ്രയത്നവും പരിശ്രമവും ക്ലേശവും സൈനികമാകുമെങ്കിലും, വിശുദ്ധയുദ്ധമെന്നോ പടയോട്ടമെന്നോ ഈ പദത്തിന് പരിഭാഷ പറഞ്ഞുകൂടാ. യുദ്ധത്തിന് ഈ പദമുപയോഗിക്കുകയാണെങ്കിൽതന്നെയും, സാധാരണ യുദ്ധമെന്നു പറയുമ്പോൾ കല്പിക്കപ്പെടുന്ന അർത്ഥമല്ല അതിനുണ്ടാവുക. അതുകൊണ്ടുതന്നെയാണ് ഈ പദം ഇസ്‌ലാമിന്റെ മാത്രം സാങ്കേതിക പദമായത്. അറബിയിൽ യുദ്ധമെന്ന അർത്ഥത്തിൽ സർവ്വസാധാരണമായി ഉപയോഗിക്കുന്ന പദം വേറെയാണ്. ജ,ഹ,ദ എന്നിവയാണ് ഇതിലെ മൂലാക്ഷരങ്ങൾ. വൈജ്ഞാനികവും ചിന്താപരവുമായ പരിശ്രമം, അഥവാ ശരീഅത്തിലെ ഗവേഷണം, എന്ന അർത്ഥത്തിലുള്ള 'ഇജ്തിഹാദ്' ഇതേ മൂലാക്ഷരങ്ങൾ ചേർത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. മനസ്സിലും ആത്മാവിലും നടക്കുന്ന സംഘട്ടനത്തിനും ജിഹാദ് എന്നു പറയും. ചുരുക്കത്തിൽ, വിരുദ്ധ ശക്തികളോ പ്രവണതകളോ തമ്മിൽ നടക്കുന്ന ഏറ്റുമുട്ടലാണ് ജിഹാദ്. അത് സായുധമാകണമെന്നില്ല. സായുധമാവുകയും ചെയ്യും. ആശയങ്ങൾക്കിടയിലും ജിഹാദുണ്ട് - ആശയസംഘട്ടനം.

3. സുപ്രസിദ്ധ പാരസിക കവിയായ നിസാമി (1140-1203)യുടേതാണ് ഈയുദ്ധരിച്ച വരികൾ.

4. ദൈവം എന്താണോ അതാവൽ ദൈവമാകലല്ല. ദൈവിക ഗുണങ്ങൾ സ്വായത്തമാക്കാൻ പരിശ്രമിച്ചു വിജയിക്കലാണ്.

എല്ലാനന്മകളുടെയും അടിസ്ഥാനവും ഉത്ഭവസ്ഥാനവും ദൈവമാകുന്നു. ദൈവത്തോടുള്ള ബന്ധത്തിന്റെ ഫലമായി മനുഷ്യർക്കവ സ്വായത്തമാക്കാനും പ്രദർശിപ്പിക്കാനും സാധിക്കുന്നു. ദൈവത്തിന്റെ ഗുണങ്ങൾ അവന്റെ സത്തയിൽനിന്നു വിഭിന്നമായി അവനിൽ സ്ഥിതിചെയ്യുന്നതല്ല. ആ ഗുണങ്ങൾ സത്താപരം തന്നെയാണ്. അതിനാൽ മനുഷ്യൻ ദൈവിക ഗുണങ്ങൾ സ്വായത്തമാക്കുന്നതോടെ അവന് ദൈവത്തോട് സാദൃശ്യമുണ്ടാകുന്നില്ല. ഒരേവിശേഷണം ദൈവത്തിനും മനുഷ്യനും ഉപയോഗിക്കുന്നുണ്ടെങ്കിലും ദൈവത്തിന് ഉപയോഗിക്കുന്നത് അതിന്റെ അതീത അർത്ഥത്തിലും മനുഷ്യനുപയോഗിക്കുന്നത് പരിമിത അർത്ഥത്തിലുമാണ്. ''ദൈവിക സ്വഭാവങ്ങൾ നിങ്ങൾ അണിയുക'' എന്ന നബിവാക്യത്തിന്റെ സഹായത്തോടെ ഈ ആശയം മനസ്സിലാക്കാവുന്നതാണ്.

5. ലോകചരിത്രം ഈ വസ്തുതക്ക് എമ്പാടും സാക്ഷ്യങ്ങൾ തരുന്നുണ്ട്. യുദ്ധരഹിതവും നിരായുധീകൃതവുമായ ഒരു ലോകം മനുഷ്യന്റെ സങ്കല്പം മാത്രമാണ്. ലോകമതങ്ങളെല്ലാം യുദ്ധകാര്യ

ങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. പുരാതനവും ഇന്നും ലോകത്ത് നിലവിലുള്ളതുമായ മതങ്ങളാണല്ലോ ഹിന്ദുമതം, ബുദ്ധമതം, യഹൂദമതം, ക്രിസ്തുമതം എന്നിവ. ഹിന്ദുമതത്തിലെ പ്രസിദ്ധ ഗ്രന്ഥമായ ഭഗവദ്ഗീതയുടെ ആദ്യ ആദ്ധ്യായമായ അർജ്ജുന വിഷാദയോഗം ആരംഭിക്കുന്നതുതന്നെ ''സഞ്ജയാ... ധർമ്മ ക്ഷേത്രമായ കുരുക്ഷേത്രത്തിൽ യുദ്ധം ചെയ്യാനായി എത്തിച്ചേർന്ന എന്റെ ആളുകളും പാണ്ഡുപുത്രാദികളും എന്തു ചെയ്തു''യെന്ന ധൃതരാഷ്ട്രരുടെ ചോദ്യത്തോടുകൂടിയാണ്. ഋഗ്വേദം, അഥർവ്വ വേദം, യജൂർവേദം, സാമവേദം എന്നിവയിലെല്ലാം യുദ്ധപാഠങ്ങളുണ്ട്. യഹൂദമതഗ്രന്ഥമായ ബൈബിൾ പഴയ നിയമത്തിൽ യുദ്ധവിധികൾ നിറഞ്ഞിരിക്കുന്നത് കാണാം. ഉദാഹരണത്തിന്, സംഖ്യാ പുസ്തകം 33:50-54ൽ ഇങ്ങനെ വായിക്കാം: യെരീഹോവിന്നെതിരെ യോർദ്ദാന്നരികെ മോവാബ് സമഭൂമിയിൽ വെച്ചു യഹോവ മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടുന്ന തെന്തെന്നാൽ: നിങ്ങൾ യോർദ്ദാന്നക്കരെ കനാൻദേശത്തേക്കു കടന്നശേഷം ദേശത്തിലെ സകലനിവാസികളെയും നിങ്ങളുടെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു അവരുടെ വിഗ്രഹങ്ങളെയും ബിംബങ്ങളെയും എല്ലാം തകർത്തു അവരുടെ സകല പൂജാരികളെയും നശിപ്പിച്ചുകളയേണം; നിങ്ങൾ ദേശം കൈവശമാക്കി അതിൽ കുടിപാർക്കേണം; നിങ്ങൾ കൈവശമാക്കേണ്ടതിനു ഞാൻ ആ ദേശം നിങ്ങൾക്കു തന്നിരിക്കുന്നു.'' ബുദ്ധമതം അഹിംസാധർമ്മം പഠിപ്പിക്കുന്നതു കാരണം അതിൽ യുദ്ധത്തിനുള്ള ആഹ്വാനമോ പ്രേരണയോ കാണില്ല. ഭിക്ഷുക്കൾ അകാരണമായി, യുദ്ധത്തിന് അണിനിരന്നിട്ടുള്ള സൈന്യത്തെ കാണുന്നതുപോലും ബുദ്ധമതം പാപമായിട്ടാണു ഗണിക്കുന്നത്. ആ മതത്തിനും യുദ്ധത്തിന്റെ നേരെ ഒരു നിലപാടുണ്ടെന്നർത്ഥം. ഈ നിലപാടുകാരണമായിട്ടു തന്നെയായിരിക്കാം, മുമ്പ് ഇന്ത്യയൊട്ടുക്കും പ്രചരിച്ചിരുന്ന ബുദ്ധമതം പിൽക്കാലത്ത് അസഹിഷ്ണുക്കളായ ബ്രാഹ്മണമതക്കാരുടെ ആക്രമണത്തിന്റെ മുമ്പിൽ ക്ഷയിച്ചു പോയത്. മർദ്ദനത്തെ അതിനു പ്രതിരോധിക്കാനായില്ല. യഹൂദമതത്തിന്റെ വേദമായ ബൈബിൾ പഴയനിയമം ക്രിസ്തുമതത്തിന്റെയും പ്രമാണമാണ്. അതിനാൽ യുദ്ധത്തോടുള്ള യഹൂദമതത്തിൽ നിലപാടുതന്നെയാണ് ക്രിസ്തുമതത്തിന്റെയും നിലപാടെന്ന് മനസ്സിലാക്കാം. എന്നാൽ, ക്രിസ്തുമതം യുദ്ധത്തെ നിരാകരിക്കുകയാണു ചെയ്യുന്നതെന്ന് അതിന്റെ ചില വക്താക്കൾ അവകാശപ്പെടാറുണ്ട്. പക്ഷെ, ക്രസ്തുമതത്തിന്റെ ചരിത്രം നേരെ മറിച്ചാണ് തെളിവുകൾ ഹാജരാക്കുന്നത്. ക്രിസ്തുമതാനുയായികളുടെയത്ര ലോകത്തിലിന്നോളം മറ്റാരും രക്തപ്പുഴ ഒഴുക്കിയിട്ടുണ്ടാവില്ല. നൂറ്റാണ്ടുകൾ നീണ്ടുനിന്ന കുരിശുയുദ്ധം മുതൽ എത്രയെത്ര യുദ്ധങ്ങളാണ് ക്രൈസ്തവതയെ പിന്തുടരുന്ന രാഷ്ട്രങ്ങൾ പോപ്പിന്റെ അനുവാദത്തോടും അനുഗ്രഹത്തോടും കൂടി ലോകത്തിൽ ഉണ്ടാക്കിത്തീർത്തിട്ടുള്ളത്!. ഇന്നും ലോകത്തിൽ യുദ്ധഭീഷണി നിലനിർത്തിക്കൊണ്ടിരിക്കുന്നത് ക്രിസ്തുമതാനുയായികൾ ഭരിക്കുന്ന ശാക്തികരാഷ്ട്രങ്ങളാണ്. മാരകായുധങ്ങൾ നിർമ്മിച്ച് വില്പന നടത്തിക്കൊണ്ടിരിക്കുന്നതും അവർതന്നെ. ചുരുക്കത്തിൽ, യുദ്ധം എന്ന ആശയം ലോകത്തിൽ ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല. അതിനെ സ്വയരക്ഷയുടെയും, വിശ്വസിക്കാനും വിശ്വസിക്കുന്നത് പ്രചരിപ്പിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യ സംരക്ഷണത്തിന്റെയും മേഖലകളിലാക്കി നിയന്ത്രിക്കുകയാണ് ഇസ്‌ലാം ചെയ്തത്.

6. താഗൂത്തിന് ഒറ്റവാക്കിൽ അർത്ഥം പറയാൻ കഴിയില്ല. പറഞ്ഞാൽ ആ പദത്തിന്റെ പൂർണ്ണ അർത്ഥമാകില്ല. ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷകർ വ്യത്യസ്ത വാക്കുകളിലാണ് ഈ പദത്തിന് അർത്ഥമെഴുതിയിരിക്കുന്നത്. ജെ.എം. റോഡ്‌വെൽ 'താഗൂത്ത്' എന്നുതന്നെ എഴുതിയിരിക്കയാണ്. ജെ.ദാവൂദും എ.ജെ. ആർബറിയും 'ഐഡൽസ്' (വിഗ്രഹങ്ങൾ) എന്നാണെഴുതിയിരിക്കുന്നത്. എം. എച്ച് ശാക്കിർ 'ശൈത്താൻ' (സാത്താൻ) എന്ന് പ്രയോഗിച്ചിരിക്കുന്നു. യൂസുഫലി 'ഈവിൾ' (തിന്മ) എന്നും ഹാശിം അമീറലി 'ഡെവിൾ' (പിശാച്) എന്നുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ലെബനാനിലെ ശിയാക്കളും സുന്നികളും ഉൾപ്പെട്ട പണ്ഡിതസമിതി തയ്യാറാക്കി 'ദാറുശൂറ' പ്രസിദ്ധപ്പെടുത്തിയ 'ദ ഖുറാനി'ൽ 'ഫാൾസ് ഗോഡ്സ്' എന്നാണു ഭാഷ്യം. കപടദൈവങ്ങൾ എന്നർത്ഥം. പിക്ത്താൾ 'ഫാൾസ് ഡിയറ്റീസ്' (ദുർദ്ദേവതകൾ) എന്നാണെഴുതീട്ടുള്ളത്. ആർതർ ജെഫ്രി 'ദ ഫോറിൽ വോക്കാബുലറി ഓഫ് ദ ഖുർആനി'ൽ വിഗ്രഹങ്ങൾക്കുപയോഗിക്കുന്ന എത്യോപ്യൻ സംജ്ഞയിൽ നിന്നാണ് 'താഗൂത്ത്' അറബിയിലേക്കുവന്നതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. തൽമൂദിൽ പരാമർശിക്കുന്ന 'താവൂത്ത്' എന്ന ഹീബ്രൂപദത്തോട് താഗൂത്തിന് സാദൃശ്യം കാണുന്നുണ്ടെന്ന് എ. ബെൻ-ശെമേഷ് അദ്ദേഹത്തിന്റെ 'ദ നോബിൾ ഖുർആൻ' എന്ന പരിഭാഷയിൽ പറയുന്നു.

പിശാചുക്കൾക്കും വിഗ്രഹങ്ങൾക്കും പിശാചുക്കൾ ദുർബോധനങ്ങൾ നൽകുന്ന ഗണിതക്കാർക്കും താഗൂത്ത് എന്നു പറയുമെന്നാണ് തബരി വ്യാഖ്യാനിച്ചിട്ടുള്ളത്. ദൈവത്തിനു പകരം

ആരാധിക്കപ്പെടുന്ന എന്തിനും താഗൂത്തെന്നു പറയാമെന്നു തബരി പറയുന്നു. ഖുർആനിൽ താഗൂത്തിന്റെ കൂടെ എടുത്തു പറഞ്ഞിട്ടുള്ള മറ്റൊരു പദമാണ് 'ജിബ്ത്ത്'. ജിബ്ത്ത് ആഭിചാരവും താഗൂത്ത് പിശാചുമാണെന്ന് ഉമറുബ്നുൽഖത്താബി(റ)നെ ഉദ്ധരിച്ചുകൊണ്ട് ഇബ്നുകസീർ എഴുതിയിരിക്കുന്നു. താഗൂത്ത് ഒന്നുകിൽ വിഗ്രഹം അല്ലെങ്കിൽ പിശാച് ആണെന്ന് സമഖ്ശരി അഭിപ്രായപ്പെടുന്നു. പ്രസിദ്ധ ശബ്ദകോശകാരനായ അൽജൗഹരിയെ ഉദ്ധരിച്ചുകൊണ്ട് ശൗക്കാനി, താഗൂത്ത് ഗണിതക്കാരനും, പിശാചും, വഴിതെറ്റിക്കുന്ന നേതാക്കളുമാണെന്ന് രേഖപ്പെടുത്തീട്ടുണ്ട്. വിഗ്രഹത്തെയും ശൗക്കാനി താഗൂത്തായെണ്ണുന്നു. താഗൂത്ത് പിശാചാണെന്ന ഇമാം ജഅ്ഫർസാദിഖിന്റെ അഭിപ്രായം തബ്റസി ഉദ്ധരിച്ചിട്ടുണ്ട്. ''ദൈവത്തെ ധിക്കരിക്കുകയും യഥാർത്ഥ വിശ്വാസത്തെ തള്ളിപ്പറയുകയും ചെയ്യുന്ന ഏതൊരാളും താഗൂത്താണെന്നതാണ് ഒടുവിൽ അദ്ദേഹം എത്തീട്ടുള്ള നിഗമനം. ഇറാനിലെ വിശ്രുത ഖുർആൻ വ്യാഖ്യാതാവും 'അൽമിസാനി'ന്റെ രചയിതാവും തത്വചിന്തകനുമായ അല്ലാമാ തബാത്തബായി താഗൂത്തിന്റെ അർത്ഥം ഇപ്രകാരമാണെഴുതിയിരിക്കുന്നത്: അല്ലാഹുവിനെ വിട്ട് ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങൾ, പിശാചുക്കൾ, ജിന്നുകൾ, വഴിപിഴച്ച നേതാക്കൾ, അല്ലാഹുവിന്റെ അതൃപ്തി അവഗണിച്ചുകൊണ്ട് പിന്തുടരപ്പെടുന്നവർ - ഇതെല്ലാം താഗൂത്താണ്.''

റാഗിബ് ഇസ്ഫഹാനിയുടെ 'മുഫ്റദാത്തുൽ ഖുർആൻ' എന്ന ആധികാരിക ഖുർആൻ നിഘണ്ടുവിന്റെ പിന്തുണയുള്ളതാണ് തലഗാനിയുടെ വ്യാഖ്യാനം. താഗൂത്തിന്റെ മൂലധാതുവിൽനിന്നു തന്നെയുള്ള 'താഗിയ' എന്ന പദത്തിന് പ്രസിദ്ധ അറബി നിഘണ്ടുവായ 'അൽമുൻജിദി'ൽ 'അഹങ്കാരിയായ സ്വേച്ഛാധിപതി' എന്നർത്ഥം കൊടുത്തിരിക്കുന്നു. റോമാചക്രവർത്തികൾ ഇപ്പദം സ്ഥാനപ്പേരായി സ്വീകരിച്ചിരുന്നുവത്രെ.

പാക്കിസ്താനിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന സയ്യിദ് അബുൽഅഅ്ല താഗൂത്തിനെക്കുറിച്ച് നടത്തീട്ടുള്ള ചർച്ച തലഗാനിയുടേതുമായി സാദൃശ്യമുള്ളതാണ്.

7. സ്വേഛാധിപതിക്ക് അറബിയിൽ 'മുസ്തബിദ്ദ്' എന്നു പറയുന്നു. ഗ്രീക്കു ഭാഷയിൽ ഈയർത്ഥത്തിലുപയോഗിക്കുന്ന പദമേതാണെന്നറിയില്ല. ഗ്രന്ഥകർത്താവ് അത് സൂചിപ്പിച്ചിട്ടില്ല. തന്റെ അമിതാധികാരത്തിന് നിയമസാധുതയുണ്ടാക്കിത്തീർത്തിട്ടുള്ള വ്യക്തിയാണ് പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും സങ്കല്പത്തിൽ 'ഡെസ്പോട്ട്'. ഒരു ഡെസ്പോട്ടിന് അയാളുടെ കൈവശമുള്ള പരമാധികാരം വേണമെങ്കിൽ ദയാപൂർവ്വം ഉപയോഗിക്കാൻ കഴിയും. എന്നാൽ റൈറ്റന്റ് ഒരിക്കലും ദയയുള്ളവനല്ല. റൈറ്റന്റിന്റെ പ്രജകളുടെ അവസ്ഥ അടിമകളേക്കാൾ ഒട്ടും മെച്ചമല്ല. അനീതി പ്രവർത്തിക്കുന്നതിനേക്കാൾ നല്ലത് അനീതി സഹിക്കുന്നതാണ്. അതിനാൽ ഒരു റൈറ്റന്റ് മനുഷ്യരിൽ ഏറ്റവും അസംതൃപ്തനാണ്.

8. 'അന്നിസാ' സൂറഃയിലെ 60ാം വാക്യത്തിൽ നിന്നുള്ള ഒരു ശകലമാണീ ഉദ്ധരിച്ചിരിക്കുന്നത്. ഈ വാക്യം മുഴുവനായും അതിന്റെ അടുത്ത വാക്യവും ഇങ്ങനെ വായിക്കാം: നബീ, താങ്കാൾക്ക് അവതരിച്ചതിലും താങ്കൾക്കുമുമ്പ് അവതരിച്ചതിലും വിശ്വസിച്ചതായി അവകാശപ്പെടുന്ന ചിലരെ കണ്ടില്ലേ? താഗൂത്തിനെ പരിത്യജിക്കാൻ കല്പിച്ചിട്ട്  അവർ താഗൂത്തിന്റെടുത്തേയ്ക്കു വിധിതീർപ്പ് കിട്ടാൻ പോകുന്നു. അവരെ ബഹുദൂരം വഴിപിഴപ്പിക്കാവാനാണ് പിശാച് ഉദ്ദേശിക്കുന്നത്. അല്ലാഹു അവതരിപ്പിച്ചതിലേയ്ക്കും അവന്റെ ദൂതരിലേക്കും വരൂ എന്നു പറഞ്ഞാൽ കപടവിശ്വാസികൾ നിന്നെവിട്ട് അകലുന്നത് നിനയ്ക്കുകാണാം.'' തർക്കങ്ങൾക്കു തീരുമാനം കാണാൻ അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ ചര്യയും അടിസ്ഥാനമായി സ്വീകരിക്കാത്തവരുടെ വിശ്വാസത്തെ ചോദ്യം ചെയ്തിരിക്കുകയാണ് ഈ വാക്യങ്ങളിൽ. ഒരു അൻസാരിയും യഹൂദിയും തമ്മിൽ തർക്കമുത്ഭവിക്കുകയും യഹൂദി തീരുമാനത്തിനു നബി(സ)യെയും അൻസാരി കഅബുബ്നുൽ അശ്റഫിനെയും അഭിപ്രായപ്പെടുകയും ചെയ്തതാണ് ഇതിന്റെ അവതരണ പശ്ചാത്തലം. അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ(സ) ചര്യയും വിട്ട് എങ്ങോട്ടാണോ വിധി തേടിപ്പോകുന്നത് ആ കേന്ദ്രത്തിനാണിവിടെ താഗൂത്തെന്നു പറഞ്ഞിരിക്കുന്നതെന്ന് ഇബ്നു കസീർ വിവരിക്കുന്നു.

9. 2:256, 2:257, 4:51, 4:60, 4:76, 5:60, 16:36, 39:17 എന്നിവയാണ് എട്ടുസ്ഥലങ്ങൾ.

10. 'അൽബഖറ' 255ാം വാക്യമാണ് 'ആയത്തുൽ കുർസി'. ഏകദൈവവിശ്വാസം വ്യക്തമായി പ്രതിപാദിക്കുന്ന ഈ വാക്യത്തിന് വലിയ മഹാത്മ്യമുള്ളതായി നബിവചനങ്ങളിൽ കാണുന്നു. ''എല്ലാം കാര്യത്തിനും ഒരു കൊടുമുടിയുണ്ട്, ഖുർആന്റെ കൊടുമുടി 'ആയത്തുൽ കുർസി'യാകുന്നു''വെന്നും, ''ദൈവിക സിംഹാസനത്തിന്റെ ചുവട്ടിലെ നിധിയിൽ നിന്നാണ്

എനിക്ക് 'ആയത്തുൽ കുർസി' എടുത്തുതന്നിട്ടുള്ളതെ''ന്നും നബി(സ) പറഞ്ഞതായി അബൂഹുറൈറ(റ) അലി(റ) എന്നിവരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിനോട് അവന്റെ മഹത്തായ നാമം (അൽഇസ്മുൽ അഅ്സം) മുൻനിർത്തിച്ചോദിച്ചാൽ ഉത്തരം ലഭിക്കാതിരിക്കില്ലെന്നും ആ മഹത്തായ നാമം ആയത്തുൽ കുർസിയിലുണ്ടെന്നും മറ്റൊരു നബിവചനത്തിലുണ്ട്.

11. സത്യം ഒന്നും അസത്യം പലതുമായതിനാലാണ് ഈ വാക്യത്തിൽ വെളിച്ചം ഏകവചനമായും അന്ധകാരം ബഹുവചനമായും ഉപയോഗിച്ചിരിക്കുന്നത്. ഇതിലെ ആദ്യവാക്യം, വിശ്വാസം ആരുടെ മേലും അടിച്ചേല്പിക്കാനാവില്ലെന്നും ശരിതെറ്റുകൾ വ്യക്തമായി മനസ്സിലാക്കിയതിനെത്തുടർന്നുള്ള വിശ്വാസമേ ദൃഢമായിരിക്കുകയുള്ളുവെന്നുമുള്ള ഇസ്ലാമിന്റെ പൊതുനിലപാടാണ് പഠിപ്പിക്കുന്നത്. മതം വിശ്വാസവും കർമ്മവുമാണ്. കർമ്മത്തിന് ആളുകളെ നിർബ്ബന്ധിക്കാൻ സാധിച്ചേക്കും. പക്ഷേ, വിശ്വാസമെന്നത് നിർബ്ബന്ധപൂർവ്വം സ്വീകരിപ്പിക്കാനാവുന്നതല്ല. ഇസ്ലാമിലാകട്ടെ, വിശ്വാസത്തിന്റെയടിസ്ഥാനത്തിലുള്ളതല്ലാത്ത കർമ്മത്തിന് മതപരമായ മൂല്യമില്ല. മുസ്ലിംകൾ അവരുടെ മതത്തിലേയ്ക്കു നിർബ്ബന്ധിച്ച് ആളെ കൂട്ടുന്നുവെന്ന ചിലരുടെ ആരോപണം തെറ്റാണെന്ന് ഇവിടെവെച്ച് മനസ്സിലാക്കാം. ഇപ്പറഞ്ഞ വാക്യം കൂടുതൽ സ്പഷ്ട മാക്കുന്നതാണ് പ്രസ്തുത വാക്യം അവതരിച്ച പശ്ചാത്തലം. ബനൂസാലിം ഗോത്രക്കാരനായ ഒരു അൻസാരീമുസ്ലിമിന്റെ രണ്ടു പുത്രന്മാരെ ശാമിൽനിന്നു മദീനയിലെത്തിയ ചില ക്രിസ്ത്യൻ കച്ചവടക്കാർ ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്യിക്കുകയുണ്ടായി. പിതാവ് തന്റെ പുത്രന്മാരെ നിർബ്ബന്ധിച്ച് പിന്തിരിപ്പിക്കാൻ ശ്രമിച്ചപ്പോഴാണ് പ്രസ്തുത വാക്യം അവതരിച്ചത്. ഈ സംഭവം ഇബ്നുജരീർ ഉദ്ധരിച്ചിട്ടുണ്ട്.

12. ബന്ധു, മിത്രം, രക്ഷാകർത്താവ്, സുഹൃത്ത്, ഉറ്റവൻ, കൈകാര്യക്കാരൻ എന്നിങ്ങനെ പല അർത്ഥത്തിൽ ഉപയോഗിക്കുന്ന ഒരറബിപദമാണ് 'വലി'. ഇതിന്റെ ബഹുവചനമാണ് 'ഔലിയ'. സാമീപ്യം എന്നർത്ഥമുള്ള 'വിലായത്തി'ൽ നിന്നുള്ളതാണ് ഈ പദം. രണ്ടുവസ്തുക്കൾക്കിടയിലുള്ള മറ നീങ്ങുന്നതിന്നാണ് അടിസ്ഥാനപരമായി വിലായത്ത് ഉപയോദിക്കുന്നത്. 'ഔലിയാക്കൾ' എന്ന വാക്ക് പ്രസിദ്ധമാണ്. ഒരാളെ സംബന്ധിച്ചിടത്തോളം അയാളുടെ അസ്തിത്വത്തിന്റെയും ജീവിതത്തിന്റെയും യഥാർത്ഥ രക്ഷകൻ എന്ന അർത്ഥത്തിലാണ് ഇവിടെ ഇതുപയോഗിച്ചിരിക്കുന്നത്. ഒരാൾക്കും സ്വയം രക്ഷകനാകാൻ കഴിയില്ല. അതിനാൽ ഒരു രക്ഷകനെക്കുറിച്ചുള്ള ചിന്ത ഏതു സ്വതന്ത്ര ബുദ്ധിയിലും സഹജമാണ്.

13. ശിയാചിന്താഗതിയിൽ വളരെ പ്രധാനപ്പെട്ട ഒരു ദിനമാണ് 'അൽഗദീർദിനം'. ദുൽഹജ്ജ് പതിനെട്ടിനാണത്. അന്നാണ് പ്രവാചകൻ(സ) ഹസ്രത്ത് അലി(റ)യെ തന്റെ പിൻഗാമിയായി നിയമിച്ചത്. അല്ലാഹുവിന്റെ കല്പന പ്രകാരമായിരുന്നുവത്രെ അത്. 'അൽഗദീർ' എന്നാൽ തടാകമെന്നർത്ഥം. മക്കയ്ക്കും മദീനയ്ക്കുമിടയിലുള്ള 'ഖും' തടാകത്തിനടുത്തുവെച്ചാണ് പ്രസ്തുത നിയമനമുണ്ടായത്. ഇതു സംബന്ധിച്ച കൂടുതൽ വിവരം 'ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്' മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ ഇമാം ഖുമൈനിയുടെ 'ഇസ്ലാമിക ഗവൺമെന്റ്' എന്ന കൃതിയിൽ വിവർത്തകനെഴുതിയ വിസ്തരിച്ച കുറിപ്പുകളിലുണ്ട്.

14. മത്തായി 5:38-45ൽ ഇങ്ങനെ വായിക്കാം: കണ്ണിന്നു പകരം കണ്ണും പല്ലിനുപകരം പല്ലും എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറ്റേതും തിരിച്ചുകാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബ്ബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോക. നിന്നോടു യാചിക്കുന്നവന്നു കൊടുക്ക; വായിപ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുതു.

കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനുതന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെ മേലും മഴപെയ്യിക്കയും ചെയ്യുന്നുവല്ലോ.'' മത്തായിയിൽ ഇങ്ങനെ പറയുമ്പോൾ, ലൂക്കോസ് 12:51-53ൽ പറയുന്നതിങ്ങനെയാണ്: ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല. ചിദ്രം വരുത്തുവാൻ അത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇനിമേൽ ഒരു വീട്ടിൽ ഇരുവരോടു മൂവരും മൂവരോടു ഇരുവരും ഇങ്ങനെ അഞ്ചുപേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും മകൻ അപ്പനോടും അമ്മ

മകളോടും മകൾ അമ്മയോടും അമ്മാവിയമ്മ മരുമകളോടും മരുമകൾ അമ്മാവിയമ്മയോടും ഛിദ്രി ച്ചിരിക്കും.'' 14:26-27ൽ ലൂക്കൊസ് പറയുന്നു: എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മ യെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തം ജീവനെയും കൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശു എടുത്തുകൊണ്ടു എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.'' ഇത്തരം വാക്യങ്ങൾ എല്ലാം ചേർത്തുവായിച്ചുകൊണ്ടുവേണം ക്രിസ്തീയത യുദ്ധത്തെയും ധർമ്മാധർമ്മ ങ്ങൾ തമ്മിലുള്ള സ്വാഭാവിക വൈരത്തെയും പൂർണ്ണമായും നിരാകരിക്കുകയാണോ അതോ അംഗീ കരിക്കുകയാണോ ചെയ്യുന്നതെന്നതിനെക്കുറിച്ച് അന്തിമതീർപ്പ് കല്പിക്കുന്നത്.

15. ഖുർആൻ 57:27ൽ സന്ന്യാസത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. 'റഹ്ബാനിയ്യത്ത്' എന്നാണ് അതിനുപയോഗിച്ചിട്ടുണ്ട്. 'റഹ്ബാനിയ്യത്ത്' എന്നാണ് അതിനുപയോഗിച്ചിട്ടുള്ള പദം: ''...സന്ന്യാസം അവരുണ്ടാക്കിയതാണ്. നാം അവർക്കത് വിധിച്ചിട്ടില്ല. എങ്കിലും ദൈവത്തിന്റെ പ്രീതികാംക്ഷിച്ചു കൊണ്ടായിരുന്നു അത്. എന്നിട്ട് അവർ അത് വേണ്ടവിധം പാലിച്ചില്ല...''. റഹ്ബാനിയ്യത്ത് റഹ്ബ ത്തിൽ നിന്നുള്ളതാണ്. റഹ്ബത്ത് എന്നാൽ ഭയം. ദൈവത്തോടുള്ള ഭയഭക്ത്യാതിരേകത്താൽ ജന സമ്പർക്കം വിട്ട് ദൈവധ്യാനത്തിലും ആരാധനയിലും മുഴുകിക്കഴിയലാണ് റഹ്ബാനിയ്യത്ത്. അത് ദൈവല്പിതമല്ല. എങ്കിലും ദൈവത്തിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ഈസാനബി(അ)യുടെ അനു യായികളിൽ ചിലർ സ്വീകരിച്ച ഒരു സമ്പ്രദായമാണ്. സാമൂഹ്യധർമ്മവും ജനസമ്പർക്കവും വിഗ ണിച്ച് എങ്ങനെ ദൈവത്തിന്റെ പ്രീതി കാംക്ഷിക്കാനാകുമെന്നത് ഒരു പ്രശ്നമായി നിലനില്ക്കുന്നു ണ്ടെങ്കിലും, ദൈവം 'റഹ്ബാനിയ്യത്ത്' ഇഷ്ടപ്പെടുന്നില്ലെന്ന് ഈ വാക്യത്തിൽനിന്നു തെളിയുന്നില്ല. ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടുള്ള ഒരു സമ്പ്രദായമാകയാൽ അത് പാലിക്കേണ്ടവിധം പാലിക്കാ ത്തതിനെക്കുറിച്ചാണ് ഈ വാക്യത്തിൽ ആക്ഷേപമുള്ളത്.

16. 'അൽബഖറ' 183ാം വാക്യമാണിത്. യുദ്ധസംബന്ധമായ വേറെ ചില വാക്യങ്ങളുടെ തുടർച്ച യാണീവാക്യം. അതിനാൽ മുൻവാക്യങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുവേണം ഇതിന്റെ ആശയം ഗ്രഹിക്കുവാൻ. പീഡനം ഇല്ലാതാവുകയും മതപരമായ അവസ്ഥയും ആദ്ധ്യാത്മിക അന്ത രീക്ഷവും സംജാതമാവുകയും ചെയ്യുകയെന്നത് ഇസ്ലാമിന്റെ യുദ്ധലക്ഷ്യമായി ഇതിൽനിന്നു മന സ്സിലാക്കാവുന്നതാണ്. ആശയത്തെ ആയുധശക്തി കൊണ്ടു നേരിടാൻ ശ്രമിച്ചതിനെതിരിലുള്ള നട പടികളായിരുന്നു ഇസ്ലാമിന്റെ യുദ്ധങ്ങളെന്നു ചരിത്രം പഠിപ്പിക്കുന്നു. മനുഷ്യന് മഹത്തായതും അമൂല്യമായതും അവന്റെ വിശ്വാസമാണ്. അതിനെതിരിൽ വാളോങ്ങിയാൽ ആ വാൾ താഴെ വെപ്പി ക്കുകതന്നെ വേണം. അതു സാധിച്ചുകഴിഞ്ഞാൽ പിന്നെ അക്രമത്തെ ചെറുത്തുതോല്പിക്കുക യെന്ന ലക്ഷ്യത്തിനു മാത്രമേ യുദ്ധമുള്ളൂ. രാജാക്കന്മാരുടെയോ ശാക്തികരാഷ്ട്രങ്ങളുടെയോ വംശീയമോ ജാതീയമോ ആയ താല്പര്യക്കാരുടെയോ യുദ്ധം പോലെയുള്ളതല്ല ഇസ്ലാമിന്റെ യുദ്ധം. പ്രവാചകന്റെ(സ) കാലത്ത് നടന്ന യുദ്ധങ്ങളുടെ സ്വഭാവം പരിശോധിച്ചാൽ ശങ്കാലേശ മന്യേ ഇത് വ്യക്തമാകും. പ്രവാചകൻ(സ) പ്രബോധനം ചെയ്തുകൊണ്ടിരുന്നതും അനുയായികളെ അഭ്യസിപ്പിച്ചുകൊണ്ടിരുന്നതുമായ ദൈവിക ജീവിതക്രമത്തെ ദണ്ഡനം കൊണ്ട് തകർക്കാൻ ശ്രമിച്ച ആപരിഷ്കൃതരോടും യഹൂദികളോടുമായിരുന്നു ആ യുദ്ധം. അതും വർഷങ്ങളോളം സഹിച്ചുക ഴിഞ്ഞ ശേഷം ഗത്യന്തരമില്ലെന്ന അവസ്ഥ വന്നപ്പോൾ. യുദ്ധം നടത്തിയതാകട്ടെ, പരമാവധി ജീവ ഹാനി കുറച്ചുകൊണ്ടും. അക്രമവും പീഡനവും ഇല്ലാതാവുകയും ദൈവികമതത്തിന് മേൽക്കൈ കിട്ടുകയും ചെയ്യുന്നതോടെ യുദ്ധം നില്ക്കുന്നു. നശീകരണം അവിടെ ഉദ്ദേശ്യമേ അല്ല.

17. 637ൽ രണ്ടാം ഖലീഫ ഹസ്രത്ത് ഉമറി(റ)ന്റെ ഭരണകാലത്ത് പേർഷ്യൻ സൈന്യാധിപതി റുസ്തം ഫർറൂഖ്സാദും മുസ്ലിം സൈന്യത്തിന്റെ പ്രതിനിധിയും തമ്മിലുണ്ടായ കൂടിക്കാഴ്ചയാണി വിടെ അനുസ്മരിക്കുന്നത്. ഖാദിസിയ്യാ യുദ്ധത്തിൽ റുസ്തം കൊല്ലപ്പെടുകയും അയാളുടെ സൈന്യം പരാജയപ്പെടുകയും ചെയ്തു. സുഹ്റ ഇബ്നു അബ്ദില്ലയാണ് ഇതിൽ പറയുന്ന അറബി. മുസ്ലിം സൈന്യത്തിന്റെ തലവനായിരുന്നു സുഹ്റ. കൂടിക്കാഴ്ചയുടെ പ്രസക്തമായ ഭാഗം ചുവടെ:

റുസ്തം: ''നിങ്ങൾ ഞങ്ങളുടെ അയൽക്കാരായിരുന്നല്ലോ. ഞങ്ങൾ നിങ്ങൾക്ക് എമ്പാടും ഉപ കാരം ചെയ്തിട്ടുമുണ്ട്. ഞങ്ങളുടെ പ്രയോജനം നിങ്ങൾ എത്രയാണു പറ്റിയിട്ടുള്ളത്! നിങ്ങൾക്കെ ന്തെങ്കിലും വിപത്തോ ബുദ്ധിമുട്ടോ നേരിട്ടാലുടനെ ഞങ്ങൾ നിങ്ങളെ സഹായിക്കാനെത്തുമായിരു ന്നു. ശരിയല്ലേ?''

സുഹ്റ: ''എല്ലാം ശരിയാണ്. പക്ഷെ, ഒരു കാര്യം മനസ്സിലാക്കണം. ഇന്നു സ്ഥിതിയാകെ മാറിയിരിക്കുന്നു. മുമ്പ് ഞങ്ങൾ ഭൗതികതാല്പര്യങ്ങളിൽ കണ്ണും നട്ടിരിക്കുന്നവരായിരുന്നു. ഇപ്പോൾ ഞങ്ങൾക്ക് ഭൗതിക താല്പര്യങ്ങളില്ല. കാരണം, ഞങ്ങളുടെ ലക്ഷ്യം പാരത്രികമാണ്.''

റുസ്തം: ''എന്താണത്? ഒന്ന് വിസ്തരിച്ചു പറയുക. നിങ്ങളുടെ മതത്തെ ഒന്നു പരിചയപ്പെടുത്തിത്തരിക.''

സുഹ്റ: ''ദൈവത്തിന്റെ ഏകത്വത്തിനും മുഹമ്മദിന്റെ പ്രവാചകത്വത്തിനും സാക്ഷിയാകലും അദ്ദേഹം ദൈവത്തിന്റെ വക്താവാണെന്നു വിശ്വസിക്കലുമാണതിന്റെ അടിസ്ഥാനം.''

റുസ്തം: ''അതിനെന്താ? പിന്നെയെന്തൊക്കെ?''

സുഹ്റ: ''മനുഷ്യരെ മനുഷ്യരുടെ ദാസ്യത്തിൽനിന്നു ദൈവത്തിന്റെ ദാസ്യത്തിലേയ്ക്കു വിടുക. എല്ലാ മനുഷ്യരും ആദമിന്റെയും ഹവ്വയുടെയും സന്തതികളാണ്. അതിനാൽ എല്ലാവരും തമ്മിൽ സഹോദരന്മാരും...''. സുഹ്റ ഈ രീതിയിൽ ഓരോ കാര്യവും വിവരിച്ചുകൊടുത്തു.

18. തോമസ് കാർലൈൽ (1795–1881) സ്കോട്ട്ലൻഡ് കാരനായ പ്രസിദ്ധ എഴുത്തുകാരനാണ്. അദ്ദേഹം 1840 ലെഴുതിയ 'ഹീറോസ് ആന്റ് ഹീറോ വർഷിപ്പ്' എന്ന കൃതിയിലെ പരാമർശങ്ങളാണ് തലഗാനി സൂചിപ്പിക്കുന്നത്. ജിൻ ആന്റ് കമ്പനി 1901ൽ പ്രസിദ്ധപ്പെടുത്തിയ പതിപ്പിൽ 69–70 പുറങ്ങളിലാണ് ഈ പരാമർശങ്ങളുള്ളത്.

19. മുസ്ലിം എന്നാൽ കീഴടങ്ങിയവൻ എന്നുതന്നെയാണർത്ഥം. പക്ഷേ, ഇവിടെ കീഴടക്കം മുസ്ലിം സൈന്യത്തോടോ തന്നെ വെട്ടാൻ വാളോങ്ങിനില്ക്കുന്ന യോദ്ധാവിനോടോ എതിർ രാഷ്ട്രത്തോടോ സമൂഹത്തോടോ ഭരണകൂടത്തോടോ ഒന്നുമല്ല. മറിച്ച്, സാക്ഷാൽ ദൈവത്തോടാണ്. ദൈവത്തിന് കീഴടങ്ങിയാൽ അയാളെ വധിക്കരുതെന്നോ യുദ്ധം നിറുത്തണമെന്നോ മാത്രമല്ല ഇസ്ലാമിന്റെ കൽപ്പന; അതുവരെ ശത്രുചേരിയിൽ നിന്നുകൊണ്ട് പടവെട്ടിയവനെ സ്വന്തം സഹോദരനായി ഗണിക്കണമെന്നാണ്. ''അവർ മടങ്ങുകയും നമസ്കാരം നിർവ്വഹിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്താൽ മതത്തിൽ നിങ്ങളും അവരും സഹോദരന്മാരാണ്'' എന്ന് 9:113ൽ വ്യക്തമാക്കീട്ടുണ്ട്. ഇത് മതത്തിൽ ചേരാൻ നിർബ്ബന്ധിക്കലല്ല. അത് പാടില്ലാത്തതാണെന്ന് ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ഖുർആൻ 10:99ാം വാക്യം കൂടി അതോടൊപ്പം ചേർത്തുവായിക്കാം: ''താങ്കളുടെ രക്ഷിതാവ് ഇച്ഛിക്കുകയാണെങ്കിൽ ഭൂമിയിലുള്ളവർ മുഴുവർ മുഴുവൻ ഒന്നൊഴിയാതെ വിശ്വസിക്കും. എങ്കിൽ പിന്നെ താങ്കൾ മനുഷ്യരെ വിശ്വസിക്കാൻ നിർബന്ധിക്കുമോ?'' വിശ്വാസവും അവിശ്വാസവും അല്ലാഹു മനുഷ്യരുടെ സ്വാതന്ത്ര്യത്തിനു വിട്ടിരിക്കുകയാണെന്ന് ഇത്തരം വാക്യങ്ങൾ വിശദീകരിക്കുന്നിടങ്ങളിൽ സമഖ്ശരി, ഇബ്നു കസീർ തുടങ്ങിയ പൂർവ്വിക ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തീട്ടുണ്ട്.

20. സാമൂഹ്യനിയമങ്ങൾ വ്യക്തിനിയമങ്ങൾ പോലെയല്ല. സമൂഹത്തിലെ ഒരു വിഭാഗം അവ ലംഘിച്ചാൽ മറ്റുള്ളവർക്കത് ദ്രോഹമായി മാറും. അതിനാൽ, പൊതുനിയമങ്ങൾ എല്ലാവരും പാലിക്കണമെന്നത് ഏത് സമൂഹത്തിലും സാമൂഹ്യക്രമത്തിലും നിർബ്ബന്ധമായിരിക്കും.

21. ''മനുഷ്യരേ, നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു. നിങ്ങളെ സമൂഹങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നത് നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിനുവേണ്ടിയാകുന്നു. നിങ്ങളിൽ കൂടുതൽ ഉൽകൃഷ്ടൻ കൂടുതൽ ദൈവഭക്തിയുള്ളവനാകുന്നു'' (ഖുർആൻ 49:13). വംശം, വർഗ്ഗം, വർണ്ണം, തൊഴിൽ, സമ്പത്ത്, ദേശം, ഭാഷ, ലിംഗം മുതലായ യാതൊന്നിന്റെ പേരിലുള്ള മഹത്വവും യഥാർത്ഥമല്ലെന്നും മഹത്വത്തിനു നിദാനം ജീവിതവിശുദ്ധിയും ധർമ്മനിഷ്ഠയുമാണെന്നുമുള്ള മഹത്തരവും വിപ്ലവകരവുമായ ആശയമാണീ വാക്യം ഉൾക്കൊള്ളുന്നത്.

22. ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ ഒരു പേർഷ്യക്കാരൻ ജൂതനായിരുന്ന അബൂഉബൈദയുടെയും മറ്റു ചിലരുടെയും നേതൃത്വത്തിൽ 'ശുഊബിയ്യ' എന്ന ഒരു സാഹിത്യ പ്രസ്ഥാനമുണ്ടായി. അറബികൾ ഇസ്ലാം മതപ്രവാചകനോ(സ)ട് പെരുമാറിയ മോശപ്പെട്ട രീതി എടുത്തുയർത്തിക്കാട്ടുക അബൂഉബൈദയുടെയും അയാളുടെ പ്രസ്ഥാനക്കാരുടെയും സ്വഭാവമായിരുന്നുവത്രെ. പ്രസ്തുത പ്രസ്ഥാനത്തെയായിരിക്കാം തലഗാനി ദേശിയതാവാദമെന്നു പറഞ്ഞതുകൊണ്ടുദ്ദേശിച്ചത്. എച്. എ. ആർ. ഗിബ്ബ്, 'സ്റ്റഡീസ് ഓൺ ദ സിവിലൈസേഷൻ ഓഫ് ഇസ്ലാമി'ൽ 'ദ സോഷ്യൽ സിഗ്നിഫിക്കെൻസ് ഓഫ് ദിശുഊബിയ്യ' എന്ന ഭാഗത്ത് ഈ പ്രസ്ഥാനത്തെക്കുറിച്ചെഴുതീട്ടുണ്ട്.

23. സ്സാനിദ്ഭരണത്തെ തകർക്കാനെത്തിയ മുസ്‌ലിം പടയാളികളെ തലസ്ഥാനത്തുപോലും ജനങ്ങൾ ഈത്തപ്പഴവും റൊട്ടിയും വിതരണം ചെയ്ത് വരവേറ്റ ചരിത്രം ഇറാൻകാർക്കിടയിൽ പ്രസിദ്ധമാണ്. കാദിസിയ്യ നഹാവന്ദ് യുദ്ധങ്ങളാണ് ഇറാനിൽ മുസ്‌ലിം ആധിപത്യത്തിനു വഴിയൊരുക്കിയത്. ഇറാൻകാർ മുഴുവൻ ഇസ്‌ലാം സ്വീകരിച്ചു.

24. ഇവിടെ ദൈവിക സന്ദേശം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന പദം 'റിസാലത്താ'ണ്. ദൈവദൂതന്റെ പദവി, സന്ദേശം, സന്ദേശവാഹകത്വം എന്നൊക്കയാണ് ഈ അറബിപദത്തിന്റെ പാരമ്പര്യ അർത്ഥം. പാരമ്പര്യ അർത്ഥമാണ് നാം നല്കിയിരിക്കുന്നത്. എന്നാൽ തലഗാനി ഈ പദത്തെ മോചനം എന്നാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. അതനുസരിച്ച് ജനങ്ങൾക്കു മോചനം നല്കലാണ് യുദ്ധത്തിന്റെ ലക്ഷ്യമെന്ന് മനസ്സിലാക്കാം. അയയ്ക്കുക എന്നർത്ഥമുള്ള 'ഇർസാൽ' എന്ന പദത്തോട് 'റിസാലത്തി'നുള്ള മൗലികബന്ധം ഭാഷാഭിജ്ഞർക്കൊക്കെ അറിയാവുന്നതാണ്.

25. ഒരു മുസ്‌ലിം രാഷ്ട്രത്തിൽ ജീവിക്കുന്ന അമുസ്‌ലിം പൗരന്മാർ ആ രാഷ്ട്രത്തിന് നല്കുന്ന നികുതിയാണ് 'ജിസ്‌യ'. ഇതിനു പകരമായി മുസ്‌ലിംകൾ മതപരമായി നല്കാൻ ബാദ്ധ്യതപ്പെട്ടിട്ടുള്ള 'സക്കാത്ത്' മുതലായ സാമ്പത്തിക ബാദ്ധ്യതകളിൽ നിന്ന് അമുസ്‌ലിം പൗരന്മാരെ ഒഴിവാക്കുന്നതാണ്. അപ്രകാരംതന്നെ, രാഷ്ട്രത്തെ രക്ഷിക്കേണ്ട പ്രതിരോധബാദ്ധ്യതയിൽ നിന്നും അവർക്ക് ഒഴിഞ്ഞുനില്ക്കാൻ അനുവാദമുണ്ടായിരിക്കും. സക്കാത്തും ജിഹാദും മതപരമായ പുണ്യകർമ്മങ്ങളായതിനാൽ ഇസ്‌ലാമിക ശാസനകൾക്കപ്പുറത്തുള്ളവർക്ക് അവ ബാധകമാക്കാവതല്ല. ദേശീയവും സംരക്ഷണപരവുമായ ബാദ്ധ്യതകളേ അവരുടെമേൽ ചുമത്താവൂ. ഇക്കാരണത്താലാണ് ഇരുവിഭാഗത്തിന്റെയും സാമ്പത്തിക ബാദ്ധ്യതകൾ ജിസ്‌യ, സക്കാത്ത് എന്നിങ്ങനെ വ്യത്യസ്തപേരുകളിൽ വ്യവഹരിക്കപ്പെടുന്നത്. മുസ്‌ലിംകളുടെ സക്കാത്ത് അല്ലാഹുവിനോടുള്ള ബാദ്ധ്യതയാണ്. ജിസ്‌യ അങ്ങനെയല്ല. അത് രാഷ്ട്രത്തോടുള്ള ബാദ്ധ്യതയേ ആകുന്നുള്ളൂ. മുസ്‌ലിംകൾ സക്കാത്തായും മറ്റു നികുതികളായും രാഷ്ട്രത്തിന് നല്കുന്ന തുകകളെ അപേക്ഷിച്ച് എത്രയോ തുച്ഛമായ ഒന്നായിരിക്കും ജിസ്‌യയായി ചുമത്തപ്പെടുന്നത്. വല്ല സാഹചര്യത്തിലും സംരക്ഷണ ബാദ്ധ്യത ഒഴിയുകയാണെങ്കിൽ ജിസ്‌യയായി പിരിച്ചെടുത്ത തുക അവർക്കു തിരിച്ചു നല്കുകയും ചെയ്യും. അമുസ്‌ലിംകൾ മുസ്‌ലിം സൈന്യത്തിൽ ചേർന്നാലും ജിസ്‌യ ഒഴിഞ്ഞുകിട്ടും. മുസ്‌ലിംകളിൽ ആർക്കെങ്കിലും സൈനിക സേവനത്തിൽ നിന്ന് തക്കതായ കാരണത്താൽ ഒഴിവാക്കിക്കൊടുക്കുന്നതാണ്. അപ്പോൾ സൈനിക സേവനത്തിനു പകരം നല്കുന്നതാണു ജിസ്‌യ എന്നു മനസ്സിലാക്കാം. ഇതാണ് വസ്തുതയെങ്കിലും പാശ്ചാത്യരും ക്രൈസ്തവ പാതിരിമാരും ഇസ്‌ലാമിന്റെ മറ്റു ശത്രുക്കളും ജിസ്‌യയെ ദുർവ്യാഖ്യാനിച്ച് ഇസ്‌ലാമിനെ ആക്ഷേപിക്കാനും അവഹേളിക്കാനുമുള്ള ഒരായുധമായി അതിനെ ദുരുപയോഗം ചെയ്യാറുണ്ട്. മുസ്‌ലിംകൾ മറ്റു മതസ്ഥരെ നിർബ്ബന്ധിച്ച് മതത്തിൽ ചേർത്തിരുന്നുവെന്നും അനുസരിക്കാത്തവർക്ക് ചുമത്തിയിരുന്ന പിഴയാണ് ജിസ്‌യ എന്നുമാണ് അവർ പ്രചരിപ്പിച്ചിട്ടുള്ളത്. ഖുർആൻ 9:20ൽ ജിസ്‌യയെക്കുറിച്ച് പരാമർശമുണ്ട്.

26. അബുൽഖാസിം നജ്മുദ്ദീൻ അൽഹില്ലി (ഹി. 602-676) 'അൽമുഹഖിഖുൽ അവ്വൽ' എന്നാണറിയപ്പെടുന്നത്. പ്രസിദ്ധനായ അല്ലാമാ ഹില്ലി (മരണം ഹിജ്റ 726) ഇദ്ദേഹത്തിന്റെ പിൻഗാമിയും ശിഷ്യനുമാണ്.

27. ജിസ്‌യ വാങ്ങുന്നതിനെക്കുറിച്ച് പരാമർശിക്കുന്ന ഖുർആൻ വാക്യം വേദക്കാരോടുള്ള യുദ്ധാഹ്വാനത്തിന്റെ തുടർച്ചയാണ്. ഹിജ്റ 9ാം വർഷത്തിലായിരുന്നു അത്. ഇതിനെത്തുടർന്നാണ് മുപ്പതിനായിരം പടയാളികളോടു കൂടി റോമക്കാരോട് യുദ്ധം ചെയ്യാനുള്ള നബി(സ)യുടെ പുറപ്പാടുണ്ടായത്. പ്രസ്തുത ഖുർആൻ വാക്യം വേദക്കാരുടെ കാര്യത്തിലാണവതരിച്ചതെന്നതിനാൽ ജിസ്‌യ വേദക്കാർക്കും അവരെപ്പോലെത്തന്നെയുള്ള അഗ്നിയാരാധകരായ മജൂസികൾക്കും മാത്രമേ ബാധകമാക്കാവൂ എന്ന അഭിപ്രായമാണ് ഇമാം ശാഫി(റ)ക്കുള്ളത്. ഇമാം അഹ്മദി(റ)ന്റെ പ്രസിദ്ധ അഭിപ്രായവും ഇതുതന്നെ. അറബേതരരാണെങ്കിൽ എല്ലാ അമുസ്‌ലിംകളിൽനിന്നും ജിസ്‌യ വാങ്ങണമെന്നും അറബികളാണെങ്കിൽ വേദക്കാരിൽനിന്നേ വാങ്ങാവൂ എന്നുമാണ് ഇമാം അബൂഹനീഫ(റ) പറയുന്നത്. വേദക്കാരെന്നോ മജൂസികളെന്നോ വിഗ്രഹാരാധകരെന്നോ വ്യത്യാസമില്ലാതെ എല്ലാ അമുസ്‌ലിംകളിൽ നിന്നും വാങ്ങണമെന്ന അഭിപ്രായക്കാരനാണ് ഇമാം മാലിക്ക്(റ). ഇക്കാര്യത്തിൽ ശിയാക്കളുടെ അഭിപ്രായം പെതുവെ ഇമാം ശാഫി(റ)യുടേതിനോട് സാദൃശ്യമുള്ളതാണ്. അതുകൊണ്ട് നാലാമത്തെ വ്യവസ്ഥ ക്രിസ്ത്യനാകളുടെ ചർച്ചകൾക്കും മജൂസികളുടെ ക്ഷേത്രങ്ങൾക്കും മാത്രമാണ് ബാധകമാവുകയെന്ന് മനസ്സിലാക്കണം. പുതുതായി കെട്ടിടങ്ങളും ആരാധനാലയങ്ങളും നിർമ്മിക്കുന്നതിൽ ഏർപ്പെടുത്തുന്ന ഈ വ്യവസ്ഥകൾക്ക് പല വിശദാംശങ്ങളുമുണ്ട്. അവ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ കാണാം. വമ്പിച്ച സാമ്രാജ്യമായിരുന്ന റോം അഹന്ത

യോടെ മുസ്ലിംകളെയും ഇസ്ലാമിനെയും നശിപ്പിക്കാൻ പടപ്പുറപ്പാട് നടത്തിയ പശ്ചാത്തലത്തിലായിരുന്നു അവർക്കെതിരിലുള്ള നടപടിയുണ്ടായത് എന്ന വസ്തുത ഓർത്തുകൊണ്ടുവേണം ഇത് മനസ്സിലാക്കാൻ. അവരെ കീഴ്പ്പെടുത്തിയാൽ പിന്നെ അവരുടെ അഹന്ത പാടെ പറിച്ചെറിയാൻ ഇത്തരത്തിലുള്ള സമീപനങ്ങൾ വേണമെന്നത് ഇതിന്റെ പിന്നിലെ രഹസ്യമായിരിക്കാം. സൗഹാർദ്ദ പൂർവ്വം മുസ്ലിംകൾ ജയിച്ചടക്കിയ ഭൂമിയിൽ ആരാധനാലയമുണ്ടാക്കരുതെന്ന മുൻ വ്യവസ്ഥയില്ലെങ്കിൽ ഉണ്ടാക്കാമെന്ന് കർമ്മശാസ്ത്രം പറയുന്നുണ്ട്. പൊളിച്ചുപോയാൽ അത്തരം ഭൂമിയിൽ അത് പുതുക്കിപ്പണിയുകയുമാവാം. അഹന്തയിലും ധിക്കാരത്തിലും മതിമറന്നു ജീവിച്ചവരും ഇസ്ലാമിനെ തകർക്കാൻ കച്ചകെട്ടിയിറങ്ങിയവരുമായ ശത്രുക്കളെ കീഴിൽനിറുത്തുകയെന്ന ഉദ്ദേശ്യമാണ് ഇത്തരം വ്യവസ്ഥകളിലുള്ളതെന്നു മനസ്സിലാക്കാൻ ഇത്തരം വ്യവസ്ഥകളുടെ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനം സഹായിക്കും. അതല്ലാതെ മതവൈരമല്ല അതിന്റെ പിന്നിലുള്ളതെന്നും. അവർ മുസ്ലിംകളുടേതിനു സമമായ കെട്ടിടങ്ങളുണ്ടാക്കരുതെന്നല്ല, മുസ്ലിംകളുടെ കെട്ടിടങ്ങളെ ചെറുതാക്കി അവരെ അപമാനിക്കുന്ന വിധത്തിലുള്ള സൗധങ്ങൾ നിർമ്മിക്കരുതെന്നേയുള്ളു. മുസ്ലിംകൾക്കും അവർക്കും തുല്യാവകാശമാണ് ഇക്കാര്യത്തിൽ ഉള്ളത്. അവർക്ക് മുസ്ലിംകളേക്കാൾ അവകാശമില്ല എന്നു സാരം.

28. മതനിയമങ്ങളിൽ അഭിജ്ഞനായ മഹദ്വ്യക്തിയായിരിക്കണം രാജ്യം ഭരിക്കേണ്ടതെന്നത് ഒരു സിദ്ധാന്തമാണ്. അതിന് 'വിലായത്തെ ഫഖീഹ്' എന്നു സാങ്കേതികമായി പറയുന്നു. വിശദവിവരത്തിന് ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ് മലയാളത്തിലിറക്കീട്ടുള്ള ആയത്തുല്ലാ ഖുമൈനിയുടെ ഇസ്ലാമിക ഗവൺമെന്റും അതിന് വിവർത്തകനെഴുതിക വിവരണക്കുറിപ്പുകളും കാണുക.

29. ഇറാനിൽ 'ബാബീ പ്രസ്ഥാന'ത്തിന്റെ തുടർച്ചയായി ബഹാവുല്ല എന്നറിയപ്പെടുന്ന മീർസാ ഹുസൈൻ അലി നൂരി (1817-1892)യാണ് ബഹായിമതം സ്ഥാപിച്ചത്. ബഹാവുല്ലയുടെ മൂത്ത പുത്രൻ അബ്ബാസ് അഫന്ദി (1844-1921) അതിന് പ്രചാരമുണ്ടാക്കി. ഇവരുടെ പുണ്യകേന്ദ്രം ഇസ്രായീലിലുള്ള 'ഹൈഫ'യാണെന്നതുതന്നെ സയോണിസവും ബഹായിസവും തമ്മിലുള്ള ബന്ധമാണു കുറിക്കുന്നത്. ഷാഭരണത്തിൽ ബഹായികൾക്കുണ്ടായിരുന്ന സ്വാധീനം വലുതായിരുന്നു.

30. 1961ൽ ജറൂശലേമിൽ നടന്ന ഇസ്ലാമിക് കോൺഫ്രൻസിൽ തലഗാനി ഒരു പ്രതിനിധിയായി സംബന്ധിച്ചിരുന്നു. അറബ്-ഇസ്രായീൽ തർക്കത്തിൽ ഷാഭരണകൂടം ഇസ്രായീലിനെ പിന്തുണച്ചുകൊണ്ടിരുന്നതിന് എമ്പാടും രേഖകൾ കോൺഫ്രൻസിൽ അനാവൃതമാവുകയുണ്ടായി. അതിലേക്കാണീ സൂചന.

31. ആയത്തുല്ലാ മുർതസാ മുതഹ്ഹരി (1919-1979) ഇറാനിലെ പ്രസിദ്ധപണ്ഡിതനം എഴുത്തുകാരനും വിപ്ലവകാരിയുമായിരുന്നു. ഇസ്ലാമിക വിപ്ലവത്തിന്റെ സൂത്രധാരകരിൽ പ്രമുഖനായിരുന്ന അദ്ദേഹം വിപ്ലവകൗൺസിൽ അദ്ധ്യക്ഷനായിരുന്നു. വിപ്ലവ ശത്രുക്കൾ അദ്ദേഹത്തെ വധിച്ചു.

32. ഖുർആനിൽ നോക്കിയാൽ ജിഹാദിന് താഴെ പറയുന്ന ലക്ഷ്യങ്ങളുള്ളതായി മനസ്സിലാക്കാം:

എ. പ്രതിരോധം: ''നിങ്ങൾ ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അങ്ങോട്ടു യുദ്ധം ചെയ്യുക'' (അൽ ബഖറ:190).

ബി. മർദ്ദനത്തിനറുതിവരുത്തലും ദൈവിക മതത്തിന്റെ ഉത്തുംഗതയും: ''മർദ്ദനം ഇല്ലാതാവുകയും മതം അല്ലാഹുവിന്റേതാവുകയും ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം ചെയ്യുക'' (അൽബഖറ:193).

സി. സ്വേഛാധിപത്യത്തെ എതിർത്തു തോൽപിക്കുക: ''നിങ്ങൾ 'കഫ്റിന്റെ' നേതാക്കൾക്കെതിരിൽ യുദ്ധം ചെയ്യുക. അവർക്കു പ്രതിജ്ഞകളില്ല. അവർ പിന്തിരിഞ്ഞേയ്ക്കാം.'' (അത്തൗബ: 12).

ഡി. ദൈവിക വ്യവസ്ഥയെ ദൃഢപ്പെടുത്തുക: ''അല്ലാഹുവിലും അന്ത്യദിവസത്തിലും വിശ്വസിക്കാത്ത, അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയത് നിഷിദ്ധമായി ഗണിക്കാത്ത, യഥാർത്ഥമതത്തെ മതമായംഗീകരിക്കാത്ത, വേദക്കാരോട് അവർ കീഴ്പ്പെട്ട് കഴിവനുസരിച്ച് കപ്പം തരുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യുക'' (അത്തൗബ: 29).

ഇ. ഭൂമിയിൽ കുഴപ്പമില്ലാതാക്കുക: ''അല്ലാഹു മനുഷ്യരിൽ ചിലരെ ചിലരെയുപയോഗിച്ച് പ്രതിരോധിക്കുന്നില്ലെങ്കിൽ ഭൂമി നശിച്ചതുതന്നെ'' (അൽബഖറ: 251).

എഫ്. ആരാധനാകേന്ദ്രങ്ങളും മത-സാംസ്ക്കാരിക ചിഹ്നങ്ങളും സംരക്ഷിക്കുക: ''അല്ലാഹു മനുഷ്യരിൽ ചിലരെക്കൊണ്ട് തടഞ്ഞില്ലെങ്കിൽ സന്ന്യാസിമഠങ്ങൾ, ചർച്ചുകൾ, ജൂതദേവാലയങ്ങൾ, മുസ്‌ലിം പള്ളികൾ എന്നിവ തകർക്കപ്പെടും'' (അൽഹജ്ജ്: 40).

ജി. സത്യം സ്ഥാപിക്കലും അസത്യത്തെ ദുർബ്ബലമാക്കലും: ''സത്യം സ്ഥാപിക്കാനും കുറ്റവാളികൾക്കരോചകമാണെങ്കിൽ പോലും അസത്യത്തെ ദുർബ്ബലമാക്കാനും'' (അൽഅൻഫാൽ: 8).

എഛ്. അക്രമത്തെ ചെറുക്കലും മർദ്ദിതരെ രക്ഷിക്കലും: ''ജനങ്ങളെ ദ്രോഹിക്കുകയും ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരെ എതിർക്കാനാണ് ന്യായമുള്ളത്'' (ആശ്ശൂറ: 42); ''മർദ്ദിതരായ സ്ത്രീ-പുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളെന്താണ് യുദ്ധം ചെയ്യാത്തത്?'' (അന്നിസാഅ്: 75). മനുഷ്യന്റെ അംഗീകൃതവും ന്യായവും പ്രകൃതിപരവുമായ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ഒറ്റവാചകത്തിൽ ഇതെല്ലാം ഒതുക്കാം.

33. ഇസ്‌ലാമിന്റെ പേരിൽ ഒന്നാമത് സ്ഥാപിതമായ രാജവാഴ്ചയാണ് ഉമയ്യദ് വംശവാഴ്ച. അതിന്റെ സ്ഥാപകനാണ് മുആവിയ്യ ഇബ്നു അബീസൂഫ്‌യാൻ. ഭരണകാലം (661-680). ഡമാസ്കസായിരുന്നു ഈ വാഴ്ചയുടെ ആസ്ഥാനം. നേരത്തെ മുആവിയ്യ സിറിയയിൽ 16 വർഷം ഉമറി(റ)ന്റെയും 12 വർഷം ഉസ്മാന്റെ(റ)യും ഗവർണറായിരുന്നിട്ടുണ്ട്. ഹസ്രത്ത് അലി(റ)മുആവിയ്യയെ ആസ്ഥാനത്തുനിന്ന് നീക്കി. മുആവിയ്യ മാറാൻ കൂട്ടാക്കിയില്ല. അലി(റ)യോട് യുദ്ധം ചെയ്യുകയാണു ചെയ്തത് (658ലെ സിഫ്ഫീൻ യുദ്ധം.) അലി(റ)യുടെ രക്തസാക്ഷ്യത്തെത്തുടർന്ന് മുആവിയ്യ മുസ്‌ലിം ലോകത്തിന്റെയാകെ കടിഞ്ഞാൺ കൈവശമാക്കി.

34. യസീദ് മുആവിയ്യയുടെ പുത്രനാണ്. ഉമയ്യദ് വാഴ്ചയിലെ രണ്ടാമത്തെ ഭരണാധികാരി. ഭരണകാലം 680-683. ഇമാം ഹുസൈൻ(റ) യസീദിന്റെ ഭരണത്തെ അംഗീകരിച്ചില്ല. അവർക്കിടയിലെ എതിർപ്പ് 680ലെ കർബലായുദ്ധത്തിലെത്തി. ഇസ്‌ലാമിക ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട സംഭവമാണ് കർബല. വംശീയ ദുർഭരണത്തിനെതിരായ സമരത്തിന്റെ അനശ്വര പ്രതീകമാണത്.

35. അബ്ദുൽ മലികുബ്നു മർവാൻ ഉമയ്യദ് വംശവാഴ്ചയിലെ അഞ്ചാമത്തെ ഭരണാധികാരി. ഭരണകാലം 685-705.

36. സുലൈമാനുബ്നു അബ്ദിൽ മാലിക് ഏഴാമത്തെ ഉമയ്യദ് ഭരണാധികാരി. ഭരണകാലം 715 -717.

37. ഉമയ്യദ് വാഴ്ചയ്ക്കു ശേഷം അബ്ബാസിദ് വാഴ്ചയായിരുന്നു. കാലം 750-1258. പ്രവാചകന്റെ(സ) പിതൃവ്യനായിരുന്ന അബ്ബാസി(റ)ന്റെ പിൻമുറക്കാരാണിവർ. ഇറാൻകാരനായിരുന്ന അബൂമുസ്‌ലിമുൽ ഖുറാസാനിയുടെ സഹായത്തോടെയാണ് അബ്ബാസികൾ അധികാരത്തിലെത്തിയത്. ഒടുവിൽ മംഗോൾ രാജാവായിരുന്ന ഹലാകൂഖാൻ അബ്ബാസികളെ പിഴുതെറിഞ്ഞു.

38. വലീദുബ്നു അബ്ദിൽമലിക് ആറാമത്തെ ഉമയ്യദ് ഭരണാധികാരി. ഭരണകാലം 705-715.

39. മുഅ്തസിമിന്റെ പുത്രനായ അൽമുതവക്കിൽ പത്താമത്തെ അബ്ബാസീ ഖലീഫ. ഭരണകാലം 847-861. ഇദ്ദേഹം തലസ്ഥാനം ബഗ്ദാദിൽ നിന്ന് ഡമാസ്കസിലേയ്ക്കുമാറ്റി.

ജുമുആ ഖുതുബകളിൽ ഖത്തീബ് ഉന്നതമതാധികാരിയുടെ നാമം എടുത്തു പറയണം. ഉമയ്യദ്-അബ്ബാസിദ് ഭരണകാലങ്ങളില്ഡ ഖലീഫയുടെ നാമമാണ് തൽസ്ഥാനത്ത് പറയേണ്ടിയിരുന്നത്. തന്നിമിത്തം അക്രമികളും മതപരമായി യാതൊരു സ്ഥാനവും കല്പിച്ചുകൊടുക്കാനർഹതയില്ലാവരുമായ രാജാക്കന്മാർക്ക് മതപരമായ മഹത്വവും നിയമസാധുത്വവും കിട്ടും. ഇക്കാരണത്താൽ ശിയാഇമാമുകൾ ജുമുഅ ബഹിഷ്കരിച്ച സംഭവം പോലുമുണ്ടായിട്ടുണ്ട്. മതപരമായ ഒരു കർമ്മത്തിന് അത്കൊണ്ടുദ്ദേശിക്കപ്പെട്ടതിന്റെ എതിർഫലമാണ് അവർ അതിൽ പങ്കെടുക്കുക മൂലമുണ്ടാകുമായിരുന്നത്.

40. മഹ്ദിയുടെ പുത്രൻ ഹാറൂൻ റശീദ് അഞ്ചാമത്തെ അബ്ബാസീ ഖലീഫ. ഭരണകാലം 787-809. മരിച്ചത് ഇറാനിലെ തൂസിൽ.

41. ഉമറുബ്നു അബ്ദുൽ അസീസ് ഇബ്നുമർവാൻ എട്ടാമത്തെ ഉമയ്യദ് ഖലീഫ. ഭരണകാലം 717 -720. ഉമർ രണ്ടാമൻ എന്നറിയപ്പെടുന്ന ഇദ്ദേഹം ഭക്തനും നീതിമാനും പണ്ഡിതനുമായിരുന്നു.

42. ശിയാക്കളുടെ നാലാമത്തെ ഇമാമാണ് ഇമാം അലിയ്യുബ്നു ഹുസൈൻ അസ്സജ്ജാദ്(റ). ജീവിതകാലം ഹിജ്റ 38-95. കർബലയെ അതിജീവിച്ച ഏക പുരുഷനാണിദ്ദേഹം. ഇദ്ദേഹത്തിന്റെ പ്രാർത്ഥനാസമാഹാരമായ 'അസ്സഹീഫത്തുസ്സജ്ജാദിയ്യ' പ്രസിദ്ധമാണ്.

43. അല്ലാഹുവും വിശ്വാസികളും തമ്മിലുള്ള കരാറിനെ ഒരു വ്യാപാരത്തോടുപമിച്ചിരിക്കുകയാണീ വാക്യത്തിൽ. അല്ലാഹു കൊള്ളുന്നവൻ, വിശ്വാസികൾ വില്ക്കുന്നവർ, വിശ്വാസികളുടെ ജീവനും സ്വത്തുമാണ് ചരക്ക്, സ്വർഗ്ഗം വില, തൗറാത്തും ഇഞ്ചീലും ഖുർആനും വ്യാപാരത്തിനു സാക്ഷികൾ.

44. ഇമാം ഹുസൈൻ (ഹി. 4-61) ഇമാം അലി(റ)യുടെയും പ്രവാചക പുത്രി ഹസ്രത്ത് ഫാത്തിമത്തുസ്സഹ്റാ(റ)യുടെയും രണ്ടാമത്തെ പുത്രനും ശിയാക്കളുടെ മൂന്നാമത്തെ ഇമാമുമാണ്.

45. പ്രസിദ്ധ ചരിത്രകാരൻ ലൂത്തിബ്നു യഹ്യ അത്തബരി ഹി. 158ൽ അന്തരിച്ചു.

46. പ്രസിദ്ധ ശിയാ ആധാരഗ്രന്ഥമായ ബിഹാറുൽ അൻവാറിന്റെ കർത്താവാണ് മജ്‌ലിസി (ഹി. 1037-1110). മുഴുവൻ പേര് മുഹമ്മദ് ബാഖിർ അൽമജ്‌ലിസി. ഇസ്ഫഹാൻ സ്വദേശി.

47. 'അൽമനാഖിബ്' കൊണ്ടുദ്ദേശിച്ചത് റശീദുദ്ദീൻ അബൂജഅഫർ മുഹമ്മദുബ്നു അലി(മരണം ഹി: 588ൽ)യുടെ അൽമനാഖിബായിരിക്കാം. വേറെയും 'അൽമനാഖിബു'കളുണ്ട്. ഉദാഹരണം ഖവാറസ്മിയുടെ അൽമനാഖിബ്.

48. ഹുർറുബ്നുയസീദ് കൂഫയിലെ ഒരു പ്രമുഖനും അശ്വസേനയുടെ തലവനുമായിരുന്നു. കർബലയിൽ ഇമാം ഹുസൈനെ(റ) എതിരിടാൻ വന്ന ഹുർറ് ഇമാമി(റ)ന്റെ സൈന്യത്തിലേയ്ക്കു മാറി അദ്ദേഹത്തോടൊപ്പം നിന്ന് ഉമയ്യദ് പടയോടു പൊരുതി രക്തസാക്ഷ്യം വരിച്ചു.

49. തബരി വാല്യം 4, പേജ് 304-5; അൽകാമിൽ വാല്യം 3, പേജ് 280.

50. ഹസ്രത്ത് അലി(റ)യുടെ ജീവിതലാളിത്യവും സൂക്ഷ്മതയും കാണിക്കുന്ന ഉദാഹരണങ്ങൾ ചരിത്രത്തിൽ എമ്പാടുമുണ്ട്. ഭാര്യ സ്വകരം കൊണ്ട് ഗോതമ്പ് പൊടുച്ചാണ് അദ്ദേഹത്തിനു റൊട്ടിയുണ്ടായിരുന്നത്. ഭക്ഷണവും വസ്ത്രവും വാങ്ങാൻ സ്വന്തം വാൾ വരെ അദ്ദേഹത്തിനു വിൽക്കേണ്ടി വന്നിട്ടുണ്ട്. കൂഫയിലെ 'വെള്ളക്കോട്ട'യിൽ അദ്ദേഹം താമസിച്ചില്ല. പകരം ഒരു ദരിദ്രകുടിലാണു തെരഞ്ഞെടുത്തത്. ഉഖ്ബത്തുബ്നു അൽഖമ(റ) ഒരിക്കൽ അലി(റ)യുടെയടുക്കൽ ചെന്നു. അദ്ദേഹത്തിന്റെ മുന്നിൽ ഒരു കോപ്പ പുളിച്ച പാലും ഒരുണക്കറൊട്ടിയും ഇരിക്കുന്നത് അൽഖമ(റ) കണ്ടു. ''അമീറുൽ മുഅ്മിനീൻ' ഇതാണോ അങ്ങ് ഭക്ഷിക്കുന്നത്?'' അൽഖമ(റ) ചോദിച്ചു. ''അബുൽ ജനൂബ്, തിരുദൂതർ ഇതിലും ഉണങ്ങിയ റൊട്ടിയാണു ഭക്ഷിച്ചിരുന്നത്, അവിടുന്ന് ഞാനുടുത്തതിലും പരുത്ത വസ്ത്രമാണു ധരിച്ചിരിക്കുന്നത്, അവിടുത്തെ ചര്യ പിന്തുടർന്നില്ലെങ്കിൽ അവിടുത്തോട് ചേരാനാവുകയില്ലെന്ന് ഞാൻ ഭയപ്പെടുന്നു''വെന്നായിരുന്നു അലി(റ)യുടെ പ്രതികരണം. അൻതറ(റ) ഒരിക്കൽ ഖവർനഖിൽ അലി(റ)യുടെയടുക്കൽ ചെന്നു. തണുത്തുവിറക്കുന്ന ശൈത്യകാലമായിരുന്നു. അലി(റ) പഴകിദ്രവിച്ച വസ്ത്രമാണു ധരിച്ചിരുന്നത്. അൻതറ(റ) ചോദിച്ചു: ''അമീറുൽമുഅ്മിനീൻ, ഈ സ്വത്തിൽ താങ്കൾക്കും കുടുംബത്തിനും ദൈവ നിശ്ചിതമായ അവകാശമുണ്ടല്ലോ. എന്നിച്ചെന്തിനാണ് അങ്ങ് സ്വന്തം ശരീരത്തെ ഇത്രമേൽ പീഡിപ്പിക്കുന്നത്?'' അലി(റ)യുടെ മറുപടി: ''അല്ലാഹുവാണേ, ഞാൻ നിങ്ങൾക്കൊരു നഷ്ടവും വരുത്തിവെക്കുന്നതല്ല. ഞാൻ മദീനയിൽ നിന്നു കൊണ്ടുവന്ന അത്ര വസ്ത്രമാണിത്.'' ഏതാണ്ടിതുപോലെതന്നെയായിരുന്നു അലി(റ)യുടെ മുൻഗാമികളായ ഖലീഫാ അബൂബക്കറി(റ)ന്റെയും ഖലീഫാ ഉമറി(റ)ന്റെയുമൊക്കെ ജീവിതം.

51. ഇസ്‌ലാം മതനിയമ ശാസ്ത്രത്തിൽ അവഗാഹം നേടുകയും വിശുദ്ധ ഖുർആനും പ്രവാചക പാരമ്പര്യങ്ങളും സൂക്ഷ്മമായി പഠിച്ച് അവയിൽനിന്ന് കാലാനുസൃതം മതവിധികൾ ഗവേഷണം ചെയ്തു കണ്ടുപിടിക്കാൻ യോഗ്യതയാർജ്ജിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയാണ് 'മുജ്തഹിദ്'. ഒരംഗീകൃത മുജ്തഹിദിനുള്ള യോഗ്യതകൾ കർമ്മശാസ്ത്രത്തിന്റെ നിദാന ഗ്രന്ഥങ്ങളിൽ എണ്ണിപ്പറയുന്നുണ്ട്.

52. യൂഫ്രട്ടീസ് നദിയുടെ തീരത്ത് സിറിയയുടെ അതിർത്തിയോട് തൊട്ട് സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ് 'സിഫ്ഫീൻ'. ഇവിടെ വെച്ച് 657ൽ ഇമാം അലി(റ)യും മുആവിയ്യയും തമ്മിൽ ഒരു യുദ്ധമുണ്ടായി. അതാണ് സിഫ്ഫീൻ യുദ്ധം. മുആവിയ്യ യുദ്ധത്തിൽ തോല്ക്കുകയാണെന്നു കണ്ടപ്പോൾ തന്റെ പട്ടാണക്കാരോട് ഖുർആൻ കുന്തത്തിൽ കുത്തിയുയർത്തി മുസ്‌ലിം ഐക്യത്തിന് അഭ്യർത്ഥിക്കാൻ കല്പിച്ചു. അലി(റ) സന്ധിക്കുതയ്യാറായി. തന്റെ അനുയായികൾ നിർബ്ബന്ധിച്ചതി

നാലാണ് അലി(റ)അതിനു തയ്യാറായത്. മുആവിയ്യയുടെ തന്ത്രമറിയാവുന്ന അലി(റ)ക്ക് അതിനൊട്ടും മനസ്സില്ലായിരുന്നു. അലി(റ)യെ രാഷ്ട്രീയമായി തോല്പിക്കലായിരുന്നു. മുആവിയ്യയുടെ തന്ത്രം.

53. ഇമാം അലി(റ), പുത്രൻ ഹസൻ(റ), സഹോദരപുത്രൻ മുസ്‌ലിം എന്നിവരോട് കൂഫക്കാർ കാണിച്ച വഞ്ചനയും ക്രൂരതയുമാണ് ഹുസൈൻ(റ) സൂചിപ്പിക്കുന്നത്. ഇമാം ഹുസൈൻ(റ) തനിക്ക് കൂഫക്കാരുടെ ക്ഷണക്കത്ത് കിട്ടിയതിനെത്തുടർന്ന് തന്റെ പ്രതിനിധിയായി അങ്ങോട്ടയച്ചതാണ് മുസ്‌ലിമുബ്നു അഖീലി(റ)നെ. പക്ഷെ, അവരദ്ദേഹത്തെ മൃഗീയമായി വധിച്ചു.

54. ഖുർആൻ 48: 10ൽ നിന്നുള്ളതാണ് ഈ ഉദ്ധരണി. വാക്യത്തിന്റെ മുഴുവൻ പരിഭാഷയിങ്ങനെയാണ്: ''നബീ, താങ്കളോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോടാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. ആരെങ്കിലും പ്രതിജ്ഞ ലംഘിച്ചാൽ തനിക്കു തന്നെ ദോഷമായിട്ടാണ് അവനത് ലംഘിക്കുന്നത്. അല്ലാഹുവോട് ചെയ്ത കരാറ് പൂർത്തിയാക്കുന്നവർക്ക് അവൻ മഹത്തായ പ്രതിഫലം നല്കുന്നതാണ്.'' ഹിജ്റ 6ാം വർഷം ഹുദൈബിയ്യയിലെ ഒരു മരത്തിന്റെ ചുവട്ടിൽ വെച്ച് പ്രവാചകനോ(സ)ട് അനുയായികൾ ചരിത്ര പ്രസിദ്ധമായ ഒരു പ്രതിജ്ഞയെടുക്കുകയുണ്ടായി. ഇത് 'ബൈഅത്തുറിള്‌വാൻ' (റിള്‌വാൻ പ്രതിജ്ഞ) എന്നറിയപ്പെടുന്നു. ഉദ്ധൃത ഖുർആൻ വാക്യത്തിലെ സൂചന പ്രസ്തുത പ്രതിജ്ഞയിലേക്കാണ്. പ്രവാചകനെ(സ) ഒരു സാഹചര്യത്തിലും വിട്ടുപോവുകയില്ലെന്നും അവിടുത്തെ നിർദ്ദേശാനുസരണം മരിക്കാൻ ഒരുക്കമാണെന്നുമായിരുന്നു പ്രതിജ്ഞയുടെ ഉള്ളടക്കം. പ്രവാചകനോ(സ)ടുള്ള പ്രതിജ്ഞ അല്ലാഹുവോടുള്ള പ്രതിജ്ഞയാണെന്നു പറഞ്ഞത് ശ്രദ്ധേയമാണ്. ഇമാം(റ) പ്രവാചകന്റെ(സ) ഉത്തരാധികാരിയായതിനാൽ അദ്ദേഹത്തോടുള്ള പ്രതിജ്ഞ പ്രവാചകനോടുള്ള പ്രതിജ്ഞയും അതുവഴി അല്ലാഹുവോടുള്ള പ്രതിജ്ഞയുമാണെന്ന അർത്ഥത്തിലാണ് ഇമാം(റ) ഈ വാക്യം ഉദ്ധരിച്ചത്.

55. മുഹമ്മദ് ബാഖിർ മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാർ' നൂറിലധികം വാല്യം വരുന്ന ഒരു ശിയാ മഹാവിജ്ഞാനകോശമാണ്.

56. കർബലായുദ്ധം നടക്കുമ്പോൾ ഇറാഖിൽ യസീദിന്റെ ഗവർണറായിരുന്നു ഉബൈദുല്ലാഹിബ്നു സിയാദ്.

57. സുലൈമാനു സുറദ്ഖുസായീ കൂഫായിലെ ഒരുപ്രമുഖ ശിയാനേതാവായിരുന്നു. ഹിജ്റ 65ൽ ഹുസൈന്റെ(റ) രക്തത്തിന് പ്രതികാരം ചെയ്യാൻ ശ്രമിക്കുന്നതിനിടയിൽ അദ്ദേഹം കൊല്ലപ്പെടുകയാണുണ്ടായത്. മുസയ്യിബുബ്നു നജാബ, റിബാഅ ഇബ്നു ശദ്ദാദ് അൽബജലി, അബ്ദുല്ലാഹിബ്നു വാലിൽ എന്നിവരും കൂഫയിലെ ശിയാനേതാക്കളായിരുന്നു. ഇവരെല്ലാം കൂടി ഹുസൈന്( അ) കത്തയച്ചിരുന്നു. അതിനെക്കുറിച്ചാണ് ഹുസൈൻ(അ) സൂചിപ്പിക്കുന്നത്. കത്തിന്റെ രൂപം ശൈഖ് മുഫീദ് 'കിതാബുൽ ഇർശാദി'ൽ കൊടുത്തിട്ടുണ്ട്. അതിപ്രകാരമാണ്:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ഹുസൈനുബ്നു അലി(അ)ക്ക്, സുലൈമാനുബ്നു സുറദ്, മുസയ്യിബുബ്നു നജാബ, റിഫാഅ ഇബ്നു ശദ്ദാദ് അൽബജലി, ഹബീബുബ്നു മുസാഹിർ എന്നിവരും കൂഫയിലെ മറ്റു വിശ്വാസികളായ ശിയാ മുസ്‌ലിംകളും കൂടി എഴുതുന്നത്.

സലാം! ഏകാനായ അല്ലാഹുവിന് സ്തുതി! അവൻ അങ്ങയുടെ ശത്രുവിനെ തകർത്തിരിക്കുന്നു: സമൂഹത്തിലേയ്ക്കു സമ്മതമില്ലാതെ ഇഴഞ്ഞുകടക്കുകയും അങ്ങനെ അതിന്റെ അധികാരം അപഹരിക്കുകയും പൊതുമുതൽ കവർന്നെടുക്കുകയും നിയന്ത്രണം പിടിച്ചടക്കുകയും ചെയ്ത മർക്കടമുഷ്ടിക്കാരനായ സ്വേഛാധിപതിയെ; സമൂഹത്തിലെ നല്ലവരെ കൊല്ലുകയും ദുഷ്ടന്മാരെ നില നിർത്തുകയും അല്ലാഹുവിന്റെ സ്വത്ത് ദുഷ്ടന്മാർക്കും സമ്പന്നർക്കും വീതിച്ചുകൊടുക്കുകയും ചെയ്തവനെ. സമൂദിനെപ്പോലെ അവൻ നശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഞങ്ങൾക്ക് ഇമാമില്ല. അങ്ങ് വരിക. അങ്ങയിലൂടെ അല്ലാഹു ഞങ്ങളെ സത്യത്തിൽ ഒന്നിപ്പിച്ചേയ്ക്കും. നുഅ്മാനുബ്നു ബശീറാണിപ്പോൾ ഗവർണറുടെ കൊട്ടാരത്തിൽ. പള്ളിയിൽ ജുമുഅക്കോ പള്ളിക്ക് പുറത്ത് മറ്റു ചടങ്ങുകളിലോ ഞങ്ങൾ അയാളുടെ കൂടെ കൂടാറില്ല. അങ്ങ് വരുമെന്നറിഞ്ഞാൽ ഞങ്ങൾ അയാളെ സിറിയവരെ തുരത്തും- അല്ലാഹു തുണക്കുമെങ്കിൽ!''

58. 'ശഹീദ്' അറബി പദമാണ്. സാക്ഷി എന്നർത്ഥം. രക്തസാക്ഷി എന്ന അർത്ഥത്തിൽ സാങ്കേതികമായി ഉപയോഗിക്കുന്നു. 'ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്' മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ അലി ശരീഅത്തിയുടെ 'രക്തസാക്ഷ്യ'ത്തിൽ കൂടുതൽ വിവരമുണ്ട്.

59. 'ഫനാഫില്ലാഹ്' ഒരു സൂഫീസംജ്ഞയാകുന്നു. മനുഷ്യന്റെ മൃഗീയബോധം പൂർണ്ണായും കീഴടങ്ങി അവന്റെ സ്വത്വബോധം അല്ലാഹുവിൽ വിലയിക്കുന്ന അവസ്ഥയാണിത്. ഈയവസ്ഥയിൽ അവൻ ആശകൾക്കും അഭിലാഷങ്ങൾക്കും അതീതനായിരിക്കുമത്രെ. ചില സൂഫികൾ ആദ്ധ്യാത്മികതയുടെ അന്ത്യഘട്ടമാണു 'ഫനാ'യെന്നവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ ജുനൈദിനെ(റ)നെപ്പോലുള്ളവർ അതിനപ്പുറവും ആദ്ധ്യാത്മിക വളർച്ചയുണ്ടെന്നഭിപ്രായപ്പെടുന്നു. സൂഫിയുടെ ഫനായും ബുദ്ധമതത്തിലെ നിർവ്വാണവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ നിക്കൾസൻ 'ദ മിസ്റ്റിക്സ് ഓഫ് ഇസ്‌ലാമി'ൽ ചർച്ച ചെയ്തിട്ടുണ്ട്.

60. 'ഖാൻഗാഹ്' പേർഷ്യൻ പദമാണ്. അർത്ഥം ആശ്രമം. സൂഫിയുടെ കേന്ദ്രമാണ് ഖാൻഗാഹ്. അവിടെനിന്ന് സൂഫി ശാരീരികവും ആത്മീയവുമായ വളർച്ചയും പരിപോഷണവും നേടുന്നു. ഭോജനശാലയെന്നാണു ഇപ്പദത്തിന്റെ മൂലാർത്ഥം.

61. സൂഫി ആത്മീയമായി അനുഭവിക്കുന്ന പരമസത്യത്തിലുള്ള വിലയനാനുഭൂതി ജീവിതത്തിൽ കർമ്മത്തിലൂടെയും യുദ്ധക്കളത്തിൽ സ്വജീവൻ ത്യജിച്ചും അനുഭവിക്കുകയാണ് ശഹീദ്. പരമസത്യത്തോടും നേരിട്ടു ബന്ധം പുലർത്തുന്ന ശഹീദ് അതുമായി ചേരാൻ ശരീരത്തെ ത്യജിക്കുന്നു. സൂഫി ശരീരത്തിനു നേരെ അലംഭാവം കാണിക്കുന്നേയുള്ളു. അക്ഷരാർത്ഥത്തിൽത്തന്നെ ത്യജിക്കുന്നില്ല. ഭൂമിയിൽ ജീവനോടെയിരിക്കുന്ന ശരീരത്തിലിരുന്ന് ദൈവത്തിനും ഭൗതികലോകത്തിനുമിടയിലുള്ള മറ ഭേദിക്കുകയാണ് സൂഫി ചെയ്യുന്നത്. ശഹീദ് ആ ശരീരത്തെത്തന്നെ ത്യജിച്ച് ദൈവത്തോടു ചേരുന്നു. സൂഫി ജനങ്ങളെ വെടിയുന്നു. ശഹീദ് ജനങ്ങൾക്കുവേണ്ടി സ്വശരീരത്തെ വെടിയുന്നു. എന്നാൽ രാഷ്ട്രീയവും സാമൂഹികവുമായി സജീവതനേടാൻ കൂടി ആത്മീയശിക്ഷണം ഉപയോഗപ്പെടുത്തുന്ന സൂഫി പ്രസ്ഥാനങ്ങളുമുണ്ട്. സുഡാൻ, മദ്ധ്യേഷ്യൻ റിപ്പബ്ലിക്കുകൾ, അഫ്ഗാനിസ്താൻ എന്നിവിടങ്ങളിലുണ്ടായിട്ടുള്ള സൂഫീ പ്രസ്ഥാനങ്ങൾ ഉദാഹരണം. ഇറാനിലെ ഇമാം ഖുമൈനിയുടെ വിപ്ലവപ്രസ്ഥാനത്തിൽ സൂഫിസത്തിന്റെയും രാഷ്ട്രീയ-സാമൂഹികതകളുടെയും വശങ്ങൾ പൊരുത്തത്തോടുകൂടി സമ്മേളിച്ചിരിക്കുന്നു. തലഗാനി പ്രസ്തുത വിപ്ലവത്തിന്റെ പ്രതിനിധിയാണ്. അതുകൊണ്ട് സൂഫിസത്തെ സാമൂഹികാടിസ്ഥാനത്തിൽ വിലയിരുത്താനേ അദ്ദേഹത്തിനു കഴിയൂ. ശഹീദ് എന്ന പദത്തിന് അനുഭവിച്ചവൻ എന്നും അർത്ഥമുണ്ട്. പരമസത്യത്തെ ശഹീദ് അനുഭവിക്കുന്നതിനാലാണ് ഈ അർത്ഥം അതുൾക്കൊണ്ടത്.

62. അക്ഷരേഖ എന്നർത്ഥമുള്ള അറബിപദമാണ് 'ഖുത്ബ്'. സൂഫിസത്തിന്റെ പദശ്രേണിയിൽ ഖുത്ബ് ഒരു പ്രത്യേക സ്ഥാനത്തിനാണുപയോഗിക്കുന്നത്. ഖുത്ബ് പുണ്യപുരുഷനാണ്. അദ്ദേഹം സ്വശിഷ്യഗണത്തിന്റെ അക്ഷരേഖയാണ്. അവരുടെ കാര്യങ്ങൾ അദ്ദേഹത്തെ കേന്ദ്രീകരിച്ച് കറങ്ങുന്നു. അവരുടെ ആത്മീയ ജീവിതത്തിൽ അദ്ദേഹത്തിനു സ്ഥാനമുണ്ട്. ഒരു കാലഘട്ടത്തിലെ ഏറ്റവും പ്രമുഖനായ സൂഫിയാണ് ആ കാലഘട്ടത്തിന്റെ ഖുത്ബ്.

63. ഖുർആനിലെ ആദ്യ 'സൂറ'യായ 'അൽഹംദു'വിന്റെ ഒടുവിലെ വാക്യങ്ങളാണ് ഈ പ്രാർത്ഥന.

64. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരായ നബിമാർ, സിദ്ദീഖുകൾ, ശഹീദുകൾ, സാലിഹുകൾ എന്നീ നാലുവിഭാഗത്തിന്റെ കൂടെയായിരിക്കുമെന്നാണ് ഈ വാക്യം പഠിപ്പിക്കുന്നത്. ഈ വിഭാഗത്തിൽ ഏതെങ്കിലുമൊന്നായിത്തീരുമെന്നല്ല. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്തിനു പാത്രീഭൂതരായ സവിശേഷ വിഭാഗങ്ങളാണവർ. അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുവെന്നതു കൊണ്ടു മാത്രം ഒരാൾക്ക് പ്രസ്തുത വിഭാഗങ്ങളിൽ ഏതിലെങ്കിലും ഉൾപ്പെടാനാവില്ല. അവരുടെ കൂട്ടുകെട്ട് ലഭിക്കുമെന്നേയുള്ളൂ. നബിമാർ ദൈവിക വെളിപാടു ലഭിക്കുന്നവരും അദൃശ്യ വൃത്താന്തം വശമുള്ളവരുമായ സവിശേഷ വിഭാഗമാണ്. സിദ്ദീഖുകൾ സത്യത്തിന്റെ മൂർത്തീമൽ ഭാവങ്ങളാണ്. ശഹീദുകൾ സത്യം അനുഭവിക്കുന്നവരും അതിന് സാക്ഷ്യം വഹിക്കുന്നവരും സർവ്വം അതിനായി ത്യജിക്കുന്നവരുമാണ്. സാലിഹുകൾ ആത്മീയമായി അനാരോഗ്യവും ബലഹീനതയും ബാധിക്കാത്ത ഒരു സവിശേഷ വിഭാഗമാണ്.

65. കർബലായുദ്ധത്തിൽ പങ്കെടുത്ത ഇമാം ഹുസൈനും(റ) എഴുപത്തിരണ്ടാളും ചേർന്നുള്ള സംഘത്തെയാണ് സൂചിപ്പിക്കുന്നത്.

66. ഇറാനിൽ മൗലവിയെന്നും പുറത്ത് റൂമിയെന്നും പ്രസിദ്ധനായ ജലാലുദ്ദീൻ മുഹമ്മദ് അൽബൽഖി (1207-1273)യുടെതാണ് ഈ വരികൾ. അദ്ദേഹം ഒരു സൂഫികവിയും വിശ്വപ്രശസ്ത കാവ്യമായ 'മസ്നവി'യുടെ കർത്താവുമാണ്. മസ്നവിയിലുള്ളതാണ് മേലുദ്ധരിച്ച വരികൾ.

67. അറബിമാസം മുഹർറം പത്താണ് 'അശുറ'. അന്നാണ് ഇമാം ഹുസൈനും കൂട്ടുകാരും കർബ ലയിൽ രക്തസാക്ഷ്യം വരിച്ചത്. ഈ ദിനം ശിയാക്കൾ ദുഃഖദിനമായാചരിക്കുന്നു.

68. കൂഫയിൽ വലിയ സ്വാധീനമുണ്ടായിരുന്ന ബജൽ ഗോത്രത്തിന്റെ തലവനായിരുന്നു സുഹൈർ. ഇദ്ദേഹം പല യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ഉസ്മാന്റെ (റ) രക്തത്തിന് പ്രതികാരം ചെയ്യണമെന്ന് ശക്തിയായി വാദിച്ചിരുന്നയാളാണിദ്ദേഹം. ഹജ്ജ് കഴിഞ്ഞ് മടങ്ങവെ വഴിക്ക് സാറൂദിൻ വെച്ചാണ് ഇദ്ദേഹം ഹുസൈനെ(റ) കണ്ടത്. പെട്ടെന്ന് അദ്ദേഹം ഹുസൈന്റെ(റ) കൂടെ ചേർന്നു.

69. ഹസ്രത്ത് ഉസ്മാൻ(റ) പ്രവാചകന്റെ(റ) ശേഷം മൂന്നാം ഖലീഫയായിരുന്നു. ഭരണകാലം 644 -656. ഇദ്ദേഹം ഉമയ്യദ് വംശജനാണ്. ഉസ്മാൻ(റ) സർക്കാർ പദവികളിൽ ബന്ധുക്കൾക്ക് കണ്ടമാനം സ്ഥാനം നല്കി. മുആവിയ്യക്ക് സ്ഥാനമുറപ്പിക്കാൻ അവസരം കൊടുക്കുകയും ചെയ്തു. എങ്കിലും സ്വന്തം രക്ഷയ്ക്കുവേണ്ടി ഒരു അംഗരക്ഷകനെ അദ്ദേഹം വെച്ചിരുന്നില്ല. ഉസ്മാന്റെ(റ) ഭരണത്തിൽ അതൃപ്തിപൂണ്ട ചില ഈജിപ്തുകാരാണ് അദ്ദേഹത്തെ വീട്ടിൽ കടന്നു വധിച്ചത്.

70. ശഹീദ് സത്യം അനുഭവിക്കുകയും ദൈവ സാന്നിദ്ധ്യം അകക്കണ്ണാൽ കാണുകയും ചെയ്യുന്ന തിനാൽ പടവെട്ടി വീഴുന്നതിനു മുമ്പേ ശഹീദാണ്. അഥവാ സത്യത്തിനു സാക്ഷിയാണ്. ആത്മീയ മൂല്യങ്ങൾ അദ്ദേഹത്തിന് സങ്കല്പങ്ങളോ സാക്ഷാല്ക്കരിക്കപ്പെടാനിരിക്കുന്ന മോഹങ്ങളോ അല്ല, സ്പഷ്ടസത്യങ്ങളാണ്.

71. ചരിത്രത്തിൽ സുഹൈറിന്റെ ഭാര്യയുടെ പേർ 'ദൽസംബിന്തു അംറു' വെന്നാണ് കാണുന്നത്.

72. തലഗാനി ഈ പ്രഭാഷണം ചെയ്ത ഘട്ടത്തിൽ ആൾജീരിയൻ വിപ്ലവം പുരോഗതി പ്രാപിച്ചു നില്ക്കുകയായിരുന്നു. ഈ വിവർത്തനം പുറത്തിറക്കുമ്പോൾ ആൾജീരിയയിൽ ഇസ്ലാമിക സംരം ഭങ്ങൾ ശക്തിപ്രാപിച്ചതിനെത്തുടർന്ന് ശക്തമായ അടിച്ചമർത്തലുകളെ നേരിടുകയാണ്.